# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പയ്യന്നൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
**670001**

ഇ-മെയിൽ: **doknr.ksad@kerala.gov.in**
ഫോൺ : **0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 15/124/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/03/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പയ്യന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ **2022-2023** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(എയിംസിൽ)
ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)

ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 15/124/2024 തീയ്യതി: 13/03/2024

# കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-04-2023 മുതൽ 03-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-03-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.പി | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ | 04-01-2024 | 19-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-01-2024 | 19-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സുരേഷ് ബാബു കെ.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. മനോജ് കുമാർ ടി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ധന്യ എം.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. പ്രമോദ്. കെ, ഓഡിറ്റർ
ശ്രീ. ദേവാനന്ദ്. ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലളിത.കെ.വി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.ഗിരീഷ്.എം.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി.കെ | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സുനീഷ്.കെ | കൃഷി ഓഫീസർ | 01-04-2022 | 02-08-2022 |
| ശ്രീമതി.രസ്ന കെ.പി | കൃഷി ഓഫീസർ | 03-08-2022 | 09-08-2022 |
| ശ്രീമതി.ഷീന കെ.പി | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ശ്രീമതി.ചിത്രലേഖ.എ,പി | ഐ സി ഡി എസ് സൂപ്പർവൈസർ(വനിതാ ശിശു വികസനം) | 01-04-2022 | 31-03-2023 |
| ശ്രീമതി.വിഭ.വി | ഐ സി ഡി എസ് സൂപ്പർവൈസർ (സാമൂഹ്യ നീതി) | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീത എൻ.വി | പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രീത എൻ.വി | മെമ്പർ സെക്രട്ടറി സി.ഡി.എസ് | 01-04-2022 | 31-03-2023 |
| ഡോ.സന്തോഷ് കുമാർ.കെ .വി | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.രാജേഷ്.എം | സൂപ്രണ്ട്,ഗവ.താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 29-09-2022 |
| ഡോ. സി.കെ ജീവൻലാൽ | സൂപ്രണ്ട്,ഗവ.താലൂക്ക് ഹോസ്പിറ്റൽ | 30-09-2022 | 31-03-2023 |
| ഡോ.ഷീബ.യു.ആർ | മെഡിക്കൽഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേണുക.എം | ഹെഡ് മിസ്ട്രസ്സ് ,ജി എൽ പി സ്കൂൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.വസുമതി കെ.കെ | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.രാജേഷ് ടി.ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-01-2023 |
| ശ്രീ.പ്രഭാഷ് ലാൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-02-2023 | 31-03-2023 |
| ശ്രീ.സുരേഷ് കുമാർ ഡി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 01-04-2022 | 31-03-2023 |
| ശ്രീ.വിനോദ് ടി.വി | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ | 01-04-2022 | 17-07-2022 |
| ശ്രീ.അജയ് കുമാർ എം.കെ | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ | 18-07-2022 | 14-02-2023 |
| ശ്രീ.നാരായണൻ പുതിയവീട്ടിൽ | ഹെഡ് മാസ്റ്റർ, ഗവ.ഹൈസ്കൂൾ | 15-02-2023 | 31-03-2023 |
| ഡോ. മിനി. എം.ആർ | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 01-04-2022 | 23-08-2022 |
| ഡോ. രാഖി ടി.പി | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 24-08-2022 | 12-01-2023 |
| ഡോ. ബീനാകുമാരി എസ് | മെഡിക്കൽഓഫീസർ, ആയുർവ്വേദം | 13-01-2023 | 31-03-2023 |
| ശ്രീ.രമേശൻ വി.വി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീ.ശ്രീകാന്ത് ടി.വി | വ്യവസായ വികസന ഓഫീസർ | 01-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വികസന ഫണ്ട് പൊതു വിഭാഗം ചെലവ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ അവാർഡ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബി18 ഷെഡ്യൂൾ-അപാകങ്ങൾ | 1-1-5 |
| 7 | ബി4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-6 |
| 8 | അനുപാതങ്ങൾ, താരതമ്യ തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | IHSDP അക്കൗണ്ട് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വാർഷിക റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | കൗൺസിൽ അംഗങ്ങളുടെ ഹോണറേറിയം ബാധ്യതയായി രേഖപ്പെടുത്തിയില്ല | 1-1-10 |
| 12 | അൺക്യാഷ്ഡ് ചെക്കുകൾ, ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്യാഷ് ചെയ്യൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 1-1-11 |
| 13 | കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-13 |
| 15 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | വാർഡ് സഭ | 1-11 |

| | | |
|---|---|---|
| 26 | വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു. | 1-12 |
| 27 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 28 | തൊഴിൽ നികുതി - ഡിമാൻഡ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും വീഴ്ച | 1-14 |
| 29 | വിനോദനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ -നഗരസഭയ്ക്ക് 1,89,935/-രൂപ നഷ്ടം | 1-15 |
| 30 | സിനിമാ തിയേറ്ററുകൾ ,മൊബൈൽ ടവറുകൾ മുതലായവ IFTEOS ലൈസൻസ് എടുത്തിട്ടില്ല | 1-16 |
| 31 | പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സ് - മുറികളുടെ വാടകയിനത്തിൽ 1,38,774/- രൂപയുടെ കുടിശ്ശിക | 1-17 |
| 32 | പെരുമ്പ ഫിഷ് മാർക്കറ്റ് ലേലം-ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച മൂലം 2,40,130/- രൂപയുടെ റവന്യൂനഷ്ടം | 1-18 |
| 33 | ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച - 31,890 രൂപയുടെ റവന്യൂ നഷ്ടം | 1-19 |
| 34 | കരാർ ചമക്കാത്തതിനാൽ വാടക കുടിശ്ശിക തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല | 1-20 |
| 35 | തനത് വരുമാനം- പൊതു അവലോകനം | 1-21 |
| 36 | മഴക്കാല പൂർവ ശുചീകരണം- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ചെലവ് തുക ₹8,80,000 ഓഡിറ്റിൽ തടസപ്പെടുത്തുന്നു. | 1-22 |
| 37 | മുട്ടത്ത് കടവ് തോട് വൃത്തിയാക്കിയതിന്റെ ചെലവുകൾ- രേഖകൾ ലഭ്യമല്ല. 40250 രൂപ തടസപ്പെടുത്തുന്നു. | 1-23 |
| 38 | കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയതിൽ അപാകങ്ങൾ | 1-24 |
| 39 | സെക്രട്ടറിയുടെ ശമ്പളം, പെൻഷൻ അംശദാനം ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-25 |
| 40 | നോൺ പ്ലാൻ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല. 728036 രൂപ തടസപ്പെടുത്തുന്നു. | 1-26 |
| 41 | പെൻഷൻ ഫണ്ട് അവലോകനം | 1-27 |
| 42 | നിക്ഷേപ പ്രവർത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക 8990247 രൂപ തടസപ്പെടുത്തുന്നു. | 1-28 |
| 43 | എസ്.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അപാകങ്ങൾ. 25000 രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 44 | എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ വിതരണം- അപാകങ്ങൾ. 8700 രൂപ തടസപ്പെടുത്തുന്നു. | 1-30 |
| 45 | പൊതുമരാമത്ത് പ്രവൃത്തികൾ-ലെറ്റർ ഓഫ് ആക്സ്പറ്റൻസ് (LOA) പ്രകാരം കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല. 117091/- രൂപയുടെ നഷ്ടം. | 1-31 |
| 46 | 52 കോടി രൂപ ചെലവഴിച്ച നിർമ്മിച്ച പയ്യന്നൂർ കുടിവെള്ള പദ്ധതി | 1-32 |

| | | |
|---|---|---|
| | നിഷ്ക്രിയമായി കിടക്കുന്നു. തുടർനടപടികളിൽ കാര്യക്ഷമതയില്ല | |
| 47 | കോറോം അംബേദ്കർ ജൈവഗ്രാമം കാട് മൂടി കിടക്കുന്നു. ലക്ഷക്കണക്കിന് രൂപയുടെ ആസ്തികൾ നശിച്ചുപോകുന്നു. | 1-33 |
| 48 | ആധുനിക രീതിയിലുള്ള തീയ്യേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി കെ.എസ്.എഫ്.ഡി.സി ക്ക് നൽകിയ സ്ഥലത്തിന്റെ പാട്ടത്തുക ലഭിച്ചില്ല. | 1-34 |
| 49 | മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക-അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-35 |
| 50 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്, ഗുണനിലവാര പരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-36 |
| 51 | വാർഡുകളിലേക്ക് റിംഗ് കമ്പോസ്റ്റ് -പദ്ധതി - ₹ 198000 തടസ്സപ്പെടുത്തുന്നു | 1-37 |
| 52 | നാരങ്ങാത്തോട് മാലിന്യ സംസ്കരണ പ്ലാന്റ് -രേഖകൾ ഹാജരാക്കിയിട്ടില്ല 480000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-38 |
| 53 | ഫിഷ് മാർക്കറ്റിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹3200000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 54 | പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത്-മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല-₹ 495000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 55 | ഫയലുകൾ ഹാജരാക്കിയിട്ടില്ല-₹ 660045 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 56 | സ്കൂളുകളിൽ ദോരംഗ് ബിന്നുകൾ സ്ഥാപിക്കൽ-വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 33864 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 57 | ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ്-രേഖകളുടെ അഭാവത്തിൽ ₹ 1200000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 58 | ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ നിന്ന്-ജി.എസ്.ടി ടി.ഡി .എസ് ഈടാക്കേണ്ടതാണ്. | 1-44 |
| 59 | വനിതാ വ്യായാമ കേന്ദ്രത്തിന് വ്യായാമ ഉപകരണങ്ങൾ-₹226778 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-45 |
| 60 | വിധവകൾക്ക് ഭവന റിപ്പയർ മൂല്യനിർണ്ണയം നടത്തിയ രേഖകളുടെ അഭാവത്തിൽ -₹50000 ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 61 | കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് -രേഖകൾ ഹാജരാക്കിയിട്ടില്ല-₹203920ചെലവ് തടസ്സപ്പെടുത്തുന്നു. | 1-47 |
| 62 | ബാലസഭാ ശാക്തീകരണം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ₹ 77660 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-48 |
| 63 | പി എം എ വൈ ലൈഫ് പദ്ധതി വിഹിതം വിതരണം ചെയ്തതിലെ അപാകങ്ങൾ. | 1-49 |
| 64 | എ.ബി.സി.പ്രോഗ്രാം നഗരസഭാ വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് - 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു | 1-50 |
| 65 | കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്കുള്ള സഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-51 |

| | | |
|---|---|---|
| 66 | അങ്കണവാടി പോഷകാഹാര വിതരണം,വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ് -ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തിട്ടില്ല | 1-52 |
| 67 | സ്ത്രീ പദവി പഠനം ശാക്തീകരണം ബോധവൽക്കരണം - തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹14757 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-53 |
| 68 | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-158542രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-54 |
| 69 | മുറ്റത്തൊരു മീൻതോട്ടം -പദ്ധതി അപാകങ്ങൾ - | 1-55 |
| 70 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യഭ്യാസ ജില്ല -പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-56 |
| 71 | ഗവ.ബോയ്സ് സ്കൂളിലെ മാത്തമാറ്റിക്സ് ലാബിലേക്ക് കമ്പ്യൂട്ടർ - പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടില്ല. | 1-57 |
| 72 | പ്രൈമറി വിദ്യാലയങ്ങൾക്ക് പ്രഭാതഭക്ഷണം- കരാറുകാരന് തുക നൽകുന്നതിന് പകരം ഹെഡ് മാസ്റ്ററുടെ അക്കൗണ്ടിൽ തുക നൽകിയതിലെ അപാകം | 1-58 |
| 73 | ഗ്രന്ഥാലയങ്ങൾക്ക് ആനുകാലികങ്ങൾ – തുക അനുവദിച്ചതിലെ അപാകം | 1-59 |
| 74 | ഗവ.താലൂക്ക് ആശുപത്രി പയ്യന്നൂർ -ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്. | 1-60 |
| 75 | ലെറ്റർ ഓഫ് ആക്സ്പറ്റൻസ് (LOA) പ്രകാരമുള്ള ഇൻഷ്വറൻസ് കവറേജ് എടുത്തിട്ടില്ലാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.8415/- രൂപയുടെ നഷ്ടം. | 1-61 |
| 76 | പയ്യന്നൂർ ഫുട്ബാൾ സ്റ്റേഡിയം ആൻഡ് മുനിസിപ്പൽ സ്റ്റേഡിയം-പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ-കിഫ്ബിക്ക് അനുവദിച്ച 62 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-62 |
| | ഭാഗം **2** | |
| 1 | പെരുമ്പ ഫിഷ് മാർക്കറ്റ് ലേലം-ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച മൂലം 2,40,130/- രൂപയുടെ റവന്യൂനഷ്ടം | 2-1 |
| 2 | വിനോദനികുതി -നഗരസഭയ്ക്ക് 1,89,935/-രൂപ നഷ്ടം | 2-2 |
| 3 | ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച - 31,890 രൂപയുടെ റവന്യൂ നഷ്ടം | 2-3 |
| | ഭാഗം **3** | |
| 1 | ലെറ്റർ ഓഫ് ആക്സ്പറ്റൻസ് (LOA) പ്രകാരമുള്ള ഇൻഷ്വറൻസ് കവറേജ് എടുത്തിട്ടില്ലാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.8415/- രൂപയുടെ നഷ്ടം. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റക്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 വികസന ഫണ്ട് പൊതു വിഭാഗം ചെലവ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിൽ ഐ6 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (₹77342275) സുലേഖ പദ്ധതി ചെലവ് പത്രിക പ്രകാരമുള്ള തുകയും (₹81090205) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുകയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I). പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.7.2023 തീയതിയിലെ 2/2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 21-07-2023 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ യുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തീക നിലയുടെയും സത്യസന്ധവും

ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
13-03-2024.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി നഗരസഭയുടെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-3 വാർഷിക ധനകാര്യപത്രികയിലെ വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2022-23 ലെ വസ്തു നികുതിയുടെ തൻ വർഷ ഡിമാൻഡ് (I-1) ₹52972332 ആണ്. ഈ തുകയിൽ നിന്ന് റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ (RP 37) തൻ വർഷ വരവ് തുകയായ ₹38349837 കുറയ്ക്കുമ്പോൾ കിട്ടുന്ന തുക ബി 15 ഷെഡ്യൂളിലെ ബാലൻസ് തുകയുമായി (₹9806829) പൊരുത്തപ്പെടുന്നില്ല.

## 1-1-4 ധനകാര്യ കമ്മീഷൻ അവാർഡ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ ഐ-6 ഷെഡ്യൂൾ പ്രകാരമുള്ള തുക ₹ 15688289 ( 14018830+ 1669459 ) ആണ്. എ.സി. ആർ പ്രകാരമുള്ള ആകെ ചെലവ് ₹ 379196301 യും (355601118 + 23595183) പദ്ധതി ചെലവ് പത്രിക പ്രകാരമുള്ള ആകെ ₹57820386 യും ആണ്. പ്രോജക്ട് നമ്പർ 201/23 (ക്ഷീരോല്പാദക ബോണസ്) ഇനത്തിൽ ₹1334915 (268189+261243+79306+255526++257483+84456+128712) അൺ ടൈഡിന്റെ എ.സി.ആറിൽ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതി ചെലവ് പത്രികയിൽ ഈയിനത്തിൽ ചെലവൊന്നും നടന്നതായി കാണുന്നില്ല. ബി4 ഷെഡ്യൂൾ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള നീക്കിയിരിപ്പ് ₹92942718 (55828688+37114030) ആണ്. എന്നാൽ ബി17ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ₹18399621 ആണ്. വ്യത്യാസങ്ങളുടെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. ധനകാര്യ കമ്മീഷൻ അവാർഡിന്റെ മുന്നിരിപ്പ്, വരവ് , ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ബാങ്ക്, ട്രഷറി വേർതിരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-1-5 ബി18 ഷെഡ്യൂൾ-അപാകങ്ങൾ

2022-23 വർഷത്തിൽ കെ.എസ്.ഇ.ബി., ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്കായി നഗരസഭ ₹8990247 മുൻകൂർ നൽകിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഇതേ വരെ ലഭിച്ചിട്ടില്ല. എന്നാൽ ബി-18 ഷെഡ്യൂളിൽ ഈ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ₹4000 രൂപ മൈനസായി കാണിക്കുന്നത് ജേണൽ എൻട്രിയിൽ വന്ന പിഴവാണെന്നും അപാകം പരിഹരിക്കുമെന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. ലഡ്ജറുകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-6 ബി4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബി4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. (320809900 Other Grants & Contibutions For Specific Purpose ഇനത്തിലുള്ള ₹10167266 നീക്കിയിരിപ്പായി 2020-21, 2021-22 വർഷങ്ങളിലും രേഖപ്പെടുത്തിയിരുന്നതാണ്) ഈ തുകകൾ ഏതു വർഷത്തിൽ ലഭിച്ചതാണെന്നും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണങ്ങളും വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-7 അനുപാതങ്ങൾ, താരതമ്യ തുകകൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസിലെ ചട്ടം 58 2(എഫ് ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, ചട്ടം 58(3 ) പ്രകാരമുള്ള മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടം 58(4) പ്രകാരം സംഖ്യകൾ റൗണ്ട് ചെയ്തിട്ടില്ല.

## 1-1-8 IHSDP അക്കൗണ്ട് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചാബ് നാഷണൽ ബാങ്കിലെ IHSDP അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31-03-2023ലെ പാസ് ബുക്ക് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നത് ₹2586977 ആണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാലൻസ് ₹2586903 ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

## 1-1-9 വാർഷിക റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം9 അനുസരിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറിയിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

## 1-1-10 കൗൺസിൽ അംഗങ്ങളുടെ ഹോണറേറിയം ബാധ്യതയായി രേഖപ്പെടുത്തിയില്ല

നഗരസഭാ കൌൺസിൽ അംഗങ്ങളുടെ ഹോണറേറിയം ബി-9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-11 അൺക്യാഷ്ഡ് ചെക്കുകൾ, ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്യാഷ് ചെയ്യൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

പയ്യന്നൂർ നഗരസഭയിലെ തനത് ഫണ്ടുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ അൺ ക്യാഷ്ഡ് ചെക്ക് ഇനത്തിലുള്ള തുകകൾ വർഷങ്ങളായി തുടർന്നു വരുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചാബ് നാഷണൽ ബാങ്ക് തനത് ഫണ്ട് അക്കൌണ്ട്

(I)നൽകിയ ചെക്കുകൾ ബാങ്കിൽ ഹാജരാക്കാത്തത്-

| ലഭിച്ച വർഷം | തുക |
|---|---|
| 2013-14 | 22281 |
| 2015-16 | 11000 |
| 2016-17 | 24558 |
| 2017-18 | 25000 |
| 2018-19 | 4380 |
| 2019-20 | 21257 |

(Ii)ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്യാഷ് ചെയ്യപ്പെടാത്തത്

| ലഭിച്ച വർഷം | തുക |
|---|---|
| 2016-17 | 60550 |
| 2017-18 | 11581 |
| 2020-21 | 112351 |
| 2021-22 | 682588 |
| 2022ഏപ്രിൽ മുതൽ 2023 ജനുവരി വരെ | 369556 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇ പോയ്മെന്റ്

ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്യാഷ് ചെയ്യപ്പെടാത്തത്

| ലഭിച്ച വർഷം | തുക |
|---|---|
| 2017-18 | 136766 |
| 2018-19 | 5739080 |
| 2019-20 | 3271279 |
| 2020-21 | 92407 |
| 2021-22 | 3724513 |

കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-43/15-01-2024) നഗരസഭ അറിയിച്ചു. വരവ് ഇനത്തിൽ കാലാവധി കഴിഞ്ഞ ചെക്കുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-1-12 കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവ് സംബന്ധിച്ചുള്ള എ.സി.ആർ നഗരസഭ സൂക്ഷിച്ചിട്ടില്ല. ആയതു കൊണ്ടു തന്നെ ഈയിനത്തിലെ തുകകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി രജിസ്റ്റർ പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-13 വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകളിലെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ താഴെപറയുന്ന ഷെഡ്യൂളുകളിലെ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**(എ) ഐ 15 ഷെഡ്യൂൾ – ദുരിതാശ്വാസ നിധി സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല .**

ഐ15 ഷെഡ്യൂളിൽ 260200102 എന്ന ഹെഡ്ഡിൽ (ദുരിതാശ്വാസ നിധി) ₹2800 മൈനസ് എൻട്രിയായി രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇതേ ഷെഡ്യൂളിൽ 260200200 Contribution To Other Funds എന്ന ഹെഡ്ഡിലെ ₹ 200000യുടെ ചെലവ് വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

**(ബി) ബി9, ബി15 ഷെഡ്യൂളുകൾ**

ബി9, ബി15 ഷെഡ്യൂളുകളിൽ ചേർത്തിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**(സി) Prior Period Items**

ആർ.പി 19 ഷെഡ്യൂളിലെ 280800300 Prior Period Operations And Maintenance Expenses എന്ന ഹെഡ്ഡിൽ ഉൾപ്പെട്ട 385,824/- രൂപ ഐ-18 ഷെഡ്യൂളിൽ Prior Period Items ആയി ഉൾപ്പെടുത്തിയിട്ടുള്ള (14712800/-) രൂപ എന്നിവയുടെ വ്യക്തമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ഡി) ആർ.പി 24 ഷെഡ്യൂൾ

ആർ.പി 24 ഷെഡ്യൂളിലെ 320100100 Grants Contribution For Specific Purposes – Central Government എന്ന ഹെഡ്ഡിലെ 51,353,846 രൂപയുടെയും 320802000 Grant For Projects എന്ന ഹെഡ്ഡിലെ 2,282,838 രൂപയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 36/12-01-2024) വ്യക്തമായ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

**(ഇ) Other Revenue Grants**

ആർ.പി 6 ഷെഡ്യൂളിലെ 160109900 Other Revenue Grants എന്ന ഹെഡ്ഡിലെ 231572 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഉറവിടമറിയാത്ത തുകകളാണ് പ്രസ്തുത ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നാണ് നഗരസഭയുടെ വിശദീകരണം. വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-14 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ മുൻവർഷത്തെ തുകകൾ കാരി ഓവർ ചെയ്ത് പൂർത്തീകരിച്ച് വർഷാന്ത്യ സാക്ഷ്യ പത്രം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നികുതി, നികുതിയേതര വരവുകളുടെ സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി, ലേലം എന്നിവക്ക് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്.

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 11-03-2022 തീയതിയിലെ യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പയ്യന്നൂർ നഗരസഭയുടെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 15-03-22തീയതിയിൽ രാവിലെ ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും 1/1 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16/03/2023 തീയതിയിലെ യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 20-03-2023തീയതിയിലെ അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 166138488 | 299309868 |
| വരവ് | 742449100 | 548355485 |
| ആകെ | 908587588 | 847665353 |
| ചെലവ് | 808975000 | 802993102 |
| നീക്കിയിരിപ്പ് | 99612588 | 44672251 |

ബജറ്റ് ,പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്,വരവ്,നീക്കിയിരിപ്പ് തുകകളിലെ വലിയ അന്തരത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം).

| | |
|---|---|
| മുന്നിരിപ്പ് | ₹293442960.45 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹422795655 |
| ആകെ | ₹716238615.45 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹487030441 |
| നീക്കിയിരിപ്പ് | ₹229208174.45 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹461955 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹134340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹24320799 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ പ്രധാന വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## <u>1-4 ഫണ്ട് വിനിയോഗം</u>

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 99845885 | 99845885 | 81732226 | 18113659 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 17701115 | 17701115 | 14018830 | 3682285 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 27536000 | 27536000 | 24835223 | 2700777 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 29350000 | 29350000 | 29264180 | 85820 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 24008011 | 15456021 +756519 (പലിശ)= 16212540 | 40220551 | 22260268 | 17960283 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 35804688 | 48150342 | 83955030 | 35560118 | 48394912 |

വികസന ഫണ്ട് പൊതു വിഭാഗത്തിന്റെ ഐ6 ലെ തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ പ്രകാരമുള്ള വരവ് ചെലവുകളോട് ജി.ഒ. പ്രൊജക്ട് തുകകൾ ചേർത്താണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള തുകകൾ വാർഷിക ധനകാര്യ പത്രിക, എ.സി.ആർ, പദ്ധതി ചെലവ് പത്രിക എന്നിവകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത തുകകൾ എ.സി.ആറിന്റെയും മുൻ വർഷത്തെ ബി4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകയുടെയും അടിസ്ഥാനത്തിലാണ്

പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻ വർഷത്തെ നീക്കിയിരിപ്പിന്റെ കൃത്യത സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ സംബന്ധിച്ച് നഗരസഭ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡിന്റെ) എ.സി. ആറിൽ രേഖപ്പെടുത്തിയ ക്ഷീരോല്പാദക ബോണസ് (പ്രോജക്ട് നമ്പർ 201) സുലേഖാ പത്രിക പ്രകാരം ചെലവ് നടന്നിട്ടില്ലാത്തിനാൽ ചെലവ് തുകയിൽ നിന്നും കുറവ് ചെയ്തിരിക്കുന്നു. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിന്റെ എ.സി.ആറിൽ ഉൾപ്പെട്ട പ്രോജക്ട് നമ്പർ 279ൽ പദ്ധതി ചെലവ് പത്രിക പ്രകാരം ചെലവ് നടന്നിട്ടില്ലാത്തതിനാൽ പ്രസ്തുത തുക (126354) കുറവ് ചെയ്തിരിക്കുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച് നഗരസഭ എ.സി.ആറോ വ്യക്തമായ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. മേൽ പരാമർശിച്ച വ്യത്യാസങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ഫണ്ട് വിനിയോഗം സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 439 | 455360028 | 297 | 230335106 | 39 | 142 | 258 | 58.77 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 11272280 | 6893000 | 61.15 |
| സീനിയർ വെറ്ററിനറി സർജൻ | 7 | 6 | 10830954 | 3156932 | 29.15 |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 14 | 12 | 12933555 | 12259118 | 94.79 |
| ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം | 6 | 6 | 4650000 | 4632618 | 99.63 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 1 | 370000 | 300000 | 81.08 |
| ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 34 | 20 | 75690648 | 15074256 | 19.92 |
| ഐ സിഡിഎസ് സൂപ്പർവൈസർ | 13 | 11 | 20603792 | 18355421 | 89.09 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ | 12 | 10 | 25571035 | 22452878 | 87.81 |

| | | | | | |
|---|---|---|---|---|---|
| നിർമ്മാർജ്ജന സെൽ | | | | | |
| സെക്രട്ടറി | 41 | 21 | 55603025 | 23173000 | 41.68 |
| മുനിസിപ്പൽ എഞ്ചിനീയർ | 284 | 189 | 225697888 | 117103397 | 51.89 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 5 | 3723123 | 337592 | 9.07 |
| ഹെഡ് മാസ്റ്റർ, ഹയർ സെക്കന്ററി സ്കൂൾ | 9 | 9 | 6474260 | 6048883 | 93.43 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 300000 | 272611 | 90.87 |
| ഹെഡ് മാസ്റ്റർ ജി എൽ പി എസ് | 4 | 2 | 1539468 | 275400 | 17.89 |
| പ്രിൻസിപ്പൽ, ഹയർ സെക്കന്ററി സ്കൂൾ | 1 | 0 | 100000 | 0 | 0 |
| ആകെ | 439 | 297 | 455360028 | 230335106 | 50.58 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 512926 | 12504353 | 13017279 | 12469545 | 547734 |

റിമാർക്സ് – വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14828400 | 1282 |
| വിധവാ പെൻഷൻ | 30063200 | 2748 |
| വാർദ്ധക്യകാല പെൻഷൻ | 64713700 | 6385 |
| വികലാംഗ പെൻഷൻ | 7483400 | 670 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 630000 | 21 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 3399400 | 309 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-01-2024 ന് ഉച്ചക്ക് ശേഷം 2.56 മണിക്ക് നഗരസഭ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3702/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

നഗരസഭയുടെ വരവു ചെലവു കണക്ക് രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തുനികുതി,തൊഴിൽനികുതി,ലൈസൻസ്,മറ്റ് വരവുകൾ എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ),ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.ആയതിനാൽ നഗരസഭയ്ക്ക് ഈയിനങ്ങളിൽ ലഭിക്കാനുള്ള തുക, കുടിശ്ശിക എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി,തൊഴിൽനികുതി,വാടക ഉൾപ്പെടെയുള്ള ഇനങ്ങളിൽ ഭീമമായ തുക പിരിച്ചെടുക്കാനുണ്ട് എന്നാണ് വാർഷിക ധനകാര്യപത്രിക വ്യക്തമാക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേതുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നഗരസഭയിൽ നിരവധി അനധികൃതകെട്ടിടങ്ങൾ ഉള്ളതായി രേഖകളുണ്ട്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് സാധിച്ചിട്ടില്ല. നഗരസഭയിൽ നിന്നും ഒക്യുപ്പെൻസി ലഭിച്ചതിനുശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടന്നുവരുന്നുണ്ട്. ആയത് കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിൽ വെക്കുന്നതിനും സമയബന്ധിതമായി പ്രഥമമറുപടി സമർപ്പിക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. 2018-19,2019-20,2020-21,2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വായിച്ച് റിക്കാർഡാക്കി നിയമാനുസൃതം തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചത് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് വർഷങ്ങൾ പിന്നിട്ട ശേഷമാണ് (10-07-2023 തീയതിയിൽ).ഓഡിറ്റ് റിപ്പോർട്ടുകൾക്ക് അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം മാത്രമാണ് നഗരസഭ ഭാഗികമായെങ്കിലും പ്രഥമമറുപടി സമർപ്പിച്ചിട്ടുള്ളത്. പ്രഥമമറുപടി സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ പിന്നീട് തുടർ നടപടികളൊന്നും നഗരസഭ സ്വീകരിച്ചതായും കാണുന്നില്ല.

നഗരസഭയിൽ നിഷ്ക്രിയ ആസ്തികൾ വൻതോതിൽ വർദ്ധിച്ചുവരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്.നിഷ്ക്രിയ ആസ്തികളുടെ പുനരുജ്ജീവനത്തിന് കാര്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് മൂലം കോടിക്കണക്കിന് രൂപയുടെ ആസ്തികളാണ് പ്രയോജനം ലഭിക്കാതെ നശിച്ചുപോകുന്നത്.

പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. വാർഷികകണക്കുകൾ

പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടിസ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (2017-18,2018-19) 27തടസ്സങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വാർഡ് സഭ

നഗരസഭയിലെ 44 വാർഡുകളിലും 2022 മെയ്, ആഗസ്ത്, ജനവരി മാസങ്ങളിൽ വാർഡ്സഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, മുതലായവ വാർഡ് സഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി.

## 1-12 വസ്തുനികുതി പിരിവിൽ കാര്യക്ഷമതയില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു.

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. തൻമൂലം നികുതി വരുമാനത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുന്നതിനും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നതിനും ഇടയാക്കുന്നു. മുനിസിപ്പാലിറ്റിയിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ വാർഷിക ധനകാര്യ പത്രിക B-15 പ്രകാരം താഴെ പറയുന്ന തുക കുടിശ്ശികയായി കാണുന്നു.

| ഇനം | തുക |
|---|---|
| വസ്തുനികുതി (അരിയർ) | 3,46,89,826/- |
| വസ്തുനികുതി (തൻ വർഷം) | 98,06,829 |
| ആകെ | 4,44,96,655 |

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുകയുടെ കാര്യത്തിൽ മൂന്ന് വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്.

മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

<u>സഞ്ചയ പോർട്ടൽ ലഭ്യമാകാത്തതിനാൽ ഫയൽ പരിശോധിക്കുന്നതിന ് സാധിച്ചിട്ടില്ല.</u>

ഓഡിറ്റ് കാലയളവിൽ നഗരസഭയിൽ കെ സ്മാർട്ട് ഇംപ്ലിമെന്റേഷൻ നടന്നു വന്നിരുതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി സോഫ്റ്റ്‌വെയറായ സഞ്ചയ പോർട്ടൽ ലഭ്യമായിരുന്നില്ല.

അതിനാൽ സഞ്ചയ മുഖേന ലഭ്യമായിരുന്ന വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, വസ്തു നികുതി കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മുതലായവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഇക്കാരണത്താൽ ഈ ഇനങ്ങളിലുള്ള വിശദമായ പരിശോധന സാധ്യമായിട്ടില്ല.

## 1-13 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ 2019 (ജി.ഒ.പി. നം. 77/2019/തസ്വഭവ തീയതി 02.11.2019) ചട്ടം 21 പ്രകാരം രണ്ടുനില വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മതസ്ഥാപനകെട്ടിടങ്ങൾ, G1, G2,I ഒക്കുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾ ഒഴികെയുള്ളവയുടെ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സെക്രട്ടറി നടത്തേണ്ടതാണ്. ചട്ടം 21(2) പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുശേഷം ഓഡിറ്റ് നടത്താവുന്നതാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി ലഭ്യമായതിനുശേഷം പല നിയമലംഘനങ്ങളും നടക്കുന്നുണ്ട്. പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയ നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സഹായകരമാകും. ഇത് സ്ഥാപനത്തിന് വസ്തുനികുതി ഇനത്തിൽ വരുമാനവർദ്ധനവിനും കാരണമാകും. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - ഡിമാൻഡ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലും വീഴ്ച

2022-23 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ചു വരുന്ന റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള അപാകങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

**1. ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

**2. ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.**

A) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്- സെക്രട്ടറി, 8 ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വയ്കേണ്ടതുമാണ്. ഈ ആവശ്യത്തിലേക്ക് ഒരു ഡിമാൻഡ് രജിസ്റ്റർ ഒന്നോ അതിലധികമോ വർഷത്തേക്ക് ഉപയോഗിക്കാവുന്നതാണ്.നഗരസഭയിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ 2 രജിസ്റ്ററുകളിലായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ പേര്/വാർഡ്, ആകെ ഈടാക്കിയ തുക/രശീതി നമ്പർ, ജീവനക്കാരുടെ പേരു വിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ബി) ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല .

ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതും വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. തൊഴിൽ നികുതി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം ചെയ്യാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പിരിച്ചെടുക്കുവാനുള്ളത് ഭീമമായ കുടിശ്ശിക.**

വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് പ്രകാരം പ്രൊഫഷൺസ്/ട്രെഡേഴ്സ്/സ്ഥാപനത്തിന്റെ തൊഴിൽ നികുതി കുടിശ്ശികയായി 8,449,870/- രൂപയും തൻവർഷം 247,510/- രൂപയും പിരിച്ചെടുക്കാനുണ്ട്. വർഷം തിരിച്ചുള്ള തൊഴിൽ നികുതി കുടിശ്ശിക, കളക്ഷൻ പരിശോധിക്കുന്നതിനാധാരമായ രേഖകൾ/ഫയൽ/ മറ്റ് സംവിധാനം എന്നിവ ഹാജരാക്കിയിട്ടില്ല.

**4. തൊഴിൽ നികുതിയിനത്തിലെ ചെക്ക്/ ഓൺലൈൻ വരവ് യഥാസമയം രശീതി ചെയ്യപ്പെടുന്നില്ല.**

ചെക്ക്/ ഓൺലൈൻ തൊഴിൽ നികുതിയിനത്തിലെ വരവ് അക്കൗണ്ട് ചെയ്യുന്നത് പഞ്ചാബ് നാഷണൽ ബാങ്ക്, പയ്യന്നൂർ ബ്രാഞ്ചിലാണ് (അക്കൗണ്ട് നമ്പർ: 4334000100101335). പ്രസ്തുത ബാങ്കിന്റെ റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മാർച്ച് 2017 മുതൽ 2023 മാർച്ച് 31 വരെ വിവിധ ചെക്കുകൾ/ ഓൺലൈൻ ട്രാൻസ്ഫറിലുമായി 247,563/- രൂപ Cheque Deposited But Not Cleared By Bank/ Treasury ഉൾപ്പെട്ടിട്ടുണ്ട്. ആയത് സാമ്പത്തിക വർഷത്തിൽ തന്നെ രശീതി ചെയ്യപ്പെട്ടിട്ടില്ല. തുടർനടപടിയുടെ

വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**5.** സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ പരിധിയിൽ 2022-23 സാമ്പത്തിക വർഷം 389ഓളം സ്ഥാപങ്ങൾ പ്രവർത്തിച്ചിരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൽ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.50/17.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഈടാക്കിയിട്ടില്ലെങ്കിൽ ആയത് പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**6.** കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും ഓരോ അർദ്ധ വർഷവും പരമാവധി 1250.00 രൂപ വരെ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ ചമച്ചിട്ടുള്ള കരാറുകാരിൽ 2022-23 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

**7.** ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**8.** റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

9. 2022-23 സാമ്പത്തിക വർഷത്തിൽ പയ്യന്നൂർ നഗരസഭയിലെ 1 മുതൽ 44 വരെയുള്ള വാർഡുകളിലെ നഗരസഭ അംഗീകാരം നല്കിയ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ എണ്ണം ഒന്നാം അർദ്ധവർഷത്തിൽ 375 ഉം രണ്ടാം അർദ്ധവർഷത്തിൽ 389 ഉം ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം രണ്ട് അർദ്ധവർഷങ്ങളിലേക്കുമായി 93 സ്ഥാപനങ്ങൾക്കും ഒന്നാം അർദ്ധർഷത്തിലേക്ക് മാത്രമായി 89 സ്ഥാപനങ്ങൾക്കും മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത് .

മേൽ പരാമർശിച്ച തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യതപ്പെട്ട സ്ഥാപനങ്ങളിൽ സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷങ്ങളിലേയും അംഗീകൃത പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലാത്തതുമായ 191 സ്ഥാപനങ്ങൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | BSNL വെള്ളൂർ | 1 |
| 2 | സർവ്വീസ് കോ-ഓപ്പ് ബാങ്ക്, ആലിൻകീഴ് | 1 |
| 3 | പോസ്റ്റ് ഓഫീസ്, വെള്ളൂർ | 2 |
| 4 | രാജേഷ് കറി പൗഡർ | 3 |
| 5 | വില്ലേജ് ഓഫീസ്, വെള്ളൂർ | 3 |
| 6 | ഏച്ചിലാംവയൽ കള്ള് ഷാപ്പ് | 4 |
| 7 | ഫ്രഷ് ടേക്കേഴ്സ് | 4 |
| 8 | വെള്ളൂർ സർവ്വീസ് കോ-ഓപ്പ് ബേങ്ക് | 5 |
| 9 | വെള്ളൂർ വില്ലേജ് വനിതാ സഹകരണ സംഘം | 5 |
| 10 | ഭാരത് ഗ്യാസ് പെരുമ്പ | 5 |
| 11 | KSEB മേജർ സെക്ഷൻ, വെള്ളൂർ | 5 |
| 12 | കള്ള് ഷാപ്പ് (ഇ കെ ബാലൻ) | 5 |
| 13 | കള്ള് ഷാപ്പ് (കെഎ തോമസ്), കോറോം | 7 |
| 14 | ക്ഷീര വ്യവസായ സഹകരണ സംഘം | 8 |
| 15 | പോസ്റ്റ് ഓഫീസ്, ചാലക്കോട് | 8 |
| 16 | സബ് സെന്റർ, കോറോം | 9 |
| 17 | ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 9 |

| | | |
|---|---|---|
| 18 | ജിയോളജി ഡിപ്പാർട്ട്മെന്റ് | 9 |
| 19 | കള്ള് ഷാപ്പ് (കെഎ തോമസ്), മണിയറ | 11 |
| 20 | സാംകോ ടൈൽസ് ഫാക്ടറി | 14 |
| 21 | സ്കൈ ഗോൾഡ് | 15 |
| 22 | പെട്രോൾ പമ്പ്, സുനന്ദ് ടി കെ | 15 |
| 23 | ഹോണ്ട ടൂ വീലേർഴ്സ്, സെയിൽസ് | 16 |
| 24 | പെട്രോൾ പമ്പ്, പൈതൽ രാമദാസ് | 16 |
| 25 | വെള്ളൂർ കോ-ഓപ്പ് ബാങ്ക് | 16 |
| 26 | വെള്ളൂർ കോ-ഓപ്പ് ബാങ്ക്, പെരുമ്പ ബ്രാഞ്ച് | 16 |
| 27 | ബജാജ് അലയൻസ് ഇൻഷുറൻസ് കോ | 16 |
| 28 | അപരാജിത ഡൈനാമിക് പ്രൈവറ്റ് ലിമിറ്റഡ്, ബജാജ് ഫിനാൻസ് | 16 |
| 29 | HP പെട്രോൾ പമ്പ് | 16 |
| 30 | കൈരളി ഹോട്ടൽ, പെരുമ്പ | 16 |
| 31 | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, പയ്യന്നൂർ | 16 |
| 32 | വാണിജ്യ നികുതി ഓഫീസ്, പയ്യന്നൂർ | 16 |
| 33 | KVR ടാറ്റ മോട്ടോഴ്സ് | 16 |
| 34 | തളിപ്പറമ്പ് താലൂക്ക് ഗുഡ്സ് ട്രാൻസ്പോർട്ട് | 16 |
| 35 | ലത്തീഫിയ അഫ്സൽ ഉലൂമ അറബിക് കോളേജ് | 16 |
| 36 | TVS മോട്ടോഴ്സ്, പയ്യന്നൂർ | 16 |
| 37 | സിദ്ദിഖ് റസ്റ്റോറന്റ്, പെരുമ്പ | 16 |
| 38 | നീതി മെഡിക്കൽസ് | 16 |
| 39 | ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (നവോദയ) | 16 |
| 40 | ഗ്രാമോദയ ഖാദി സംഘം | 16 |
| 41 | ഭാരത് പെട്രോൾ പമ്പ്, രാമരാജ് & കമ്പനി | 16 |
| 42 | NH PWD സെക്ഷൻ | 16 |
| 43 | അർബൻ കോ-ഓപ്പ് സായാഹ്ന ശാഖ | 16 |
| 44 | മുകുന്ദ ഹോസ്പിറ്റൽ | 17 |
| 45 | ആക്സിസ് ബാങ്ക് | 17 |
| 46 | RK ഡെന്റൽ ക്ലിനിക് | 17 |
| 47 | ബിഗ് ബസാർ, ന്യൂ ബസ് സ്റ്റാന്റ് | 17 |
| 48 | ഗവ. താലൂക്ക് ആശുപത്രി | 17 |
| 49 | മൈനർ ഇറിഗേഷൻ | 17 |
| 50 | ജിയോജിത്, പെരുമ്പ | 17 |
| 51 | ടാക്സ് കൺസൾട്ടൻസി, പെരുമ്പ | 17 |
| 52 | മലബാർ ഗോൾഡ് | 17 |
| 53 | സൂര്യ സിൽക്സ് | 17 |
| 54 | കാഡ് കമ്പ്യൂട്ടർ സെന്റർ | 17 |
| 55 | പൊതുമരാമത്ത് വകുപ്പ് | 17 |
| 56 | സെഞ്ച്വറി സിൽക്സ് | 17 |
| 57 | വൺ-സീറോ ട്യൂഷൻ സെന്റർ | 17 |
| 58 | ഇമ്മാനുവൽ സിൽക്സ് | 17 |
| 59 | ഗവ. താലൂക്ക് ആശുപത്രി (ഡെന്റിസ്റ്റ്) | 17 |
| 60 | ഗവ. താലൂക്ക് ആശുപത്രി (JHI) | 17 |
| 61 | റീജിയണൽ ഓഫീസ്, താലൂക്ക് ആശുപത്രി | 17 |
| 62 | ICICI Prudential, പുതിയ ബസ് സ്റ്റാന്റ് | 17 |
| 63 | Network ചാനൽ | 17 |
| 64 | മെഡിക്കൽ ഷോപ്പ് ജൻ ഔഷധി | 17 |
| 65 | കർണ്ണാടക ബാങ്ക് | 17 |
| 66 | HDFC Prudential | 17 |
| 67 | എക്സൈസ് റേഞ്ച് ഓഫീസ് | 18 |
| 68 | LSGD പയ്യന്നൂർ (പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ) | 18 |
| 69 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കൊക്കിനാശ്ശേരി | 18 |
| 70 | ജിയോജിത് ഫിനാൻഷ്യൽ സർവീസസ്, പയ്യന്നൂർ | 18 |
| 71 | മൈ ഡെന്റിസ്റ്റ് ഡെന്റൽ സർജൻ, പയ്യന്നൂർ | 18 |
| 72 | പയ്യന്നൂർ സർവീസ് കോ-ഓപ്പ് വനിതാ ബാങ്ക്, പയ്യന്നൂർ | 18 |

| | | |
|---|---|---|
| 73 | സാംസങ് മൊബൈൽ സർവീസ് സെന്റർ | 18 |
| 74 | റിലയൻസ് ട്രെന്റ്സ്, പയ്യന്നൂർ | 18 |
| 75 | ഗ്രാന്റ് മാർട്ട് സൂപ്പർ മാർക്കറ്റ് | 18 |
| 76 | ജീവകീയം ആയുർവേദ ഹോസ്പിറ്റൽ | 18 |
| 77 | പ്രിയദർശിനി ഹോസ്പിറ്റൽ | 18 |
| 78 | AEO ഓഫീസ് | 18 |
| 79 | റീജിയണൽ AI സെന്റർ | 18 |
| 80 | ഗവ. BEMLസ്കൂൾ, പയ്യന്നൂർ | 18 |
| 81 | വിജയ ബാങ്ക് | 18 |
| 82 | അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസ് | 18 |
| 83 | വൈശാഖ് ഇന്റർനാഷണൽ | 18 |
| 84 | VHSE | 18 |
| 85 | ജില്ലാ ബാങ്ക്, പയ്യന്നൂർ | 18 |
| 86 | ജില്ലാ ബാങ്ക് ഈവനിംഗ് ബ്രാഞ്ച്, പയ്യന്നൂർ | 18 |
| 87 | മടത്തുംപടി ക്ഷേത്രം | 18 |
| 88 | ഫരീദ ജ്വല്ലറി | 18 |
| 89 | ബോംബെ ഹോട്ടൽ | 18 |
| 90 | ലിഷ ഡെന്റൽ ക്ലിനിക് | 18 |
| 91 | ഗ്രാമോദയം | 18 |
| 92 | BNP PARIBAS ഹോം ഫിനാൻസ് ലിമിറ്റഡ് | 18 |
| 93 | കേരള സംസ്ഥാന പുരാവസ്തു വകുപ്പ് | 18 |
| 94 | നാഷണൽ റേഡിയോ | 18 |
| 95 | യുണൈറ്റഡ് ഇന്ത്യാ ലിമിറ്റഡ് | 18 |
| 96 | റീജിയണൽ ഫ്രൂട്ട്സ് & വെജിറ്റബിൾ കോ-ഓപ്പ് മാർക്കറ്റിംഗ് സൊസൈറ്റി | 18 |
| 97 | ഇൻഡസ്ട്രിയൽ മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസ് | 18 |
| 98 | കൊക്കാനിശ്ശേരി കള്ള് ഷാപ്പ്, പയ്യന്നൂർ | 18 |
| 99 | എയർ ബോൺ ഏവിയേഷൻ | 18 |
| 100 | ഡോ.വരുൺ നമ്പ്യാർ ഡെന്റൽ ക്ലിനിക് | 18 |
| 101 | ഡോ. വരുൺ നമ്പ്യാർ ഫേസ് ക്ലിനിക് | 18 |
| 102 | വിദ്യാമന്ദിർ കോളേജ് | 18 |
| 103 | കോളേജിയറ്റ് കോളേജ് | 18 |
| 104 | നയനം ഓപ്റ്റിക്കൽസ് | 18 |
| 105 | കെ വി മുരളീധരൻ | 18 |
| 106 | സോണി ഇലക്ട്രിക്കൽസ് | 18 |
| 107 | സുധീഷ് ഡെന്റൽ ക്ലിനിക് | 18 |
| 108 | ബിയർ & വൈൻ പാർലർ, ന്യൂ ബസ് സ്റ്റാന്റ് | 18 |
| 109 | കൈരളി ഹോട്ടൽ | 18 |
| 110 | മൈ ജി | 18 |
| 111 | റിലയൻസ് ലൈഫ് ഇൻഷുറൻസ് പ്രൈവറ്റ് ലിമിറ്റഡ് | 18 |
| 112 | ഹെഡ് പോസ്റ്റ് ഓഫീസ്, പയ്യന്നൂർ | 18 |
| 113 | ഭാരത് മൾട്ടി ഹൗസിംഗ് കോ-ഓപ്പ് സൊസൈറ്റി | 18 |
| 114 | ലേബർ ഓഫീസർ | 18 |
| 115 | ചാർട്ടേർഡ് അക്കൗണ്ടന്റ് & ടാക്സ് കൺസൾട്ടൻസി സെന്റർ, പയ്യന്നൂർ | 19 |
| 116 | മുത്തൂറ്റ് മിനി നിധി(കേരള ലിമിറ്റഡ്) | 19 |
| 117 | കേരള എഞ്ചിനീയറിംഗ് വർക്ക്സ് | 19 |
| 118 | സിൻഡിക്കേറ്റ് ബാങ്ക് / കാനറ ബാങ്ക് | 19 |
| 119 | KWA (AE) | 19 |
| 120 | കൈരളി ഹോട്ടൽ (എവറസ്റ്റ്) | 19 |
| 121 | കെ കെ റസിഡൻസി | 19 |
| 122 | വില്ലേജ് ഓഫീസ്, പയ്യന്നൂർ | 19 |
| 123 | പയ്യന്നൂർ കോ-ഓപ്പ് ബാങ്ക് | 19 |
| 124 | നമ്പ്യാത്ര കൊവ്വൽ ശിവ ക്ഷേത്രം | 19 |
| 125 | മനോഹർ ജ്വവല്ലറി, പയ്യന്നൂർ | 19 |
| 126 | പവിത്ര ജ്വവല്ലറി, പയ്യന്നൂർ | 19 |
| 127 | HDFC സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ് | 19 |

| | | |
|---|---|---|
| 128 | മുത്തൂറ്റ് ഫിനാൻസ് | 19 |
| 129 | ആക്സിസ് ബാങ്ക് | 19 |
| 130 | കോർപ്പറേഷൻ ബാങ്ക് | 19 |
| 131 | ഹാൻടെക്സ് | 19 |
| 132 | മലബാർ സ്റ്റേഷനറീസ് | 19 |
| 133 | സഹകാരി പ്രസ്സ് | 19 |
| 134 | കല്യാൺ ടെക്സ്റ്റയിൽസ് | 19 |
| 135 | IDEA കസ്റ്റമർകെയർ സർവീസ് | 19 |
| 136 | റിലയൻസ് റീട്ടയിൽ ലിമിറ്റഡ് | 19 |
| 137 | സ്കൈപ്പർ സൂപ്പർ മാർക്കറ്റ് | 19 |
| 138 | നാഷണൽ റേഡിയോ ഇലക്ട്രോണിക്സ് | 19 |
| 139 | കൃഷി ഓഫീസ്, പയ്യന്നൂർ | 19 |
| 140 | വീവേഴ്സ് കോ-ഓപ്പ് സൊസൈറ്റി | 19 |
| 141 | ഡയറി എക്സ്റ്റൻഷൻ ഓഫീസ് | 19 |
| 142 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലാഭം സൂപ്പർ മാർക്കറ്റ് | 19 |
| 143 | ഇൻഡസ് ഇൻഡ് ബാങ്ക് | 19 |
| 144 | സംസം മെഡിക്കൽസ് | 19 |
| 145 | പരാഗ് ടെക്സ്റ്റയിൽസ് | 19 |
| 146 | നാഷണൽ റേഡിയോ ഇലക്ട്രോണിക്സ് | 19 |
| 147 | പള്ളിത്തറ ജ്വല്ലറി | 19 |
| 148 | മഠത്തിൽ ഹോമിയോപ്പതി ഹോസ്പിറ്റൽ | 19 |
| 149 | പയ്യന്നൂർ ബ്ലോക്ക് അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് കോ-ഓപ്പ് സൊസൈറ്റി | 19 |
| 150 | കോടോത്ത് മീനാക്ഷിയമ്മ മെമ്മോറിയൽ ഹോസ്പിറ്റൽ | 19 |
| 151 | അപ്പു സൺസ് ജ്വല്ലറി | 19 |
| 152 | കേരള ട്രാൻസ്പോർട്ട് കമ്പനി | 19 |
| 153 | ഡി സി ഡെന്റൽ കെയർ & ഓർത്തോഡോക് സെന്റർ | 19 |
| 154 | പിസ്സ ഹട്ട് (സഫയർ ഫുഡ് ഇന്ത്യ ലിമിറ്റഡ്) | 19 |
| 155 | പോസ്റ്റ് ഓഫീസ്, കണ്ടങ്കാളി | 21 |
| 156 | സതേൺ റെയിൽവേ, പയ്യന്നൂർ | 24 |
| 157 | പയ്യന്നൂർ പോസ്റ്റ് ഓഫീസ്, കൊറ്റി | 24 |
| 158 | ഷേണായി സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, കണ്ടങ്കാളി | 25 |
| 159 | തെരു-മമ്പലം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി ലിമിറ്റഡ് | 25 |
| 160 | KTC പാർസൽ സർവീസ് | 28 |
| 161 | ഫർക്ക ഗ്രാമോദയ ഖാദി സംഘം | 28 |
| 162 | അറേബ്യൻ ജ്വല്ലേഴ്സ് | 28 |
| 163 | മിന ബസാർ | 28 |
| 164 | അലങ്കാർ കർട്ടൻസ് | 28 |
| 165 | ബ്ലൂ ബെൽ ഇംഗ്ലീഷ് മീഡിയം | 30 |
| 166 | പയ്യന്നൂർ ഖാദി കേന്ദ്രം | 30 |
| 167 | PCS C/O പാസ്പോർട്ട് സേവാ കേന്ദ്രം | 31 |
| 168 | സംസ്ഥാന വെയർ ഹൗസ് | 31 |
| 169 | പയ്യന്നൂർ കയർ വ്യവസായ സഹകരണ സംഘം | 31 |
| 170 | ISD സീനിയർ സെക്കണ്ടറി സ്കൂൾ | 31 |
| 171 | പാലക്കോട്-കവ്വായി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | 31 |
| 172 | ക്ഷീര വികസന ഓഫീസറുടെ കാര്യാലയം | 31 |
| 173 | MRCH സ്കൂൾ തായിനേരി | 33 |
| 174 | പയ്യന്നൂർ പോസ്റ്റ് ഓഫീസ്, കേളോത്ത് | 33 |
| 175 | BKM ഹോസ്പിറ്റൽ | 33 |
| 176 | ജുജു ഇന്റർനാഷണൽ പയ്യന്നൂർ | 34 |
| 177 | അനാമയ ഹോസ്പിറ്റൽ | 35 |
| 178 | ഫർക്ക ഗ്രാമോദയ ഖാദി സംഘം, അന്നൂർ | 36 |
| 179 | ഖാദി ബോർഡ് കണ്ടോത്ത് | 37 |
| 180 | പോസ്റ്റ് ഓഫീസ്, അന്നൂർ | 37 |

| | | |
|---|---|---|
| 181 | പെന്റ് റസ്റ്റോറന്റ് | 37 |
| 182 | കള്ള് ഷാപ്പ് അന്നൂർ (മോഹനൻ, ദീപ വി പി) | 38 |
| 183 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 40 |
| 184 | ഗ്രാമോദയ ഖാദി സംഘം, തായിനേരി | 40 |
| 185 | പയ്യന്നൂർ അർബൻ ബാങ്ക്, തായിനേരി | 40 |
| 186 | SABTM ഹയർ സെക്കണ്ടറി സ്കൂൾ, തായിനേരി | 40 |
| 187 | മഹാവിഷ്ണു ക്ഷേത്രം, അന്നൂർ | 41 |
| 188 | ഇന്ദിരാജി വനിതാ സഹകരണ സംഘം | 42 |
| 189 | സർവീസ് കോ-ഓപ്പ് ബാങ്ക്, വെള്ളൂർ | 43 |
| 190 | പയ്യന്നൂർ ബ്ലോക്ക് പൗൾട്രി കോ-ഓപ്പ് സൊസൈറ്റി | 43 |
| 191 | കള്ള് ഷാപ്പ് വെള്ളൂർ (മോഹനൻ, ദീപ വി പി) | 44 |

10. 2022-23 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി അടക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടിക പ്രകാരം ബാധ്യതപ്പെട്ട സ്ഥാപനങ്ങളിൽ ഉൾപ്പെടുകയും എന്നാൽ ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയും രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലാത്തതുമായ 89 സ്ഥാപനങ്ങൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | പയനീയർ കാർസ് ഇന്ത്യാ ലിമിറ്റഡ് | 4 |
| 2 | LP സ്കൂൾ, കണ്ടോത്ത് | 5 |
| 3 | ഐഡിയൽ ഡെക്കർ | 5 |
| 4 | കോറോം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കോറോം സെൻട്രൽ | 8 |
| 5 | കോറോം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മുതിയലം | 9 |
| 6 | കോറോം വില്ലേജ് വനിതാ സഹകരണ സംഘം | 9 |
| 7 | പോസ്റ്റ് ഓഫീസ്, കോറോം | 9 |
| 8 | റൂറൽ ബാങ്ക്, മുതിയലം | 9 |
| 9 | കോറോം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മണിയറ | 10 |
| 10 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കാനം | 10 |
| 11 | കോറോം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കാനായി സൗത്ത് | 10 |
| 12 | ഗവ. ഹോമിയോ ഡിസ്പെൻസറി | 10 |
| 13 | ഗവ. വനിതാ റെസിഡൻഷ്യൽ പോളി ടെക്നിക്, കോറോം | 10 |
| 14 | GLP സ്കൂൾ, മണിയറ | 11 |
| 15 | പ്രാഥമിക ആരോഗ്യ കേന്ദ്രം, മുത്തത്തി | 13 |
| 16 | KSRTC പയ്യന്നൂർ | 16 |
| 17 | പയ്യന്നൂർ കോ-ഓപ്പ് റൂറൽ ബാങ്ക്, പെരുമ്പ | 16 |
| 18 | ലത്തീഫിയ പബ്ലിക് സ്കൂൾ | 16 |
| 19 | ടൈൽസ് സോൺ, പെരുമ്പ | 16 |
| 20 | പയ്യന്നൂർ പ്രൈമറി കോ-ഓപ്പ് അഗ്രികൾച്ചറൽ & റൂറൽ ഡെവലപ്മെന്റ് ബാങ്ക് | 16 |
| 21 | നാഷണൽ ഇൻഷുറൻസ് കമ്പനി | 16 |
| 22 | ESAF Small Finance Bank | 17 |
| 23 | ഫയർ & റെസ്ക്യൂ സ്റ്റേഷൻ | 17 |
| 24 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പയ്യന്നൂർ | 17 |
| 25 | HP പെട്രോൾ പമ്പ്, പെരുമ്പ | 17 |
| 26 | ICICI Bank, പെരുമ്പ | 17 |
| 27 | ICTC ഗവ. താലൂക്ക് ഹോസ്പിറ്റൽ | 17 |
| 28 | സൂപ്പർ സ്പെഷ്യാലിറ്റി ഐ ക്ലിനിക് | 17 |
| 29 | കാത്തലിക് സിറിയൻ ബാങ്ക് | 17 |
| 30 | റൂറൽ ബാങ്ക് ഈവനിംഗ് ബ്രാഞ്ച്, പുതിയ ബസ് സ്റ്റാന്റ് | 17 |
| 31 | AWH കോളേജ് | 17 |
| 32 | വെജ്കോ | 17 |
| 33 | തഹസിൽദാർ ഓഫീസ് | 18 |
| 34 | ലാന്റ് ട്രിബ്യൂണൽ | 18 |
| 35 | റീ-സർവ്വേ ഓഫീസ് | 18 |
| 36 | ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് | 18 |
| 37 | ലോട്ടറി | 18 |

| | | |
|---|---|---|
| 38 | VHSE റീജിയണൽ ഓഫീസ് | 18 |
| 39 | KTDC ബിയർ & ബാർ | 18 |
| 40 | ഗോകുലം ചിറ്റ്സ് ഫിനാൻസ് | 18 |
| 41 | കോ-ഓപ്പ് സ്റ്റോർ | 18 |
| 42 | പഞ്ചാബ് നാഷണൽ ബാങ്ക് | 18 |
| 43 | പോലീസ് സ്റ്റേഷൻ, പയ്യന്നൂർ | 18 |
| 44 | മൃഗാശുപത്രി, പയ്യന്നൂർ | 18 |
| 45 | സബ്ട്രഷറി ഓഫീസ് | 18 |
| 46 | മുൻസിഫ് കോർട്ട് | 18 |
| 47 | സബ് കോർട്ട്, പയ്യന്നൂർ | 18 |
| 48 | സെന്റർ ഫോർ മൈനോരിറ്റി യൂത്ത് | 18 |
| 49 | നീതി മെഡിക്കൽസ് | 18 |
| 50 | ചോളമണ്ഡലം ഫിനാൻസ് | 18 |
| 51 | മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, പയ്യന്നൂർ | 18 |
| 52 | നീതി മെഡിക്കൽസ് | 18 |
| 53 | കോ-ഓപ്പ് റൂറൽ ബാങ്ക്, ഈവനിംഗ് ബ്രാഞ്ച് | 18 |
| 54 | ധനലക്ഷ്മി ഫിനാൻസ് | 18 |
| 55 | പയ്യന്നൂർ കോ-ഓപ്പ് റൂറൽ ബാങ്ക്, പുതിയ ബസ് സ്റ്റാന്റ് | 19 |
| 56 | KWA UIDSMJ സെക്ഷൻ നമ്പർ II | 19 |
| 57 | ന്യൂ ഇന്ത്യാ അഷ്വറൻസ് | 19 |
| 58 | ബാങ്ക് എംപ്ലോയീസ് കേരള സൊസൈറ്റി | 19 |
| 59 | ഇന്ത്യൻ കോഫീ ഹൗസ് | 19 |
| 60 | ഇറിഗേഷൻ സെക്ഷൻ, പയ്യന്നൂർ | 19 |
| 61 | കല്ലറയ്ക്കൽസ് ഗോൾഡ് പാർക്ക് | 19 |
| 62 | കേരള ഗ്രാമീൺ ബാങ്ക് | 19 |
| 63 | റൂറൽ ബാങ്ക്, മെയിൻ ബ്രാഞ്ച്, പയ്യന്നൂർ | 19 |
| 64 | നായനാർ മെമ്മോറിയൽ ഹോസ്പിറ്റൽ | 19 |
| 65 | സൊസൈറ്റി പ്രസ്, പയ്യന്നൂർ | 19 |
| 66 | തേജസ് വസ്ത്രാലയ | 19 |
| 67 | ബ്ലൂ ചിപ്പ് കോ-ഓപ്പ് ഇൻവെസ്റ്റ്മെന്റ് സെൻട്രൽ ലിമിറ്റഡ് | 19 |
| 68 | ബ്ലൂ ചിപ്പ് ഇൻഷുറൻസ് ബാങ്കിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 19 |
| 69 | കോ-ഓപ്പ് റൂറൽ ബാങ്ക് ഇലക്ട്രിക്കൽസ് | 19 |
| 70 | ESI | 19 |
| 71 | പയ്യന്നൂർ കോ-ഓപ്പ് റൂറൽ ബാങ്ക് | 24 |
| 72 | ഷേണായി സ്മാരക ഗവ. ഹൈസ്കൂൾ, കണ്ടങ്കാളി | 25 |
| 73 | FCI പയ്യന്നൂർ | 25 |
| 74 | ശ്രീ സുബ്രമഹ്ണ്യ സ്വാമി ക്ഷേത്രം, പയ്യന്നൂർ | 26 |
| 75 | പയ്യന്നൂർ കോ-ഓപ്പ് റൂറൽ ബാങ്ക്, ഗ്രാമം ബ്രാഞ്ച് | 27 |
| 76 | തപാൽ സ്കൂൾ, ഗവ. എൽ പി സ്കൂൾ, പയ്യന്നൂർ | 27 |
| 77 | സബ് രജിസ്ട്രാർ ഓഫീസ്, പയ്യന്നൂർ | 27 |
| 78 | ക്ഷീര വ്യവസായ സഹകരണ സംഘം | 28 |
| 79 | പയ്യന്നൂർ കോ-ഓപ്പ് റൂറൽ, റെയിൽവേ ഗേറ്റ് ശാഖ | 30 |
| 80 | BDO ഓഫീസ്, പയ്യന്നൂർ | 31 |
| 81 | സായ് ശാസ്ത പെട്രോളിയം, കേളോത്ത് | 31 |
| 82 | ഇന്ത്യൻ ബാങ്ക് | 34 |
| 83 | ഗവ. ആയുർവേദ ആശുപത്രി, കണ്ടോത്ത് | 36 |
| 84 | ചിന്മയ വിദ്യാലയം, അന്നൂർ | 39 |
| 85 | SABTM ഹയർസെക്കണ്ടറി സ്കൂൾ, തായിനേരി | 40 |
| 86 | പയ്യന്നൂർ കോ-ഓപ്പ് റൂറൽ ബാങ്ക്, അന്നൂർ | 42 |
| 87 | GMLP സ്കൂൾ, കാറമേൽ | 42 |
| 88 | ക്ഷീര വ്യവസായ സംഘം, വെള്ളൂർ | 43 |
| 89 | റീജീയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വെള്ളൂർ | 44 |

11. 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടിക പ്രകാരം ബാധ്യതപ്പെട്ട 375 സ്ഥാപനങ്ങളിൽ ഉൾപ്പെടുകയും എന്നാൽ രണ്ടാം അർദ്ധർഷത്തിലെ അംഗീകൃത പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും ചെയ്ത 2 സ്ഥാപനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ പ്രകാരം ഒന്നാം അർദ്ധർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | മഹീന്ദ്ര | 15 |
| 2 | സർവ്വീസ് സഹകരണ ബാങ്ക്, വെള്ളൂർ | 43 |

12. 2022-23 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടിക പ്രകാരം ബാധ്യതപ്പെട്ട 389 സ്ഥാപനങ്ങളിൽ ഉൾപ്പെടുകയും എന്നാൽ ഒന്നാം അർദ്ധ വർഷത്തിലെ അംഗീകൃത പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും ചെയ്ത 16 സ്ഥാപനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ പ്രകാരം രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ഫുഡ് N ഫൺ 1റസ്റ്റോറന്റ് | 1 |
| 2 | സീൽ മിനി മാർട്ട് | 15 |
| 3 | ലോല്ലിനോ | 15 |
| 4 | പവൻ ഗോൾഡ് & ഡയമണ്ട്സ് | 16 |
| 5 | ഐസോൾ ഓപ്റ്റിക്കൽസ് & ഐ ക്ലിനിക് | 17 |
| 6 | ടെക്നോ സേവി ഇൻസ്റ്റിറ്റ്യൂട്ട് | 17 |
| 7 | ലൈഫ് ഓഡിയോളജി & ചൈൽഡ് ഡെവലപ്മെന്റ് | 18 |
| 8 | ഷീ ലവ് | 18 |
| 9 | നിഖില ഹോമിയോ ക്ലിനിക് & ഫെർട്ടിലിറ്റി സെന്റർ | 18 |
| 10 | ശക്തി ഏജൻസീസ് | 18 |
| 11 | ജെ ആർ അസോസ്സിയേറ്റ്സ് | 18 |
| 12 | പാം ലാന്റ് എജ്യൂക്കേഷണൽ കൺസൾട്ടൻസി | 18 |
| 13 | എസ് &എസ് മാർക്കറ്റിംഗ് | 18 |
| 14 | ട്രെൻഡി സ്പോർട്സ് & ഫൂട്ട് വെയർ | 18 |
| 15 | കാറ്ററിംഗ് സർവീസസ്, പുഞ്ചക്കാട് | 24 |
| 16 | ഭട്ട്സ് ഹോമിയോ ക്ലിനിക് | 32 |

13. 2022-23 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധർഷങ്ങളിലേക്ക് തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടികകളിൽ ഉൾപ്പെടാതിരിക്കുകയും എന്നാൽ ഡിമാന്റ് രജിസ്റ്ററുകളിൽ ഉൾപ്പെടുകയും ചെയ്ത സ്ഥാപനങ്ങളുണ്ട്. ടി സ്ഥാപനങ്ങളിൽ ഡിമാന്റ് രജിസ്റ്ററിൽ ഒന്നാം അർദ്ധർഷത്തിൽ ഡിമാന്റ് ചെയ്യുകയും അതേ സമയം രണ്ടാം അർദ്ധർഷത്തിൽ ഡിമാന്റ് ചെയ്യപ്പെടാത്തതുമായ സ്ഥാപനങ്ങളുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഡിമാന്റ് ചെയ്ത കാലയളവ് | | ഡിമാന്റ് രജിസ്റ്റർ പേജ് നമ്പർ/ വാല്യം | വാർഡ് നമ്പർ |
|---|---|---|---|---|---|
| 1 | റിലയൻസ് ജിയോ | ഒന്നാം അർധ വർഷം | | 5 (1) | ലഭ്യമല്ല |
| 2 | ലൈഫ് സ്റ്റൈൽ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർധ വർഷം | | 5 (1) | ലഭ്യമല്ല |
| 3 | KPB നിധി ലിമിറ്റഡ് | ഒന്നാം അർധ വർഷം | | 5 (1) | ലഭ്യമല്ല |
| 4 | റിലയൻസ് ഡിജിറ്റൽ എക്സ്പ്രസ് മിനി | ഒന്നാം അർധ വർഷം | | 6 (1) | ലഭ്യമല്ല |
| 5 | യൂണിമണി ഫിനാൻഷ്യൽ | ഒന്നാം അർധ | | 6 (1) | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 6 | റിലയൻസ് SMSL | ഒന്നാം അർധ വർഷം | | 7 (1) | ലഭ്യമല്ല |
| 7 | അസോസിയേറ്റഡ് ഓയിൽ ഏജൻസീസ് | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 7 (1) | ലഭ്യമല്ല |
| 8 | റിലയൻസ് പ്രോജക്ട്സ് & പ്രോപ്പർട്ടീസ് | ഒന്നാം അർധ വർഷം | | 12 (1) | ലഭ്യമല്ല |
| 9 | പയനീയർ വെഹിക്കിൾസ് | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 15-16 (1) | ലഭ്യമല്ല |
| 10 | ക്വസ്സ് കോർപ്പ് ലിമിറ്റഡ് | ഒന്നാം അർധ വർഷം | | 17-18 (1) | ലഭ്യമല്ല |
| 11 | സൗത്ത് ഇന്ത്യൻ ബാങ്ക് | ഒന്നാം അർധ വർഷം | | 19 (1) | ലഭ്യമല്ല |
| 12 | ഭാരത് ലാജ്ന | ഒന്നാം അർധ വർഷം | | 19 (1) | ലഭ്യമല്ല |
| 13 | അമൃത ഫ്യൂവൽ സ്റ്റേഷൻ | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 34 (1) | ലഭ്യമല്ല |
| 14 | റീജിയണൽ ഓഫീസ്, പയ്യന്നൂർ | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 37 (1) | ലഭ്യമല്ല |
| 15 | പയ്യന്നൂർ താലൂക്ക് ഹോസ്പിറ്റൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ | ഒന്നാം അർധ വർഷം | | 38 (1) | ലഭ്യമല്ല |
| 16 | കെ പി ലൈഫ്സ്റ്റൈൽ, പയ്യന്നൂർ | ഒന്നാം അർധ വർഷം | | 42 (1) | ലഭ്യമല്ല |
| 17 | ഗ്രാന്റ് കൊച്ചിൻ റീട്ടെയിൽ എൽ എൽ പി | ഒന്നാം അർധ വർഷം | | 48 (1) | ലഭ്യമല്ല |
| 18 | നിയർ ഓപ്പസിറ്റ് | ഒന്നാം അർധ വർഷം | | 49 (1) | ലഭ്യമല്ല |
| 19 | ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 51 (1) | ലഭ്യമല്ല |
| 20 | AKASGVHSS പയ്യന്നൂർ | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 52 (1) | ലഭ്യമല്ല |
| 21 | റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്റർ, പയ്യന്നൂർ | ഒന്നാം അർധ വർഷം | | 55 (1) | ലഭ്യമല്ല |
| 22 | സുന്ദരം ഫൈനാൻസ് ലിമിറ്റഡ് | ഒന്നാം അർധ വർഷം | | 61 (1) | ലഭ്യമല്ല |
| 23 | ചോള ബിസിനസ് സർവീസസ് ലിമിറ്റഡ് | ഒന്നാം അർധ വർഷം | | 62 (1) | ലഭ്യമല്ല |
| 24 | DDRC SRL Diagnostics Ltd, പെരുമ്പ | ഒന്നാം അർധ വർഷം | | 78 (1) | ലഭ്യമല്ല |
| 25 | ഗവ. ഫിഷറീസ് എൽ പി സ്കൂൾ, കവ്വായി | ഒന്നാം അർധ വർഷം | | 79 (1) | ലഭ്യമല്ല |
| 26 | GMUP സ്കൂൾ, കവ്വായി | ഒന്നാം അർധ വർഷം | | 80 (1) | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 27 | പയ്യന്നൂർ ടൂറിസം ഹോട്ടൽ തൊഴിലാളി വ്യവസായ സഹകരണ സംഘം | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 15-17 (2) | ലഭ്യമല്ല |
| 28 | കേരള ദിനേശ് ബീഡി പയ്യന്നൂർ ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം | ഒന്നാം അർധ വർഷം | | 17 (2) | ലഭ്യമല്ല |
| 29 | ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, ബിസിനസ് സെന്റർ, പയ്യന്നൂർ | ഒന്നാം അർധ വർഷം | | 23 (2) | ലഭ്യമല്ല |
| 30 | ME, LSGD, പയ്യന്നൂർ മുനിസിപ്പാലിറ്റി | ഒന്നാം അർധ വർഷം | | 24 (2) | ലഭ്യമല്ല |
| 31 | മിനി സിവിൽ സ്റ്റേഷൻ, പയ്യന്നൂർ | ഒന്നാം അർധ വർഷം | | 24 (2) | ലഭ്യമല്ല |
| 32 | പയനീയർ മോട്ടോർസ് കണ്ണൂർ പ്രൈവറ്റ് ലിമിറ്റഡ്, പയ്യന്നൂർ (APE Payyanur Division) | ഒന്നാം അർധ വർഷം | | 29 (2) | ലഭ്യമല്ല |
| 33 | SHOPPRIX | ഒന്നാം അർധ വർഷം | രണ്ടാം അർധ വർഷം | 43 (2) | ലഭ്യമല്ല |
| 34 | Assistant Registrar Of Co-Operative Societies (General), Payyanur | ഒന്നാം അർധ വർഷം | | 66 (2) | ലഭ്യമല്ല |
| 35 | ലൈഫ് സ്റ്റൈൽ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് മാക്സ് റീട്ടയിൽ ഡിവിഷൻ | ഒന്നാം അർധ വർഷം | | 71 (2) | ലഭ്യമല്ല |
| 36 | നഗരസഭ, PMAY Social Development Specialist | ഒന്നാം അർധ വർഷം | | 89 (1) | ലഭ്യമല്ല |

14. 2022-23 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തെങ്കിലും നഗരസഭയിൽ പ്രസ്തുത നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് നമ്പർ | ഡിമാൻഡ് നമ്പർ & തീയതി | ഡിമാൻഡ് തുക (രൂപ) |
|---|---|---|---|---|
| 1 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കോറോം | 10 | 122003-0370/06.02.2023 | 26,000/- |
| 2 | ഗവ. ഹൈസ്കൂൾ, കോറോം | 10 | 122003-0400/15.02.2023 | 17,500/- |
| 3 | അശ്വതി ഗ്യാസ് ഏജൻസീസ് | 15 | 122003-0372/10.02.2023 | 10,000/- |
| 4 | തമിഴ്നാട് മെർക്കന്റൈൽ ബാങ്ക് ലിമിറ്റഡ് | 28 | 122003-0369/06.02.2023 | 5,000/- |

ഡിമാന്റ് ചെയ്ത തൊഴിൽ നികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച് 17.01.2024 ന് നൽകിയ 50-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വിനോദനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ -നഗരസഭയ്ക്ക് 1,89,935/-രൂപ നഷ്ടം

1961 ലെ Kerala Local Authorities Entertainment Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയേറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainment Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainment Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ അധികരിക്കാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ

കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പയ്യന്നൂർ നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തിൽ രാജധാനി സിനിമ,രാജധാനി മിനിപ്ലക്സ്,സുമംഗലി സിനിമ,സുമംഗലി മിനിപ്ലക്സ്,സുമംഗലി സിനിപ്ലക്സ്, ആരാധന മൂവി ഹൗസ്,അർച്ചന മൂവി ഹൗസ് എന്നീ തീയേറ്ററുകളാണ് പ്രവർത്തിച്ചിരുന്നത്.ലഭ്യമായ രേഖകൾ പ്രകാരം 2022 ഏപ്രിൽ മാസം മുതൽ അടിസ്ഥാന പ്രവേശന നിരക്ക് 100/- രൂപയായതിനാൽ 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്. അടിസ്ഥാന പ്രവേശന നിരക്കായ 100/- രൂപയുടെ 5% ആയ 5/- രൂപയാണ് ഒരു ടിക്കറ്റിന്റെ വിനോദ നികുതിയായി ഈടാക്കി വരുന്നത്. തീയേറ്ററിൽ നിന്നും ലഭിക്കുന്ന പ്രതിമാസ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയാണ് വിനോദ നികുതിയായി ഈടാക്കി വരുന്നത്. 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം (RP-1, കോഡ്-110100200) വിനോദ നികുതി ഇനത്തിലെ ആകെ വരവ് 1799502/- രൂപയാണ് .

2022-23 സാമ്പത്തിക വർഷത്തിലെ വിനോദനികുതി വരവ് സംബന്ധിച്ച് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) രാജധാനി സിനിമ,രാജധാനി മിനിപ്ലക്സ്,സുമംഗലി സിനിമ,സുമംഗലി മിനിപ്ലക്സ്, സുമംഗലി സിനിപ്ലക്സ് എന്നീ 5 സ്ക്രീനുകളുടെ 2022 ഒക്ടോബർ മാസത്തിലെ വിനോദനികുതി നഗരസഭയിൽ ഒടുക്കിയിട്ടില്ല. കൂടാതെ മേൽ പരാമർശിച്ച 5 സ്ക്രീനുകളുടെയും 2022 ഒക്ടോബർ മാസത്തെ ഡെയ്‌ലി കലക്ഷൻ റിപ്പോർട്ട് (DCR) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ സെപ്തംബർ, നവംബർ മാസത്തെ ഡെയ് ലി കലക്ഷൻ റിപ്പോർട്ട് ഫയലിലുണ്ട്. പ്രസ്തുത സ്ക്രീനുകളുടെ 2022 സെപ്തംബർ, നവംബർ മാസങ്ങളിലെ ഡെയ്‌ലി കലക്ഷൻ റിപ്പോർട്ട് പ്രകാരമുള്ള ടിക്കറ്റുകളുടെ സീരിയൽ നമ്പർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ മാസം 1,89,935/-രൂപ അടവാക്കേണ്ടതായിരുന്നുവെന്ന് വ്യക്തമാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| സ്ക്രീനിന്റെ പേര് | 2022 സെപ്തംബർ മാസത്തെ DCR പ്രകാരം ടിക്കറ്റിന്റെ അവസാനത്തെ ക്രമനമ്പർ | 2022 നവംബർ മാസത്തെ DCR പ്രകാരം ടിക്കറ്റിന്റെ ആദ്യത്തെ ക്രമനമ്പർ | 2022 ഒക്ടോബർ മാസം വിൽപ്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണം. | 2022 ഒക്ടോബർ മാസം അടവാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| രാജധാനി സിനിമ | 78892 | 89942 | 11049 | ₹55,245/- |
| രാജധാനി മിനിപ്ലക്സ് | 26230 | 29187 | 2956 | ₹14,780/- |
| സുമംഗലി സിനിമ | 209625 | 223375 | 13749 | ₹68,745/- |
| സുമംഗലി മിനിപ്ലക്സ് | 91011 | 95262 | 4250 | ₹21,250/- |
| സുമംഗലി | 131107 | 137091 | 5983 | ₹29,915/- |

| | | | | |
|---|---|---|---|---|
| സിനിപ്ലക്സ് | | | | |
| ആകെ | | | 37987 | ₹1,89,935/- |

2.ആരാധന മൂവി ഹൗസ്, അർച്ചന മൂവി ഹൗസ് എന്നീ തീയേറ്ററുകൾ 2022 മാർച്ച് മാസം മുതൽ 2022 ആഗസ്ത് മാസം വരെയുള്ള വിനോദനികുതി നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ DCR ഫയലിൽ ലഭ്യമല്ല. 2022 സെപ്റ്റംബർ മാസം മുതൽ പ്രസ്തുത തീയേറ്ററുകളിൽ നിന്ന് വിനോദനികുതി ഈടാക്കായിട്ടില്ല.

3. DCR പ്രകാരം രാജധാനി സിനിമയുടെ 2022 മെയ് മാസം വിൽപ്പന നടത്തിയ ടിക്കറ്റുകളുടെ അവസാന സീരിയൽ നമ്പർ 40089 ആണ്. പ്രസ്തുത തീയേറ്ററിന്റെ 2022 ജൂൺ മാസത്തെ DCR പ്രകാരം മുന്നിരിപ്പ് പൂജ്യവും തൻമാസം വിൽപ്പന നടത്തിയ അവസാന ടിക്കറ്റിന്റെ ക്രമനമ്പർ 44228 ഉം ആണ്. DCR പ്രകാരം തൻമാസത്തെ വിൽപ്പന 4217 ആണ്. 2022 ജൂലൈ മാസത്തിലെ DCR പ്രകാരം മുന്നിരിപ്പ് ക്രമനമ്പർ 44307-ഉം ആണ്.

4. 2023 ജൂൺ മാസം മുതൽ 2023 നവംബർ മാസം വരെയുള്ള കാലയളവിലെ സുമംഗലി സിനിമ,സുമംഗലി മിനിപ്ലക്സ്,സുമംഗലി സിനിപ്ലക്സ് എന്നീ സ്ക്രീനുകളുടെ DCR ൽ വിൽപ്പന നടത്തിയ ടിക്കറ്റുകളുടെ സീരിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5.2022 മാർച്ച് മാസം വരെയുള്ള കാലയളവിലെ ടിക്കറ്റിന്റെ അടിസ്ഥാന പ്രവേശന നിരക്ക് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6.മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയതിക്ക് മുൻപ് നഗരസഭയിൽ അടവാക്കേണ്ടതാണ്. എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും വൈകിയാണ് നികുതി ഒടുക്കുന്നതെന്നും ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിനോദ നികുതി വൈകി അടവാക്കുമ്പോൾ പിഴപ്പലിശ ഈടാക്കുന്നുമില്ല. വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത്തിയതായി രേഖകളില്ല.

7.വിൽപ്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണം,ഈടാക്കിയ വിനോദനികുതി എന്നിവ രേഖപ്പെടുത്തിയ വിനോദനികുതി ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കാത്തത് വീഴ്ചയാണ്. തീയേറ്റർ ഉടമകൾ സമർപ്പിക്കുന്ന ടിക്കറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയ പട്ടികകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് വിനോദനികുതി ഈടാക്കി വരുന്നത്.

8.ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.തിയേറ്ററുകൾ ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനാനുപാതികമായാണ് വിനോദ നികുതി ഈടാക്കേണ്ടതെങ്കിലും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി കൃത്യത പരിശോധിക്കാതെ തിയേറ്റർ അധികൃതർ ലഭ്യമാക്കുന്ന ഡി സി ആറിൽ സൂചിപ്പിച്ചിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം കണക്കിലെടുത്ത് (ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് അനുസരിച്ചുള്ളത്) വിനോദനികുതി ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ജി.എസ്.ടി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് 12.01.2024 തീയതിയിൽ നൽകിയ 40-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. പയ്യന്നൂർ നഗരസഭാ പരിധിയിലെ രാജധാനി സിനിമ, രാജധാനി മിനിപ്ലക്സ്, സുമംഗലി സിനിമ, സുമംഗലി മിനിപ്ലക്സ്, സുമംഗലി സിനിപ്ലക്സ് എന്നീ തീയേറ്ററുകൾക്ക് 2022 ഒക്ടോബർ മാസത്തെ വിനോദ നികുതി ഒടുക്കുന്നതിനായി തിയേറ്റർ ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

2. ആരാധന മൂവി ഹൗസ്, അർച്ചന മൂവി ഹൗസ് എന്നീ തീയ്യറ്ററുകൾ വിനോദ നികുതി നഗരസഭയിൽ ഒടുക്കിയതിന്റെ ഡി സി ആർ ടി തിയേറ്ററുകളിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുമെന്നും സെപ്തംബർ 2022 മുതൽ 2023 മാർച്ച് വരെ ആരാധന മൂവി ഹൗസ്, അർച്ചന മൂവി ഹൗസ് തിയേറ്ററുകൾ പുനർ നിർമ്മാണത്തിനായി അടച്ചിട്ടുള്ളതാണെന്നും ടി കാലയളവിൽ ടി തിയേറ്ററുകൾ പ്രവർത്തിച്ചിരുന്നില്ല എന്നത് റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

3. ഡി സി ആർ പ്രകാരം രാജധാനി സിനിമ തിയേറ്റർ 2022 ജൂൺ മാസം വിൽപന നടത്തിയ ടിക്കറ്റുകളുടെ എണ്ണവും ടി മാസം വിൽപന നടത്തിയ ആദ്യ-അവസാന ടിക്കറ്റുകളുടെ ക്രമനമ്പരുകൾ തമ്മിലുള്ള

വ്യത്യാസവും തമ്മിലുള്ള അന്തരം സംബന്ധിച്ച് തിയേറ്റർ ഉടമയിൽ നിന്ന് വിശദീകരണം ലഭ്യമാക്കി ആയത് പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

4. 2023 ജൂൺ മാസം മുതൽ 2023 നവംബർ മാസം വരെയുള്ള കാലയളവിൽ സുമംഗലി സിനിമ, സുമംഗലി മിനിപ്ലക്സ്, സുമംഗലി സിനിപ്ലക്സ് എന്നീ തിയേറ്ററുകളിൽ ടി മാസങ്ങളിൽ വിൽപ്പന നടത്തിയ ആദ്യ-അവസാന ടിക്കറ്റുകളുടെ ക്രമനമ്പർ ടി മാസങ്ങളിലെ DCR ൽ രേഖപ്പെടുത്തിയിട്ടില്ലാത്തത് സംബന്ധിച്ച് തിയേറ്റർ ഉടമയിൽ നിന്ന് വിശദീകരണം ലഭ്യമാക്കി ആയത് പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

5. 2022 മാർച്ച് മാസം വരെയുള്ള കാലയളവിലെ ടിക്കറ്റിന്റെ അടിസ്ഥാന പ്രവേശന നിരക്ക് സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. എന്നാൽ നിലവിൽ അടിസ്ഥാന പ്രവേശന നിരക്ക് 100/- രൂപയാണ് എന്ന് അറിയിച്ചിട്ടുണ്ട്.

6. ഓരോ മാസത്തെയും വിനോദ നികുതി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ തന്നെ നഗരസഭയിൽ ഒടുക്കാൻ തിയേറ്റർ ഉടമകൾക്ക് നിർദ്ദേശം നൽകുന്നതാണെന്നും വീഴ്ച വരുത്തുന്ന പക്ഷം നിയമാനുസൃത പിഴപ്പലിശ ഈടാക്കുന്നതാണെന്നും വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

7. 2023-24 സാമ്പത്തിക വർഷം മുതലുള്ള വിനോദ നികുതി സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

8. എല്ലാ തിയേറ്ററുകളിൽ നിന്നും ജി എസ് ടി റിട്ടേണുകൾ ലഭ്യമാക്കുന്നതും ആയത് പരിശോധിച്ച് ജി എസ് ടി ഒടുക്കിയ ടിക്കറ്റുകളുടെ ആനുപാതികമായാണോ നികുതി ഒടുക്കിയിരുന്നത് എന്ന് ഉറപ്പുവരുത്തുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ 1-ൽ സൂചിപ്പിച്ച വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് സംഭവിച്ച 1,89,935/-രൂപയുടെ നഷ്ടം പലിശ സഹിതം ബന്ധപ്പെട്ട തിയേറ്ററുകളിൽ നിന്നും തിരികെ ഈടാക്കേണ്ടതും ക്രമ നമ്പർ 2 മുതൽ 8 വരെ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിച്ച് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. DCR നോടൊപ്പം GST റിട്ടേണുകൾ കൂടി ലഭ്യമാക്കാൻ തിയേറ്ററുകളോട് ആവശ്യപ്പെടേണ്ടതും ഇവ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. (ഭാഗം 2 ലെ ഖണ്ഡിക 2-2 കൂടി കാണുക).

## 1-16 സിനിമാ തിയേറ്ററുകൾ ,മൊബൈൽ ടവറുകൾ മുതലായവ IFTEOS ലൈസൻസ് എടുത്തിട്ടില്ല

പയ്യന്നൂർ നഗരസഭയിൽ ഒമ്പത് തീയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. സിനിമാ റഗുലേഷൻ ആക്റ്റ് പ്രകാരമുള്ള ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക II ക്രമ നമ്പർ: 380 പ്രകാരം സിനിമ തിയേറ്ററുകൾക്ക് ഈ ലൈസൻസ് ആവശ്യമാണ്. എന്നാൽ മേൽ തിയേറ്ററുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങളിലെ ക്രമ നമ്പർ 300 പ്രകാരം മൊബൈൽ ടവറുകൾക്കുള്ള ലൈസൻസ് അനുവദിച്ചതായും കാണുന്നില്ല.

ഭേദഗതി ചട്ടങ്ങൾ പ്രകാരം ഉൾപ്പെടുത്തിയ പട്ടികയിലെ വിവിധ കാറ്റഗറിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സ് - മുറികളുടെ വാടകയിനത്തിൽ 1,38,774/- രൂപയുടെ കുടിശ്ശിക

**1.** പയ്യന്നൂർ നഗരസഭയുടെ അധീനതയിലുള്ള പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സിലെ D4, G12, G15, G16 എന്നീ മുറികളുടെ വാടകയിനത്തിൽ 01.10.2021 മുതൽ 31.03.2023 വരെയുള്ള കാലയളവിൽ കുത്തകാവകാശികളിൽ നിന്നും യഥാസമയം വാടക പിരിച്ചെടുക്കുന്നതിലുള്ള വീഴ്ച മൂലം നഗരസഭയ്ക്ക് വാടകയിനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ 1,38,774/- രൂപയുടെ (1% പിഴപ്പലിശ പുറമേ) കുടിശ്ശിക ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കുത്തകാവകാശിയുടെ പേര് | ഫയൽ നമ്പർ | മുറിയുടെ നമ്പർ | പ്രതിമാസ വാടക (18% ജി.എസ്.ടി. ഉൾപ്പെടെ) (രൂപ) | വാടക കുടിശ്ശിക കാലയളവ് | ആകെ വാടക കുടിശ്ശിക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | ശ്രീമതി.എം.ഗീത | R2 22662/06 | D4 | 2,452/- | 01.04.2022 - 31.03.2023 | 29,424/- (12*2452) | നഗരസഭാ കൗൺസിലിന്റെ 23.05.2022 തീയതിയിലെ 37-ാം നമ്പർ തീരുമാന പ്രകാരം നിലവിലുള്ള ലൈസൻസ് ഫീസിൽ (1662/-രൂപ) 25% വർദ്ധനവ് വരുത്തി 2,078/- രൂപ പ്രതിമാസ വാടകയിൽ D4 നമ്പർ മുറി 01.03.2022 മുതൽ 3 വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുണ്ട്. |
| 2 | സെക്രട്ടറി, കണ്ണൂർ വീവേഴ്സ് സൊസൈറ്റി | R2 18074/08 | G12 | 3,500/- | 01.10.2021 – 31.03.2023 | 63,000/- (18*3500) | നഗരസഭാ കൗൺസിലിന്റെ 27.01.2021തീയതിയിലെ 21-ാം നമ്പർ തീരുമാന പ്രകാരം 2,966/- രൂപ പ്രതിമാസ വാടകയിൽ G12 നമ്പർ മുറി 01.01.2021 മുതൽ 3 വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുണ്ട്. |
| 3 | സെക്രട്ടറി, സി.പി.ഐ (എം) പെരുമ്പ ബ്രാഞ്ച് | R2 13660/08 | G15 | 1,608/- | 01.01.2022 – 31.03.2023 | 24,120/- (15*1608) | നഗരസഭാ കൗൺസിലിന്റെ 10.05.2021 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കമ്മിറ്റി | | | | | | തീയതിയിലെ 33-ാം നമ്പർ തീരുമാന പ്രകാരം 1,364/- രൂപ പ്രതിമാസ വാടകയിൽ G15 നമ്പർ മുറി 01.04.2021 മുതൽ 3വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുണ്ട്. |
| 4 | സെക്രട്ടറി, ചുമട്ട് തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു), പെരുമ്പ ഡിവിഷൻ കമ്മിറ്റി | R2 13660/08 | G16 | 1,482/- | 01.01.2022 – 31.03.2023 | 22,230/- (15*1482) | നഗരസഭാ കൗൺസിലിന്റെ 10.05.2021 തീയതിയിലെ 32-ാം നമ്പർ തീരുമാന പ്രകാരം 1,256/- രൂപ പ്രതിമാസ വാടകയിൽ G16 നമ്പർ മുറി 01.01.2021 മുതൽ 3വർഷത്തേയ്ക്ക് പുതുക്കി നൽകിയിട്ടുണ്ട്. |
| | ആകെ വാടക കുടിശ്ശിക | | | | | **1,38,774/-** | |

പയ്യന്നൂർ നഗരസഭയുടെ അധീനതയിലുള്ള പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സിലെയും സി.ഡി.എസ്. കോംപ്ലക്സിലെയും മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ ടെണ്ടർ/ലേല നിബന്ധനകളിലെ നിബന്ധന (7) പ്രകാരം "ഒരു മുറിയുടെ പ്രതിമാസ ലൈസൻസ് ഫീസ് അതാത് മാസം 5-ാം തീയതിക്ക് മുമ്പായി നഗരസഭാ ഖജനാവിൽ ഒടുക്കേണ്ടതാണെന്നും വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 2% (2 ശതമാനം) പിഴപലിശ സഹിതം ലൈസൻസിയിൽ നിന്നും ഈടാക്കുന്നതാണെന്നും ലൈസൻസ് ഫീസ് മൂന്നുമാസം തുടർച്ചയായി ഒടുക്കുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം കുടിശ്ശിക ഈടാക്കുന്നതും മുറി ഒഴിപ്പിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും മൂന്ന് മാസത്തിൽ കൂടുതൽ വീഴ്ച വരുത്തുന്നവർ ആയത് ചോദ്യം ചെയ്യുവാനോ നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിനോ ലൈസൻസിക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ലായെന്നും ആയതിന് ആവശ്യമായ എല്ലാ ചെലവുകളും സെക്രട്ടറിയുടെ ഇഷ്ടാനുസരണം ലൈസൻസിയിൽനിന്നും ഈടാക്കുന്നതായിരിക്കുമെന്നും പറയുന്നുണ്ടെങ്കിലും", ലൈസൻസ് ഫീസ് മൂന്നുമാസം തുടർച്ചയായി ഒടുക്കുന്നതിൽ വീഴ്ചവരുത്തിയ മേൽ പരാമർശിച്ച വ്യക്തികൾക്കെതിരെ നഗരസഭ അത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു.

മേൽ പരാമർശിച്ച 1,38,774/- രൂപയുടെ (29424+63000+24120+22230) വാടക കുടിശ്ശിക സംബന്ധിച്ച 19.01.2024 തീയതിയിലെ 59-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിത മുറികളുടെ വാടക കുടിശ്ശിക ബന്ധപ്പെട്ടവരിൽ നിന്നും പിഴപലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് മൂന്നുമാസം തുടർച്ചയായി ഒടുക്കുന്നതിൽ വീഴ്ചവരുത്തിയ കുത്തകാവകാശികളിൽ നിന്നും കുടിശ്ശിക ഈടാക്കി മുറി ഒഴിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്താമാക്കേണ്ടതാണ്. ഇല്ലെങ്കിൽ ഇതിനായുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. പിഴപ്പലിശ ഈടാക്കുന്നതിൽ നഗരസഭയുടെ ബൈലോ നിബന്ധന പാലിക്കുന്നില്ല**

പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 17.08.2000 തീയതിയിലെ ലെ 11-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച നഗരസഭയുടെ പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സിലെയും സി.ഡി.എസ് കോംപ്ലക്സിലെയും മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ ടെണ്ടർ/ലേല നിബന്ധനകളിലെ നിബന്ധന (7) പ്രകാരം ഒരു മുറിയുടെ പ്രതിമാസ ലൈസൻസ് ഫീസ് അതാത് മാസം 5-ാം തീയതിക്ക് മുമ്പായി നഗരസഭാ ഖജനാവിൽ ഒടുക്കേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 2% (2ശതമാനം) പിഴപലിശ വീതം ലൈസൻസിയിൽ നിന്ന് ഈടാക്കുന്നതുമാണെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിലവിൽ പ്രതിമാസം 1% (ഒരു ശതമാനം) നിരക്കിലാണ് പിഴപലിശ ഈടാക്കുന്നതെന്ന് 2022-23വർഷത്തെ വാടക ഡിമാൻഡ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.
പരസ്യലേലം നടത്താത്തതിനാൽ വാടകയിനത്തിൽ കാലികമായ വരുമാനവർദ്ധനവ് ലഭിക്കുന്നില്ല.
പരസ്യലേലം നടത്തി വാടക,ഡെപ്പോസിറ്റ് തുകയിൽ കാലികമായ വർദ്ധനവ് വരുത്താതെ നിലവിലുള്ള വാടകക്കാരന് തന്നെ അനുവദിച്ച് നൽകുന്നത് വഴിയും വാർഷിക വർദ്ധനവ് വരുത്താത്തത് വഴിയും നഗരസഭക്ക് ഈയിനത്തിൽ കാര്യമായ വരുമാനവർദ്ധനവ് ലഭിക്കാത്ത സാഹചര്യമുണ്ട്.
മേൽ പരാമർശിച്ച 1,39,179/-രൂപയുടെ (29424+63000+24330+22425) വാടക കുടിശ്ശിക സംബന്ധിച്ച 19.01.2024 തീയതിയിലെ 59-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പെരുമ്പ ഫിഷ് മാർക്കറ്റ് ലേലം-ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച മൂലം 2,40,130/- രൂപയുടെ റവന്യൂനഷ്ടം

ഫയൽ നമ്പർ- **R2-01/2022**

പയ്യന്നൂർ നഗരസഭയുടെ അധീനതയിലുള്ള പെരുമ്പ ഫിഷ് മാർക്കറ്റ് ലേലത്തിൽ (ലേല തീയതി:09.02.2022) പങ്കെടുത്ത 6 പേരിൽ ഏറ്റവും കൂടുതൽ തുക വിളിച്ച ടി.ഷാജഹാൻ എന്നവരുടെ 4,07,000/- രൂപയുടെ (നാലു ലക്ഷത്തി ഏഴായിരം രൂപ) (18% ജി എസ് ടി പുറമെ) ലേലം നഗരസഭാ കൗൺസിലിന്റെ 26.02.2022 തീയതിയിലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട് (കരാർ നമ്പർ ഇല്ല / തീയതി 01-04-2022). ലേല നിബന്ധന പ്രകാരം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലസംഖ്യയുടെ 50% ലേലം കൊണ്ട തീയതിയിൽ തന്നെ കെട്ടിവെയ്ക്കേണ്ടതും ബാക്കി തുക ലേലം കൗൺസിൽ അംഗീകരിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ആയതിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒടുക്കേണ്ടതുമാണ്. ലേലം കൊണ്ട വ്യക്തിയായ ടി ഷാജഹാൻ 50% ലേലത്തുകയായ 2,03,500/- (രണ്ടു ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ് രൂപ) രൂപയും 18% ജി എസ് ടി യും ഉൾപ്പെടെ ആകെ 2,40,130/-രൂപ 09.02.2022 തീയതിയിൽ തന്നെ (രസീത് നമ്പർ-121010121217 തീയതി 09-02-2022) അടവാക്കിയിരുന്നു. ധനകാര്യ സ്ഥിരം സമിതിയുടെ 04.04.2022 തീയതിയിലെ 31-ാം നമ്പർ തീരുമാന പ്രകാരം ബാക്കി 50% ലേലത്തുക 3 തുല്യഗഡുക്കളായി 31.05.2022, 31.07.2022, 30.09.2022 എന്നീ തീയതികൾക്കുള്ളിൽ അടവാക്കുന്നതിനായി കൗൺസിലിലേക്ക് ശിപാർശ ചെയ്യുകയും നഗരസഭ കൗൺസിലിന്റെ 05-04-2022 തീയതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തീയതികൾക്കുള്ളിൽ കരാറുകാരൻ തുക അടവാക്കിയിട്ടില്ലെന്ന് മാത്രമല്ല, നാളിതുവരെയായും നഗരസഭയ്ക്ക് കരാറുകാരനിൽ നിന്ന് കുടിശ്ശിക തുക പിരിച്ചെടുക്കുവാനായിട്ടില്ല. യഥാസമയം ലേലത്തുക പിരിച്ചെടുക്കുന്നതിലുണ്ടായ വീഴ്ച മൂലം നഗരസഭക്ക് ഈയിനത്തിൽ റവന്യൂനഷ്ടമുണ്ടായത് സംബന്ധിച്ചും റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് തുക പിഴപ്പലിശ സഹിതം നാളിതുവരെ പിരിച്ചെടുക്കാത്തത് സംബന്ധിച്ച് 10.01.2024 തീയതിയിൽ നൽകിയ 25-ാം നമ്പർ ഓഡിറ്റ് നമ്പർ എൻക്വയറിക്ക് മറുപടിയായി നിരവധി തവണ നോട്ടീസ് നൽകിയിട്ടും, രജിസ്ട്രേഡ് വിത്ത് എഡി അയച്ചിട്ടും

ലേലം കൊണ്ടയാൾ ബാക്കിത്തുക നഗരസഭയിൽ ഒടുക്കാത്തതിനെത്തുടർന്ന് പ്രസ്തുത വിഷയം ധനകാര്യ സ്ഥിരം സമിതി മുമ്പാകെ സമർപ്പിക്കുകയും ധനകാര്യ സ്ഥിരം സമിതിയുടെ 15.09.2023 തീയതിയിലെ 28-ാം നമ്പർ എഫ് എസ് സി തീരുമാന പ്രകാരം പ്രസ്തുത വ്യക്തിയെ നേരിൽ കേട്ടപ്പോൾ 2022 സെപ്റ്റംബർ മാസം അവസാനത്തിന് മുമ്പ് മുഴുവൻ തുകയും ഒടുക്കുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും അനുവദിച്ച സമയത്തിനകം അദ്ദേഹം തുക ഒടുക്കിയിട്ടില്ലെന്നും ആയതിനാൽ ലേലത്തുകയുടെ ബാക്കി ഈടാക്കുന്നതിനായി ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെരുമ്പ ഫിഷ് മാർക്കറ്റ് ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച മൂലം നഗരസഭയ്ക്ക് വന്ന 2,40,130/- രൂപയുടെ നഷ്ടം പിഴപ്പലിശ സഹിതം പ്രസ്തുത വ്യക്തിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഭാഗം 2 ലെ ഖണ്ഡിക 2-1 കൂടി കാണുക)

## 1-19 ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച - 31,890 രൂപയുടെ റവന്യൂ നഷ്ടം

ഫയൽ നമ്പർ: **R2-01/2022**

**1.** ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലെ വെയിറ്റിംഗ് ഷെൽട്ടറിൽ ടിവി സ്ഥാപിച്ച് പരസ്യം സംപ്രേഷണം ചെയ്യുന്നതിനുള്ള അവകാശം **- 14,750/-** രൂപയുടെ റവന്യൂ നഷ്ടം

പയ്യന്നൂർ നഗരസഭയുടെ അധീനതയിലുള്ള ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലെ വെയിറ്റിംഗ് ഷെൽട്ടറിൽ ടിവി സ്ഥാപിച്ച് പരസ്യം സംപ്രേഷണം ചെയ്യുന്നതിനുള്ള അവകാശത്തിനായുള്ള 03.03.2022 തീയതിയിലെ പുനർലേലത്തിൽ പങ്കെടുത്ത 2 പേരിൽ ഏറ്റവും കൂടുതൽ തുക വിളിച്ച സവാദ് കെ എന്നവരുടെ 12,500/- രൂപയുടെ (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) (18% ജി എസ് ടി പുറമെ) (2250 രൂപ) ലേലം നഗരസഭാ കൗൺസിലിന്റെ 26.03.2022 തീയതിയിലെ 12-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. (ബന്ധപ്പെട്ട ലേല ഡയറി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല). ലേല നിബന്ധന (1) പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ലേലം കൊള്ളുന്ന ഇനത്തിന് നിശ്ചയിച്ച നിരതദ്രവ്യം (10,000/- രൂപ) നഗരസഭാ ഫണ്ടിൽ ഒടുക്കണമെന്നും ലേല നിബന്ധന (6) പ്രകാരം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലസംഖ്യയുടെ 50% (6,250/-രൂപ) ലേലം കൊണ്ട തീയതിയിൽ തന്നെ കെട്ടിവെയ്ക്കേണ്ടതും ബാക്കി തുക (6,250/- രൂപ) ലേലം കൗൺസിൽ അംഗീകരിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ആയതിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒടുക്കേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും മേൽ പരാമർശിച്ച നിരതദ്രവ്യം, (10000 രൂപ) ലേലത്തുക (14750 രൂപ) എന്നിവ നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് ലേല ഡിമാൻഡ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ 14750/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ ലേല നിബന്ധന (6) പ്രകാരം ലേലം ഉറപ്പിച്ചയാൾ 200/- രൂപയുടെ മുദ്രപത്രത്തിൽ നഗരസഭാ സെക്രട്ടറി മുമ്പാകെ ഉടമ്പടി സമർപ്പിച്ച് ലേല വസ്തു ഏറ്റെടുക്കണമെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത കരാർ ഉടമ്പടി രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

**2.** ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് മുകളിൽ പരസ്യ ബോർഡ് സ്ഥാപിച്ച് പരസ്യം പതിക്കുന്നതിനുള്ള അവകാശം **- 5,340/-** രൂപയുടെ റവന്യൂ നഷ്ടം

പയ്യന്നൂർ നഗരസഭയുടെ അധീനതയിലുള്ള ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് മുകളിൽ 30”X15” അളവിലും ടാക്സി സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന് മുകളിൽ 20”X18”, 20”X10” അളവിൽ പരസ്യ ബോർഡ് സ്ഥാപിച്ച് പരസ്യം പതിക്കുന്നതിനുള്ള അവകാശത്തിനായുള്ള 09.02.2022 തീയതിയിലെ ലേലത്തിൽ പങ്കെടുത്ത 3 പേരിൽ ഏറ്റവും കൂടുതൽ തുക വിളിച്ച സുധീഷ് ടി വി എന്നവരുടെ 13,000/- രൂപയുടെ (പതിമൂവായിരം രൂപ) (18% ജി എസ് ടി പുറമെ) (2340 രൂപ) ലേലം നഗരസഭാ കൗൺസിലിന്റെ 26.02.2022 തീയതിയിലെ 3-ാം നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ലേല നിബന്ധന (1) പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ലേലം കൊള്ളുന്ന ഇനത്തിന് നിശ്ചയിച്ച നിരതദ്രവ്യം (10,000/- രൂപ) നഗരസഭാ ഫണ്ടിൽ ഒടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് ഒടുക്കിയിട്ടില്ല എന്ന് ലേല ഡിമാൻഡ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ലേല നിബന്ധന (6) പ്രകാരം ലേലം ഉറപ്പിച്ചയാൾ 200/-രൂപയുടെ മുദ്രപത്രത്തിൽ നഗരസഭാ സെക്രട്ടറി മുമ്പാകെ ഉടമ്പടി സമർപ്പിച്ച് ലേല വസ്തു ഏറ്റെടുക്കണമെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ലേലം കൊണ്ട വ്യക്തിയായ സുധീഷ് ടി വി 50% ലേലത്തുകയായ 6,500/- രൂപയും (ആറായിരത്തി അഞ്ഞൂറ് രൂപ)

18% ജി എസ് ടി യും (1170രൂപ) ഉൾപ്പെടെ ആകെ 7,670/-രൂപയാണ് (ഏഴായിരത്തി അറുനൂറ്റി എഴുപത് രൂപ) ലേല നിബന്ധന (6) പ്രകാരം ലേലം കൊണ്ട തീയതിയിൽ (09.02.2022) തന്നെ കെട്ടിവെയ്ക്കേണ്ടതെങ്കിലും പ്രസ്തുത വ്യക്തി 10,000/- രൂപ (പതിനായിരം രൂപ) പ്രസ്തുത തീയതിയിൽ തന്നെ (രസീത് നമ്പർ: 121010121219തീയതി: 09.02.2022) മുൻകൂർ ലേലത്തുകയായി നഗരസഭയിൽ അടവാക്കിയിരുന്നു. എന്നാൽ പ്രസ്തുത തുകയുടെ 18% ജി എസ് ടി തുകയായ 1,800/- രൂപ (ആയിരത്തി എണ്ണൂറ് രൂപ) അടവാക്കിയിരുന്നില്ല. ബാക്കി ലേലത്തുകയായ 3000/- രൂപയും പ്രസ്തുത തുകയുടെ 18% ജി എസ് ടി ആയ 540/- രൂപയും ജി എസ് ടി കുടിശ്ശിക ആയ 1,800/- രൂപയും ഉൾപ്പെടെയുള്ള തുകയായ 5,340/- രൂപ (അയ്യായിരത്തി മുന്നൂറ്റ് നാൽപത് രൂപ) കരാറുകാരൻ നഗരസഭയിൽ അടവാക്കിയിട്ടില്ല എന്ന് മാത്രമല്ല, നാളിതുവരെയായും നഗരസഭയ്ക്ക് കരാറുകാരനിൽ നിന്ന് കുടിശ്ശിക തുക പിരിച്ചെടുക്കുവാനുമായിട്ടില്ല.

**3.** ഗാന്ധി മൈതാനിയിലെ പരസ്യബോർഡുകളിൽ പരസ്യം പതിക്കുന്നതിനുള്ള അവകാശം **- 11,800/-** രൂപയുടെ റവന്യൂ നഷ്ടം

പയ്യന്നൂർ നഗരസഭയുടെ അധീനതയിലുള്ള ഗാന്ധി മൈതാനിയിലെ 25 പരസ്യബോർഡുകളിൽ പരസ്യം പതിക്കുന്നതിനുള്ള അവകാശത്തിനായുള്ള സുധീഷ് ടി വി എന്നവരുടെ 08.06.2022 തീയതിയിലെ 10,000/- രൂപയുടെ (പതിനായിരം രൂപ) ഓഫർ നഗരസഭാ കൗൺസിലിന്റെ 18.07.2022 തീയതിയിലെ 16-ാം നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. നഗരസഭയുടെ ഓഫർ നോട്ടീസ് നിബന്ധന പ്രകാരം ഓഫറുകൾ അംഗീകരിക്കപ്പെടുന്നവർ അന്നേ ദിവസം തന്നെ ഓഫർ തുകയുടെ 50% ഉം ഓഫർ കൊള്ളുന്ന ഇനത്തിന് നിശ്ചയിച്ച നിരതദ്രവ്യവും (5,000/-രൂപ) ഒടുക്കേണ്ടതാണ്. ഓഫർ കൊണ്ട വ്യക്തിയായ സുധീഷ് ടി വി 13.09.2022 തീയതിയിൽ (രസീത് നമ്പർ: 122010110579) ലേലം ഡിപ്പോസിറ്റ് ആയി 5,000/- രൂപ (അയ്യായിരം രൂപ) അടവാക്കിയിരുന്നുവെങ്കിലും ഓഫർ തുകയിനത്തിൽ നാളിതു വരെ ഒരു തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല എന്ന് ലേല ഡിമാൻഡ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, നാളിതുവരെയായും നഗരസഭയ്ക്ക് കരാറുകാരനിൽ നിന്ന് 18% ജി എസ് ടി ഉൾപ്പെടെയുള്ള കുടിശ്ശിക (1800 രൂപ) തുകയായ 11,800/-രൂപ (പതിനൊന്നായിരത്തി എണ്ണൂറ് രൂപ) പിരിച്ചെടുക്കുവാനുമായിട്ടില്ല. കൂടാതെ ലേല നിബന്ധന (6) പ്രകാരം ലേലം ഉറപ്പിച്ചയാൾ 200/-രൂപയുടെ മുദ്രപത്രത്തിൽ നഗരസഭാ സെക്രട്ടറി മുമ്പാകെ ഉടമ്പടി സമർപ്പിച്ച് ലേല വസ്തു ഏറ്റെടുക്കണമെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത കരാർ ഉടമ്പടി രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

ക്രമ നമ്പർ 1,2,3 ൽ പരാമർശിച്ച 31,890/- രൂപയുടെ (14750+5340+11800) നഷ്ടം സംബന്ധിച്ചും മറ്റ് അപാകങ്ങൾ (നിരതദ്രവ്യം ഒടുക്കിയിട്ടില്ല, കരാർ ഉടമ്പടി ചമച്ചില്ല) സംബന്ധിച്ചും 18.01.2024 തീയതിയിലെ 55-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലേലത്തുക ഈടാക്കുന്നതിലെ വീഴ്ച മൂലം നഗരസഭയ്ക്ക് വന്ന 31,890/- രൂപയുടെ നഷ്ടം പിഴപ്പലിശ സഹിതം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഭാഗം 2 ലെ ഖണ്ഡിക 2-3 കൂടി കാണുക)

## 1-20 കരാർ ചമക്കാത്തതിനാൽ വാടക കുടിശ്ശിക തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല

ഫയൽ നമ്പർ: **R2-18074/08**

പയ്യന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സിലെ **G11** നമ്പർ മുറി കുത്തകാവകാശം ഏറ്റെടുക്കുന്നതിനായി **3,000/-** രൂപ + **18%** ജി.എസ്.ടി **(540** രൂപ**)** (മൂവായിരം രൂപ + **18%** ജി.എസ്.ടി) വാടക നിശ്ചയിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റിന്മേൽ (കുറഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക **- 1,00,000/-** രൂപ) നടത്തിയ **21.04.2022** തീയതിയിലെ പരസ്യലേലത്തിൽ പങ്കെടുത്ത **3** പേരിൽ ഏറ്റവും ഉയർന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ **1,01,000/-** രൂപ (ഒരു ലക്ഷത്തി ആയിരം രൂപ) വിളിച്ച സെക്രട്ടറി, പയ്യന്നൂർ റേഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘത്തിന്റെ ലേലം നഗരസഭാ കൗൺസിലിന്റെ **23.05.2022** തീയതിയിലെ **49-**ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ലേലം കൊണ്ടയാൾ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ **50%** തുക **(50,500/-** രൂപ**)** **122010101203/**തീയതി **21.04.2022** നമ്പർ രസീത് പ്രകാരം നഗരസഭയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്**.** എന്നാൽ പ്രസ്തുത വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ബാക്കിയുള്ള **50,500/-** രൂപ നഗരസഭയിൽ ഒടുക്കിയതിന്റെ വിവരം**,** മുറിയുടെ കുത്തകാവകാശം സംബന്ധിച്ച് നഗരസഭയുമായി ചമച്ച

കരാർ എന്നിവ ബന്ധപ്പെട്ട ഫയലിൽ നിന്ന് ലഭ്യമല്ല. **2022-23** സാമ്പത്തിക വർഷത്തേക്കുള്ള ഡിമാൻഡ് രജിസ്റ്ററിന്റെ പരിശോധനയിൽ പ്രസ്തുത മുറിയുടെ വാടക നാളിതു വരെ നഗരസഭയിൽ ഒടുക്കിയിട്ടില്ല.

മേൽ അപാകം സംബന്ധിച്ച് നൽകിയ **19.01.2024** തീയതിയിലെ **64-**ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാടക കരാർ ചമച്ച് വാടക കുടിശ്ശിക തിട്ടപ്പെടുത്തി ആയത് ഈടാക്കേണ്ടതാണ്.

## 1-21 തനത് വരുമാനം- പൊതു അവലോകനം

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ തനതുവരുമാനം സംബന്ധിച്ച അവലോകനം താഴെ കൊടുക്കുന്നു.

നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, നികുതിയേതര ഇനങ്ങളായ FTE & OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ്, വാടക എന്നിവയാണ് നഗരസഭയുടെ പ്രധാന റവന്യൂ വരുമാന സ്രോതസ്സുകൾ, നിശ്ചിത ഇടവേളകളിൽ വസ്തുനികുതി പിരിവ് പുരോഗതി അവലോകന യോഗങ്ങളും മറ്റ് നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്. പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങളുടെ ഫലമായി നഗരസഭയിൽ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പിംഗ് നടപ്പിലാക്കുന്നതിനും കിഫ്ബി (KIIFB) യിൽ ഉൾപ്പെടുത്തി പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും കൌൺസിൽ തീരുമാനമായിട്ടുണ്ട്. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പിംഗ് നടപ്പിലാക്കുന്നത് വഴി അനധികൃത നിർമ്മാണം അടക്കം കണ്ടെത്തുന്നതിനും അതുവഴി തനത് വരുമാന വർദ്ധനവ്, പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി അനുബന്ധ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബങ്കുകൾ മുതലായവ നിലവിൽ വരികയും അതുവഴി നഗരസഭയിലേക്ക് ഡെപ്പോസിറ്റ്, വാടക ഇനങ്ങളിൽ വരുമാന വർദ്ധനവ് എന്നിവ സാധ്യമാകും.

<u>വസ്തുനികുതി</u>

22.03.2023 തീയതിയിലെ സ.ഉ(കൈ)നം.77/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്, 05.04.2023 തീയതിയിലെ എസ്.ആർ.ഒ.നം.480/2023 നമ്പർ ഗസറ്റ് വിജ്ഞാപനം എന്നിവ പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിലും 2023-24 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി)നം.26/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് 10.11.2023 തീയതിയിലെ ആർ 1 - 7022/23 നമ്പർ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പുതിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്.സഞ്ചയ സോഫ്റ്റ്‌വെയർ ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിൽ പിഴവുകൾ ഉണ്ടോയെന്നത് സംബന്ധിച്ച പരിശോധന നടത്താൻ സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ വന്നതിന് ശേഷം വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ നിന്ന് തന്നെ ലഭ്യമാകുന്നതിനാൽ വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്ഷിച്ചിട്ടില്ല. നിലവിൽ കെ-സ്മാർട്ട് സംവിധാനത്തിലേക്ക് മാറുന്നതിന്റെ ഭാഗമായി സഞ്ചയയിൽ നിന്നും കെ-സ്മാർട്ടിലേക്ക് ഡാറ്റ പോർട്ടിംഗ് നടക്കുന്നുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ച പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ പ്രത്യകം മാപ്പ് ആയി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ വാർഡുകളുടെ/പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ മേഖലകളെ നിശ്ചയിച്ചിട്ടുണ്ട്.01.04.2023ലെ

വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന്റെ ഭാഗമായി വഴി സൗകര്യത്തിന്റെ കൃത്യത ഉറപ്പാക്കി മേഖലകൾ സംബന്ധിച്ച പുതുക്കിയ വിജ്ഞാപനം ചെയ്തിട്ടുണ്ട്.
നഗരസഭ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി നിലവിൽ ചുമത്തുകയോ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് മാത്രമായി ഈടാക്കാൻ സംവിധാനം ഇല്ലെങ്കിലും കെ-സ്മാർട്ട് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായതിനു ശേഷം പ്രസ്തുത അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.
അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുന്ന സാഹചര്യം നിലവിലുണ്ടെങ്കിലും കെട്ടിട ഉടമകൾ പ്രസ്തുത നികുതി ഒടുക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് RR ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയവ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ മുഖാന്തിരം കെ-സ്മാർട്ടിൽ അപ്ഡേറ്റ് ചെയ്ത് കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
നഗരസഭാ പരിധിയിലെ എല്ലാ മൊബൈൽ ടവറുകൾക്കും നികുതി ഒടുക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നല്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവറുകൾ എല്ലാം നികുതി ഒടുക്കിയിട്ടില്ലായെന്നും 31.03.2024-നകം എല്ലാ നികുതിയും പിരിച്ചെടുക്കുമെന്നും അറിയിച്ചിട്ടുണ്ട്.സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, MSME വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോം സ്റ്റേകൾ തുടങ്ങിയ കെട്ടിടങ്ങൾക്ക് വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ലഭ്യമല്ലാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
വസ്തു നികുതി ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ് ) മാപ്പിംഗ് നഗരസഭയിൽ നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്. ഇ പെയ്മെന്റ് (വസ്തുനികുതി, ഫീസുകൾമുതലായവ) നഗരസഭ ഓൺലൈൻ അക്കൗണ്ടിലേക്ക് ലഭിക്കേണ്ട തുക ഐ കെ എം പെയ്മെന്റ് ഗേറ്റ് വേയിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം നേരിടുകയോ തുക ലഭിക്കുവാൻ ബാക്കിയോ ഇല്ല.

<u>തൊഴിൽനികുതി</u>

തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്- സെക്രട്ടറി, 8 ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർ ആരെങ്കിലും ഉണ്ടെങ്കിൽ അയാളും നികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വയ്കേണ്ടതുമാണ്. ഈ ആവശ്യത്തിലേക്ക് ഒരു ഡിമാൻഡ് രജിസ്റ്റർ ഒന്നോ അതിലധികമോ വർഷത്തേക്ക് ഉപയോഗിക്കാവുന്നതാണ്. നഗരസഭയിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ 2 രജിസ്റ്ററുകളിലായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഡിമാന്റ് രജിസ്റ്ററുകളിൽ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പേര്, ആകെ ഈടാക്കിയ തുക/രശീതിനമ്പർ മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതും വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്. തൊഴിൽ നികുതി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം ചെയ്യാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് പ്രകാരം പ്രൊഫഷൺസ്/ട്രെഡേഴ്സ്/ സ്ഥാപനത്തിന്റെ തൊഴിൽ നികുതി കുടിശ്ശികയായി 8,449,870/-രൂപയും തൻവർഷം 247,510/- രൂപയും പിരിച്ചെടുക്കാനുണ്ട്. വർഷം തിരിച്ചുള്ള തൊഴിൽ നികുതി കുടിശ്ശിക, കളക്ഷൻ

പരിശോധിക്കുന്നതിനാധാരമായ രേഖകൾ/ഫയൽ / മറ്റ് സംവിധാനം എന്നിവ ഹാജരാക്കിയിട്ടില്ല.ചെക്ക്/ ഓൺലൈൻ തൊഴിൽ നികുതിയിനത്തിലെ വരവ് അക്കൗണ്ട് ചെയ്യുന്നത് പഞ്ചാബ് നാഷണൽ ബാങ്ക്, പയ്യന്നൂർ ബ്രാഞ്ചിലാണ് (അക്കൗണ്ട് നമ്പർ: 4334000100101335) പ്രസ്തുത ബാങ്കിന്റെ റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മാർച്ച് 2017 മുതൽ 2023 മാർച്ച് 31 വരെ വിവിധ ചെക്കുകൾ/ ഓൺലൈൻ ട്രാൻസ്ഫറിലുമായി 247,563/- രൂപ Cheque Deposited But Not Cleared By Bank/ Treasury ഉൾപ്പെട്ടിട്ടുണ്ട്. ആയത് സാമ്പത്തിക വർഷത്തിൽ തന്നെ രശീതി ചെയ്യപ്പെട്ടിട്ടില്ല.സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, മുനിസിപ്പാലിറ്റിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, മുനിസിപ്പൽ പരിധിയിലുള്ള പൊതുവിതരണ കേന്ദ്രത്തിലെ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ ചമച്ചിട്ടുള്ള കരാറുകാരിൽ 2022-23 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ പയ്യന്നൂർ നഗരസഭയിലെ 1 മുതൽ 44 വരെയുള്ള വാർഡുകളിലെ നഗരസഭ അംഗീകാരം നല്കിയ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ എണ്ണം ഒന്നാം അർധവർഷത്തിൽ 375 ഉം രണ്ടാം അർധവർഷത്തിൽ 389 ഉം ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകളിൽ ആയതില് രണ്ട് അർധവർഷങ്ങളിലേക്കുമായി 93 സ്ഥാപനങ്ങൾക്കും ഒന്നാം അർധവർഷത്തിലേക്ക് മാത്രമായി 89 സ്ഥാപനങ്ങൾക്കും മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം അർധവർഷത്തിൽ തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടിക പ്രകാരം ബാധ്യതപ്പെട്ട 375 സ്ഥാപനങ്ങളിൽ 89 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം അർധവർഷത്തിൽ തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടിക പ്രകാരം ബാധ്യതപ്പെട്ട 375 സ്ഥാപനങ്ങളിൽ ഉൾപ്പെടുകയും എന്നാൽ രണ്ടാം അർധവർഷത്തിലെ അംഗീകൃത പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും ചെയ്ത 2 സ്ഥാപനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ പ്രകാരം ഒന്നാം അർധവർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിലെ രണ്ടാം അർധവർഷത്തിൽ തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടിക പ്രകാരം ബാധ്യതപ്പെട്ട 389 സ്ഥാപനങ്ങളിൽ ഉൾപ്പെടുകയും എന്നാൽ ഒന്നാം അർധവർഷത്തിലെ അംഗീകൃത പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും ചെയ്ത 16 സ്ഥാപനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ പ്രകാരം രണ്ടാം അർധവർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. 2022-23സാമ്പത്തിക വർഷത്തിലെ രണ്ട് അർധവർഷങ്ങളിലേക്ക് തൊഴിൽ നികുതി അടയ്ക്കുവാൻ നഗരസഭ അംഗീകരിച്ച പട്ടികകളിൽ ഉൾപ്പെടാതിരിക്കുകയും എന്നാൽ ഡിമാന്റ് രജിസ്റ്ററുകളിൽ ഉൾപ്പെടുകയും ചെയ്ത

സ്ഥാപനങ്ങളുണ്ട്. ടി സ്ഥാപനങ്ങളിൽ ഡിമാന്റ് രജിസ്റ്ററിൽ ഒന്നാം അർധവർഷത്തിൽ ഡിമാന്റ് ചെയ്യുകയും അതേ സമയം രണ്ടാം അർധവർഷത്തിൽ ഡിമാന്റ് ചെയ്യപ്പെടാത്തതുമായ സ്ഥാപനങ്ങളുമുണ്ട്. 2022-23സാമ്പത്തിക വർഷം രണ്ടാം അർധവർഷത്തിലെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തെങ്കിലും നഗരസഭയിൽ പ്രസ്തുത നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുണ്ട്. സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് കൗൺസിൽ അംഗീകാരത്തോടെ കാലികമാക്കിയിട്ടില്ല.

<u>അനധികൃതനിർമാണം</u>

നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 90 ആണ്. നഗരസഭയിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>IFTE&OS ലൈസൻസ്</u>**

ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടുതൽ തുക മുതൽ മുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ .</u>

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതും ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ

കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വരവിനങ്ങളുടെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

6. നഗരസഭയുടെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

7. നഗരസഭാ പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ മുതലായവ നിലവിലുണ്ടെങ്കിൽ ആയവയിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃതനിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് ഭരണസമിതിയുടെ അംഗീകാരത്തോടെ കാലികമാക്കി സൂക്ഷിക്കേണ്ടതും പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, IFTE&OS ലൈസൻസ് ഫീസ്, മറ്റ് ലൈസൻസ് ഫീസുകൾ മുതലായവ കൃത്യമായി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 86/22 തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## 1-22 മഴക്കാല പൂർവ ശുചീകരണം- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. ചെലവ് തുക ₹8,80,000 ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ,തീയതി, തുക | 278/20-06-2022/8,80,000 |
| ഫയൽ നമ്പർ | എച്ച്1-8985/07 |

മേൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി പയ്യന്നൂർ നഗരസഭയിലെ 44 വാർഡുകളിലെ സാനിറ്റേഷൻ കമ്മറ്റികൾക്ക് 20,000 രൂപ വീതം കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ ചെലവ് രേഖകളും വിനിയോഗ സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 8,80,000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-27/10-01-2024) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം, ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-23 മുട്ടത്ത് കടവ് തോട് വൃത്തിയാക്കിയതിന്റെ ചെലവുകൾ- രേഖകൾ ലഭ്യമല്ല. 40250 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ,തീയതി, തുക | 57/11-4-2022/50,000 |
| ഫയൽ നമ്പർ | എച്ച്1-10527/21 |

പയ്യന്നൂർ നഗരസഭയിലെ മുട്ടത്ത് കടവ് തോടിലെ മാലിന്യം നീക്കം ചെയ്ത് പൂർണ്ണമായും നീരോഴുക്കുള്ളതാക്കി തീർക്കുന്ന പ്രവൃത്തികൾ ചെയ്തതിന്റെ ചെലവ് ഇനത്തിൽ വാർഡ് ജെ.എച്ച്.ഐ. ശ്രീമതി ബിലിന ബി നായർക്ക് മേൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം 50,000 രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1) തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കിയതിന് 5 ദിവസങ്ങളിൽ 21 തൊഴിലാളികൾ ജോലി ചെയ്തതിന് 20,250 രൂപ പി.വി. പ്രഭാകരൻ എന്നയാൾക്ക് കൊമാറിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ, തൊഴിലാളികൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

2) തോടിലെ മരങ്ങൾ മുറിച്ചു മാറ്റിയ വകയിൽ 20,000 രൂപ എം. സുധീഷ് എന്നയാൾക്ക് കൈമാറിയിട്ടുണ്ട്. മുറിച്ച മരങ്ങൾ എന്തു ചെയ്തു എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മരങ്ങൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-23/9-01-2024)നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ 40250 രൂപ തടസപ്പെടുത്തുന്നു. മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയതിൽ അപാകങ്ങൾ

വൗച്ചർ നമ്പർ-174/2022 തീയതി-19-05-2022 തുക – ₹ 537154

ഫയൽ നമ്പർ- എച്ച്1-15516/21

09-02-2022ലെ സ. ഉ.(സാധാ) നമ്പർ 294/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുസരിച്ച് 12-08-2021ലെ സ.ഉ. (സാധാ)നമ്പർ 294/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള കണ്ടിജന്റ് ജീവനക്കാരുടെ 2019 ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക 2 തുല്യ മാസ ഗഡുക്കളായി, ആദ്യ ഗഡു 2022 ഏപ്രിൽ മാസത്തിലും രണ്ടാമത്തെ ഗഡു 2023 ഏപ്രിൽ മാസത്തിലും റൊക്കം പണമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് പയ്യന്നൂർ നഗരസഭ ആദ്യ ഗഡുവായി 537154 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

**1)** ഇൻക്രിമെന്റ് തീയ്യതി തെറ്റായി കണക്കാക്കി **.**

ശ്രീമതി ഗീത പി. എന്നവരുടെ സേവന പുസ്തകം പ്രകാരം 1-07-2019ന് നിർണ്ണയിച്ച ശമ്പളം 17000-37500 ശമ്പള സ്കെയിലിൽ 25800 ആയിരുന്നു. (സേവന പുസ്തകം പേജ് 22)അടുത്ത ഇൻക്രിമെന്റ് തീയ്യതിയായി നിശ്ചയിച്ചത് 1-6-2020 ആയിരുന്നു. എന്നാൽ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയപ്പോൾ 1-12-2019 അടുത്ത ഇൻക്രിമെന്റ് തീയ്യതിയായി കണക്കാക്കിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| കാലയളവ് | സേവന പുസ്തക പ്രകാരമുള്ള അടിസ്ഥാനശമ്പളം | ക്ഷാമ ബത്ത | കണക്കാക്കിയ അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | അധികം നൽകിയ അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത |
|---|---|---|---|---|---|---|
| 12/19 | 25800 | - | 26500 | - | 700 | - |
| 1/20 | 25800 | 1032 | 26500 | 1060 | 700 | 28 |
| 2/20 | 25800 | 1032 | 26500 | 1060 | 700 | 28 |
| 3/20 | 25800 | 1032 | 26500 | 1060 | 700 | 28 |

| | | | | | | |
|---|---|---|---|---|---|---|
| 4/20 | 25800 | 1032 | 26500 | 1060 | 700 | 28 |
| 5/20 | 25800 | 1032 | 26500 | 1060 | 700 | 28 |
| 12/20 | 26500 | 1855 | 27200 | 1904 | 700 | 49 |
| 1/21 | 26500 | 1855 | 27200 | 1904 | 700 | 49 |
| 2/21 | 26500 | 1855 | 27200 | 1904 | 700 | 49 |
| 3/21 | 26500 | 1855 | 27200 | 1904 | 700 | 49 |
| 4/21 | 26500 | 1855 | 27200 | 1904 | 700 | 49 |
| 5/21 | 26500 | 1855 | 27200 | 1904 | 700 | 49 |
| അധികം കണക്കാക്കിയത് ആകെ | | | | | 8400 | 434 |

അധികം കണക്കാക്കിയത് ആകെ -8834

7/2019 മുതൽ 8/21 വരെയുള്ള കുടിശ്ശിക ഇനത്തിലെ ആദ്യ ഗഡുവായ 34277 രൂപയാണ് ടിയാരിക്ക് അനുവദിച്ചത്. ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ അധികം നൽകിയ ₹8834/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

**2) ശൂന്യ വേതാനാവധി കാലയളവ് കുറവ് ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചു.**

മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർക്ക് മെഡിക്കൽ ഗ്രൌണ്ടിലുള്ള ശൂന്യ വേതനാവധി അനുവദിക്കപ്പെട്ടില്ലാത്തതിനാൽ ശൂന്യ വേതനാവധി കാലയളവ് ഇൻക്രിമെന്റിനുള്ള യോഗ്യ കാലത്തിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. താഴെ ചേർക്കുന്ന ജീവനക്കാർക്ക് ഇപ്രകാരം കുറവ് ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചതിനാൽ അധികം കുടിശ്ശിക തുക ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

<u>(I) സുമതി കെ.വി.</u>

ശ്രീമതി സുമതി കെ.വി.യുടെ സേവന പുസ്തകം പ്രകാരം 1-7-2019 നിർണ്ണയിച്ച ശമ്പളം 23700-52600 ശമ്പള സ്കെയിലിൽ 28700 ആയിരുന്നു. അടുത്ത ഇൻക്രിമെന്റ് തീയ്യതി 01-07-2020 ആയിരുന്നു. എന്നാൽ ടിയാരി 1-10-2019 മുതൽ 15-11-2019 വരെ 46 ദിവസം ശൂന്യ വേതനാവധിയിൽ ആയിരുന്നു. ഇതനുസരിച്ച് 01-08-2020 പ്രാബല്യത്തിലാണ് അടുത്ത ഇൻക്രിമെന്റ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ നഗരസഭ 01-07-2020 പ്രാബല്യത്തിൽ ഇൻക്രിമെന്റ് കണക്കാക്കി ശമ്പള കുടിശ്ശിക അനുവദിച്ചു. ഇത് പ്രകാരം അധികം അനുവദിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കാലയളവ് | അനുവദനീയ മായ അടിസ്ഥാനശമ്പളം | അനുവദിച്ചത് | അനുവദനീയ മായ ക്ഷാമ ബത്ത | അനുവദിച്ചത് | അധികം നൽകിയത് |
|---|---|---|---|---|---|
| 7/20 | 28700 | 29500 | 2009 | 2065 | 800+56=856 |
| 7/21 | 29500 | 30300 | 2065 | 2121 | 800+56=856 |

ടിയാരിക്ക് 1-7-2022 ന് ഇൻക്രിമെന്റ് അനുവദിക്കുകയും (31100) നോഷണൽ ഇൻക്രിമെന്റ് (900) അനുവദിച്ച് 24400-55200 ശമ്പള സ്കെയിലിൽ പ്രാബല്യത്തിൽ 8 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് 32900 ആയി ശമ്പളം പുനർ നിർണ്ണയം ചെയ്യുകയും ചെയ്തു. .ശൂന്യ വേതനാവധി കുറവ് ചെയ്യാതെ ഇൻക്രിമെന്റ്, സമയ ബന്ധിത ഹയർ ഗ്രേഡ് എന്നിവ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

<u>(II) മൈമുന കെ</u>

ശ്രീമതി മൈമുനയുടെ സേവന പുസ്തകം പ്രകാരം 1-7-2019ന് പരിഷ്കരിച്ച സ്കെയിലിൽ നിർണ്ണയിച്ച ശമ്പളം 23700-52600 ശമ്പള സ്കെയിലിൽ 26500 ആയിരുന്നു. അടുത്ത ഇൻക്രിമെന്റ് തീയ്യതിയായി നിശ്ചയിച്ചത് 1-12-2019 ആയിരുന്നു. ടിയാരി 1-12-2018നു ശേഷം താഴെ ചേർക്കും പ്രകാരം ശൂന്യ വേതനാവധിയിൽ ആയിരുന്നു.

എ) 28-07-2019 മുതൽ 31-7-2019 വരെ-4 ദിവസം

ബി)1-8-2019 മുതൽ 3-8-2019 വരെ-3 ദിവസം

സി) 4-8-2019 മുതൽ 2-9-2019 വരെ- 30 ദിവസം

16-9-2019- 1 ദിവസം

ആകെ-37 ദിവസം

ഇതനുസരിച്ച് 1-1-2020നു മാത്രമേ അടുത്ത ഇൻക്രിമെന്റ് ലഭിക്കുകയുള്ളൂ. എന്നാൽ 1-12-2019 ,1-12-2020,1-12-2021പ്രാബല്യത്തിൽ പ്രീ റീവൈഡ് സ്കെയിലിൽ ശമ്പളം നിർണ്ണയിച്ചിരിക്കുന്നു. (സേവന പുസ്തകം പേജ്19) ശമ്പള പരിഷ്കരണ കുടിശ്ശിക പട്ടികയിൽ പ്രസ്തുത മാസം വാങ്ങിയ അടിസ്ഥാന ശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്നത് 22226 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം സേവന പുസ്തകത്തിൽ വ്യക്തമല്ല. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. 12/20ന് ഇൻക്രിമെന്റ് അനുവദിച്ച് 27900 എന്നു കണക്കാക്കിയിട്ടുണ്ട്. എന്നാൽ സേവന പുസ്തകത്തിൽ 1-12-2022നു ശേഷമുള്ള ശമ്പള നിർണ്ണയങ്ങൾ ക്യാൻസൽ ചെയ്തിരിക്കുന്നു. പകരം എൻട്രികൾ നടത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരിച്ചടവാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ജീവനക്കാരുടെ സേവന പുസ്തങ്ങൾ ശമ്പള നിർണ്ണയ അംഗീകാരത്തിനായി നാളിതുവരേയും ഓഡിറ്റിൽ സമർപ്പിച്ചിട്ടില്ല. വിശദമായ പരിശോധനക്കും അംഗീകാരത്തിനുമായി സേവന പുസ്തകങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

**3)** പങ്കാളിത്ത പെൻഷൻ വിഹിതം കുറവ് ചെയ്യാതെ ശമ്പള കുടിശ്ശിക അനുവദിച്ചു**.**

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്ത് ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | അനുവദിച്ച ശമ്പള പരിഷ്കരണ കുടിശ്ശിക |
|---|---|---|
| 1 | രാജീവൻ കെ.വി | 28730 |
| 2 | കെ.വി. സുമതി | 34861 |
| 3 | മൈമുന കെ. | 28669 |
| 4 | ഗീത പി. | 34277 |
| 5 | ചന്ദ്രകുമാർ വി.പി. | 30331 |
| 6 | വസന്ത ഒ.കെ. | 31377 |
| 7 | ജയകല സി.പി. | 7179 |
| 8 | യശോദ ഒ.റ്റി. | 8658 |
| 9 | സജിത പി | 7657 |
| 10 | രമേശൻ കെ | 6700 |
| 11 | പുഷ്പ പുലിക്കരി | 6700 |
| 12 | വത്സല എം.എം | 6700 |
| 13 | ഗീത ടി. | 3101 |

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ വിതം കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-51/17.01.2024) പെൻഷൻ വിഹിതം കുറവ് ചെയ്ത് ഓഡിറ്റിനെ

അറിയിക്കുന്നതാണെന്നാണ് നഗരസഭ മറുപടി നൽകിയത്. ഇത് സംബന്ധിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ശമ്പള പരിഷ്കരണങ്ങളുടെയും തുടർന്ന് അനുവദിച്ച ശമ്പളത്തിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പുസ്തകങ്ങൾ ശമ്പള നിർണ്ണയ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

## 1-25 സെക്രട്ടറിയുടെ ശമ്പളം, പെൻഷൻ അംശദാനം ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3),കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും, അടവാക്കിയതിന്റെ വിശദാംശങ്ങളും, ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നമ്പർ- 44/15-01-2024)ആയത് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 നോൺ പ്ലാൻ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല. 728036 രൂപ തടസപ്പെടുത്തുന്നു.

താഴെ ചേർക്കും പ്രകാരമുള്ള നോൺ പ്ലാൻ വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയ്യതി | ചെലവ് ഇനം | തുക | ഫയൽ നമ്പർ |
|---|---|---|---|---|
| 1 | 652/1-11-22 | കണ്ടിജന്റ് ജീവനക്കാരുടെ റിക്കവറികൾ (പി.എഫ്.) | 89755 | H1-15516/21 |
| 2 | 660/2-11-22 | മെഡിസെപ് കണ്ടിജന്റ് | 9000 | ടി |
| 3 | 693/4-11-22 | ഫൈൻ റീഫണ്ട് | 19020 | H1-19915/21 |
| 4 | 738/28-11-22 | ഇലക്ട്രിസിറ്റി & ടെലിഫോൺ ചാർജ് GHSS പയ്യന്നൂർ | 11384 | ജി6-29289/21 |
| 5 | 751/1-12-22 | റഗുലർ ജീവനക്കാരുടെ റിക്കവറി | 79483 | G1-110/05 |
| 6 | 752/1-12-22 | കണ്ടിജന്റ് ജീവനക്കാരുടെ | 74224 | H1-15516/21 |

| | | | | |
|---|---|---|---|---|
| | | റിക്കവറി | | |
| 7 | 753/1-12-22 | പങ്കാളിത്ത പെൻഷൻ വിഹിതം റഗുലർ | 103216 | G1-110/05 |
| 8 | 754/1-12-22 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം | 72004 | H1-15516/21 |
| 9 | 755/1-12-22 | ജി.ഐ.എസ്, ഐ.ടി. ,മെഡിസെപ് റഗുലർ | 44600 | G1-110/05 |
| 10 | 756/1-12-22 | ജി.ഐ.എസ്, കണ്ടിജന്റ് | 4100 | H1-15516/21 |
| 11 | 768/1-12-22 | മെഡിസെപ് കണ്ടിജന്റ് | 8000 | M1-24362/21 |
| 12 | 795/9-12-22 | ഓക്ഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 21750 | R2-1505/21 |
| 13 | 796/9-12-22 | ഓക്ഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 82500 | R2-1505/21 |
| 14 | 812/22-12-22 | ഓക്ഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 20000 | R2-1505/21 |
| 15 | 813/22-12-22 | ഓക്ഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 89000 | R2-1505/21 |
| ആകെ തുക | | | 728036 | |

രേഖകളുടെ അഭാവത്തിൽ 7,28,036 രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-58/19-01-2024, ഓഡിറ്റ് റിക്വിസിഷൻ നമ്പർ 01/04.01.2024).

## 1-27 പെൻഷൻ ഫണ്ട് അവലോകനം

പയ്യന്നൂർ നഗരസഭയിൽ റഗുലർ വിഭാഗത്തിൽ 25പേരാണ് പെൻഷൻ കൈപ്പറ്റി വരുന്നത്. ഇതിൽ 5 പേർ ഫാമിലി പെൻഷൻകാരാണ്. കണ്ടിജന്റ് വിഭാഗത്തിൽ 16 പെൻഷൻകാരാണുള്ളത്. ഇതിൽ രണ്ടു പേർ കുടുംബ പെൻഷൻകാരാണ്.

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡിസിആർ ബി റൂൾസ് ചട്ടം 7(2),8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസം 25 നു മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. കേരള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ഡിസിആർബി റൂൾസ് 1997(GO(P)97/LAD/3.05.97)ചട്ടം 1,7(2) എന്നിവ പ്രകാരം ശമ്പളത്തിന്റെ 15% തുക പെൻഷൻ ഫണ്ടിനു വേണ്ടി പ്രത്യേക ട്രഷറി അക്കൌണ്ട് തുടങ്ങി അതിൽ കൃത്യമായി നിക്ഷേപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

റഗുലർ പെൻഷനും കണ്ടിജന്റ് പെൻഷനുമായി നഗരസഭയിൽ പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്.

2022-23 വർഷത്തിൽ 1662692 രൂപ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയിരുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| വർഷം | ലഭിച്ച തുക |
|---|---|
| 2010 | 1000000 |
| 2011 | 1853171 |

| | |
|---|---|
| 2012 | 2168434 |
| 2013 | 6300000 |
| 2014 | 0 |
| 2015 | 804834 |
| 2016,2017 | 0 |
| 2018 | 5343874 |
| 2019 | 0 |
| 2020 | 2407254 |
| 2021 | 0 |
| 2022 | 1002300 |
| ആകെ | 20879867 |

പെൻഷൻ വിതരണത്തിന് ആവശ്യമായ തുക നഗരസഭക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്നില്ല. നഗരസഭ നൽകിയ വിവരങ്ങൾ പ്രകാരം നാളിതു വരെയായി തനതു ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നല്കിയ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക 49485920 രൂപയാണ്.

പെൻഷൻ ചെലവുകൾ

2022-23സാമ്പത്തിക വർഷത്തിൽ റഗുലർ, കണ്ടിജന്റ് പെൻഷൻ വിതരണത്തിന് ചെലവഴിച്ച തുകയുടെ വിവരങ്ങൾ (ആകെ തുക)

| റഗുലർ ജീവനക്കാർ | | കണ്ടിജന്റ് ജീവനക്കാർ | |
|---|---|---|---|
| പ്രതിമാസ പെൻഷൻ (ആകെ) | 5970660 | പ്രതിമാസ പെൻഷൻ (ആകെ) | 2545212 |
| കുടിശ്ശിക പെൻഷൻ | - | കുടിശ്ശിക പെൻഷൻ | |
| ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ ഇവയ്ക്കായി ചെലവഴിച്ച തുക | - | ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ ഇവയ്ക്കായി ചെലവഴിച്ച തുക | |
| പെൻഷൻ പരിഷ്ക്കരണ കുടിശിക | | പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക | 442377 |
| ഉത്സവബത്ത | 23000 | ഉത്സവബത്ത | 16000 |

പെൻഷനുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചത് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കിയില്ല**.**

കണ്ടിജന്റ് ജീവനക്കാരുടെ 8-12-2021ലെ 168/2021 ലെ സ.ഉ (അച്ചടി) നമ്പർ-168/2021/ധന നമ്പർ പ്രകാരമുള്ള പെൻഷൻ പരിഷ്കരണ ഉത്തരവിന്റ ഖ.Xxii അനുസരിച്ച് ഓരോ പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ ത്തിന്റെയും തുക നൽകൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമായിരിക്കണം. ഈ വ്യവസ്ഥ പാലിക്കാതെ പയ്യന്നൂർ നഗരസഭയിൽ താഴെ ചേർക്കും പ്രകാരമുള്ള പെൻഷൻകാർക്ക് പെൻഷൻ പുനർ നിർണ്ണയിച്ചതിനു ശേഷം ഓഡിറ്റ് അംഗീകാരത്തിന് വിധേയമാക്കാതെ 2019ജൂലൈ മുതൽ 2022 മാർച്ച് വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുകയും തുടർന്നുള്ള മാസങ്ങളിൽ പരിഷ്കരിച്ച പെൻഷൻ നൽകി വരികയും ചെയ്യുന്നുണ്ട്.

പെൻഷൻ കുടിശ്ശിക വൗച്ചർ നമ്പർ& തുക- 74/12-04-2022 ₹442377

ഫയൽ നമ്പർ- എച്ച്1-24362/21

| ക്രമ നമ്പർ | പെൻഷണറുടെ/ ഫാമിലി പെൻഷണറുടെ പേര് | അനുവദിച്ച കുടിശ്ശിക തുക | പ്രതിമാസം നൽകുന്ന പരിഷ്കരിച്ച പെൻഷൻ |
|---|---|---|---|
| 1 | മണിയൻ ദേവി | 35859 | 12300 |
| 2 | എം വെറോണിക്ക | 35859 | 12300 |
| 3 | ഇ. സരോജിനി | 35859 | 12300 |
| 4 | എം.പി. ശാന്ത | 46800 | 16490 |
| 5 | വി.രാജേന്ദ്രൻ | 35859 | 12300 |
| 6 | കെ.കെ. കല്യാണി | 40122 | 13840 |
| 7 | ടി.വി. നാരായണൻ | 56472 | 19910 |
| 8 | കെ.പി. മോഹനൻ | 34185 | 11730 |
| 9 | ഇ.വി. സത്യനാഥൻ | 60318 | 21350 |
| 10 | പി.വി. ബാലൻ | 61044 | 21620 |
| ആകെ | | 442377 | |

മണിയൻ ദേവി, എം വെറോണിക്ക,ഇ. സരോജിനി എന്നിവരുടെ പെൻഷൻ പുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇവരുടെ പെൻഷൻ പുസ്തകങ്ങൾ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നഗരസഭ അറിയിച്ചത്. (എൻക്വയറി നമ്പർ-15/9-01-2024)പെൻഷൻ പുസ്തകങ്ങൾ ഓഡിറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണെന്ന് നഗരസഭ മറുപടി നൽകിയിട്ടുണ്ട് പെൻഷൻ രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതും അനർഹമായി തുക അനുവദിച്ചതായി കണ്ടെത്തുന്ന പക്ഷം ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് സെൻട്രൽ ഫണ്ടിൽ നിന്നുമുള്ള കുടിശ്ശിക തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **1-28 നിക്ഷേപ പ്രവർത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക 8990247 രൂപ തടസപ്പെടുത്തുന്നു.**

2022-23 വർഷം പയ്യന്നൂർ നഗരസഭയിലെ മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എൻജിനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യ പത്രം / പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1)** മുനിസിപ്പൽ സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ, തീയ്യതി | ഫയൽ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|---|
| 1 | 320 /23 | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | 6500000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് | 6500000 | 527/29-03-2023 | ഇ3-15121/ 22 | എക്സിക്യൂട്ടീവ് എൻജിനീയർ, WSഡിവിഷൻ, ജല അതോറിറ്റി, തളിപ്പറമ്പ് |
| 2 | 321/23 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 1000000 ധനകാര്യ കമ്മീഷൻ അവാർഡ്,അൺ ടൈഡ് | 980452 | 123/27-10-2022 | ഇ3-15120/ 22 | ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കെ.എസ്.ഇ. ബി., വെള്ളൂർ |
| 3 | 426/23 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 3000000 വികസന ഫണ്ട് പൊതു വിഭാഗം | 1217657 | 1)300/21-02-2023/222159<br>2)337/1-3-23/445698<br>3)464/23-03-2023/ 549800 | ഇ3-22993 / 22 | 1) 667857- ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കെ.എസ്.ഇ. ബി., പഴയങ്ങാടി<br>2) 549800- ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കെ.എസ്.ഇ. ബി., പയ്യന്നൂർ |
| ആകെ | | | | 8698109 | | | |

**2)** മുനിസിപ്പൽ എൻജിനീയർ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ, തീയ്യതി | ഫയൽ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|---|
| 1 | 114 /23 | വിവിധ റോഡുകളിൽ വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കൽ | 292850 ധനകാര്യ കമ്മീഷൻ അവാർഡ്,അൺ ടൈഡ് | 49766 | 392/14-03-2023 | ഇ3-1017 / 22 | അസി.എൻജിനീയർ, കെ.എസ്.ഇ.ബി., പയ്യന്നൂർ സെക്ഷൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 2 | 66 /23 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 316641 ധനകാര്യ കമ്മീഷൻ അവാർഡ്, അൺ ടൈഡ് | 242372 | 60/23-08-2022 | ഇ3-12133/21 | അസി.എൻജിനീയർ, കെ.എസ്.ഇ.ബി., പയ്യന്നൂർ സെക്ഷൻ |
| ആകെ | | | | 292138 | | | |

മേൽ സൂചിപ്പിച്ചതു പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ല. പ്രോജക്ട് നമ്പർ 320/23 ൽ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഏർപ്പെട്ട മറ്റ് കരാറുകളിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ-35/12-01-2024) എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അടവാക്കിയാൽ മാത്രമേ എഗ്രിമെന്റിൽ ഏർപ്പെടാൻ കഴിയൂ എന്ന് ജല അതോറിറ്റിയിൽ നിന്ന് അറിയിച്ചതിനെ തുടർന്നാണ് പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതിരുന്നത് എന്നാണ് നഗരസഭ അറിയിച്ചത്. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ (കൈ) നം. 86/2022 ത.സ്വ.ഭ.വ തീയതി 19.04.2022) ഖണ്ഡിക 12-2(5) ഡി(ii) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന വ്യവസ്ഥയുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കാതെ മുൻകൂർ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവ് തുകയായ 8990247 (8698109+292138) രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-29 എസ്.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അപാകങ്ങൾ. 25000 രൂപ തടസ്സപ്പെടുത്തുന്നു.

പയ്യന്നൂർ നഗരസഭയിലെ നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ "എസ്.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്" എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി 22 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 200/23 |
| അടങ്കൽ | 600000<br>വികസന ഫണ്ട്<br>എസ്.സി.പി. |
| ചെലവഴിച്ച തുക | 575000 |
| ബിൽ നമ്പർ, തീയ്യതി | 469/24-03-2023 |
| ഫയൽ നമ്പർ | ജി4-4737/23 |

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

**1)** അധിക തുക അനുവദിച്ചു

28-05-2022ലെ 115/2022/ത.സ്വ.ഭ.വ.നമ്പറായുള്ള സബ്സിഡി മാർഗ രേഖയുടെ ഖണ്ഡിക 7.2.4അനുസരിച്ച് എൻജിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദം എന്നി മേഖലകളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുക 25,000 രൂപയാണ്. എന്നാൽ കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.ടെക്.വിദ്യാർത്ഥിനിയായ അഞ്ജലി എൻ.വി. എന്ന വിദ്യാർത്ഥിനിക്ക് നഗരസഭ 30,000 രൂപ അനുവദിച്ചിരിക്കുന്നു. അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക അടവാക്കുന്ന മുറയ്ക്ക് രശീതി ഹാജരാക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-28/10-01-2024) നഗരസഭ മറുപടി നൽകിയത്. അധികം നൽകിയ തുക തിരിച്ചടച്ച് വിവരം ഈ

റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

**2)** ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രം ഇല്ല

ബി.കോം വിദ്യാർത്ഥിയായ വൈഷ്ണവ് ഇ. എന്ന ഗുണഭോക്താവിന് 20,000 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രം (റവന്യൂ അധികാരികളിൽ നിന്നും ലഭിച്ചത്) ഫയലിൽ ലഭ്യമല്ല. സാക്ഷ്യ പത്രം ലഭ്യമാക്കാൻ ഗുണഭോക്താവിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് നഗരസഭ മറുപടി നൽകിയത്.

അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 25000 (20000+5000) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-30 എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ വിതരണം- അപാകങ്ങൾ. 8700 രൂപ തടസപ്പെടുത്തുന്നു.

പയ്യന്നൂർ നഗരസഭയിലെ നഗരസഭാ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ " എസ്.സി. വയോജനങ്ങൾക്ക് കട്ടിൽ" എന്ന പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി 4350 രൂപ നിരക്കിൽ 94 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 202/23 |
| അടങ്കൽ | 500000<br>വികസന ഫണ്ട്<br>എസ്.സി.പി. |
| ചെലവഴിച്ച തുക | 408851 |
| ബിൽ നമ്പർ, തീയതി, തുക | 1)293/20-02-2023/₹217474<br>2)350/4-3-2023/₹156581<br>3)477/25-03-2023/₹34796 |
| ഫയൽ നമ്പർ | ജി4-22704/22 |

പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

**1)** വരുമാന പരിധി കണക്കാക്കാതെ ആനുകൂല്യം അനുവദിച്ചു

28-05-2022ലെ 115/2022/ത.സ്വ.ഭ.വ.നമ്പറായുള്ള സബ്സിഡിമാർഗ രേഖയുടെ ഖണ്ഡിക 2.15 അനുസരിച്ച് പട്ടിക ജാതി വിഭാഗത്തിന് പ്രത്യേകം പരാമർശിച്ച കാര്യങ്ങൾക്കൊഴികെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വരുമാന പരിധി 3 ലക്ഷം രൂപയാണ്. എന്നാൽ ഉയർന്ന വരുമാനം ഉള്ള രണ്ടു ഗുണഭോക്താക്കൾക്കു ആനു കൂല്യം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണ ഭോക്താവിന്റെ പേര് | വരുമാന സർട്ടിഫിക്കറ്റ് പ്രകാരമുള്ള വരുമാനം | വരുമാന സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|
| 1 | ലക്ഷ്മണൻ എം | 413712 | 67795892/1-09-2022, പയ്യന്നൂർ വില്ലേജ് ഓഫീസർ |
| 2 | കമലാക്ഷൻ ഏഴോക്കാരൻ | 438000 | 73670328/9-12-2022 കോറോം വില്ലേജ് |

തുക തിരിച്ചടയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നാണ് നഗരസഭ മറുപടി നൽകിയത്.

**2)** ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രം ഇല്ല

രാഘവൻ വി. എന്ന ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രം (റവന്യൂ അധികാരികളിൽ നിന്നും ലഭിച്ചത്) ഫയലിൽ ലഭ്യമല്ല. സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ഗുണഭോക്താവിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-26/10-01-2024)മറുപടിയിൽ നഗരസഭ വ്യക്തമാക്കിയത്.

അപാകങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടു ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള ചെലവ് തുകയായ 8700 (4350 X2) ഓഡിറ്റിൽ തടസപ്പെടുത്തുന്നു

## 1-31 പൊതുമരാമത്ത് പ്രവൃത്തികൾ-ലെറ്റർ ഓഫ് ആക്സ്പറ്റൻസ് (LOA) പ്രകാരം കരാർ ചമക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല. 117091/-രൂപയുടെ നഷ്ടം.

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിനുള്ള പ്രൈസ് -3 സോഫ്റ്റ് വെയർ പ്രകാരമുള്ള ലെറ്റർ ഓഫ് ആക്സ്പറ്റൻസിലെ വ്യവസ്ഥകൾ പ്രകാരം ഡിജിറ്റൽ സൈൻ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതും 14 ദിവസം കഴിഞ്ഞ് പി.എസി. തുകയുടെ 1% പിഴ ഈടാക്കി 10 ദിവസത്തിനകം കരാർ ചമക്കുവാൻ അനുവദിക്കാവുന്നതുമാണ്. പിഴയിനത്തിലുള്ള തുക നഗരസഭ ഫ്രണ്ട് ഓഫീസിൽ അടവാക്കി രസീത് ഹാജരാക്കിയാൽ മാത്രമേ കരാർ ചമക്കാവൂ എന്നും വ്യവസ്ഥയുണ്ട്. മുനിസിപ്പൽ എൻജിനീയർ 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ കരാർ ചമക്കുവാൻ കാലതാമസം വരുത്തിയതിന് മേൽ പരാമർശിച്ച വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈയിനത്തിൽ നഗരസഭാ ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം കരാറുകാരിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിവരം (നമ്പർ,പേര്, അടങ്കൽ, ഫയൽ നമ്പർ,കരാർ തുക, കരാർ നമ്പർ, പി എ സി തുക മുതലായവ) | കരാറുകാരൻ | LOA ഡിജിറ്റൽ സൈൻ ചെയ്ത തീയതി | പിഴ കൂടാതെ കരാർ ഒപ്പ് വയ്കേണ്ട തീയതി | കരാർ ഒപ്പ് വെച്ച തീയതി | ഈടാക്കേണ്ട പിഴ ₹ |
|---|---|---|---|---|---|---|
| 1 | 292/23പയ്യന്നൂർ കാനം സാംസ്കാരികനിലയം തുടർ പ്രവൃത്തി, ₹1500000, 52/22-23, ₹970365 | പി.ലക്ഷ്മണൻ | 31-10-2022 | 14-11-2022 | 15-11-2022 | 9704 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2 | 428/23 ,കാഞ്ഞിരമുക്ക് പരവന്തട്ട അമ്പലം റോഡ് റീടാറിംഗ്,<br>₹1058000,<br>75/22-23,<br>₹896359 | ബെന്നി എം ജോസഫ് | 21-12-2022 | 04-01-2023 | 07-01-2023 | 8964 |
| 3 | 242/23,<br>വെള്ളൂർ ബാങ്ക് മുച്ചിലോട്ട് റോഡ് റീ ടാറിംഗ്,<br>E2-22354/22,<br>₹475000,<br>145/22-23 ,<br>₹402379 | തമ്പാൻ. പി.വി | 10-01-2023 | 24-01-2023 | 02-02-2023 | 4024 |
| 4 | 471/23,പുതിയ ബസ് സ്റ്റാൻഡ് മാവിച്ചേരി റോഡ് പാച്ച് വർക്ക്,<br>₹500000,<br>147/22-23,<br>₹423534 | രാമചന്ദ്രൻ. കെ | 13-01-2023 | 27-1-2023 | 02-02-2023 | 4235 |
| 5 | 180/23, പനയം വയൽ റോഡ് റീടാറിംഗ്,<br>₹80000,<br>169/22-23,<br>₹67387 | പി.വി.കൃഷ്ണൻ | 13-01-2023 | 27-1-2023 | 14-02-2023 | 1000 |
| 6 | 184/23,യമുനതീരം ഒറവങ്കര റോഡ് റീ ടാറിംഗ്,<br>₹150000,<br>146/22-23,<br>₹83452 | രാമചന്ദ്രൻ. കെ | 17-01-23 | 31-01-2023 | 02-02-2023 | 1000 |
| 7 | 461/23,പാർത്ഥൻ കോവൽ റോഡ് റീ ടാറിംഗ്,<br>E2-1120/23<br>₹400000,<br>188/22-23,<br>₹338568 | നാരായണൻ. എ | 22-02-2023 | 06-03-2023 | 10-03-2023 | 3386 |
| 8 | 459/23,കാനായി വള്ളിക്കെട്ട് പുല്ലൂപ്പാറ റോഡ് റീ ടാറിംഗ്<br>E2-23626/22,<br>₹320000,<br>138/22-23<br>₹268250 | രാമചന്ദ്രൻ.കെ | 13-01-23 | 27-01-23 | 30-01-23 | 2683 |

| | | | | | | |
|---|---|---|---|---|---|---|
| 9 | 232/23,തുളുവന്നൂർ കരിഞ്ഞി റോഡ് റീടാറിംഗ്,<br>E2-22347/22,<br>₹500000,<br>162/22-23,<br>₹423476 | നാരായണൻ. എ | 13-01-2023 | 27-01-2023 | 08-02-2023 | 4235 |
| 10 | 212/23,എഫ് സി ഐ ഗോഡൗൺ റോഡ് റീ ടാറിംഗ്,<br>E2-22134/22,<br>₹500000,<br>83/22-23,<br>₹423512 | ശ്രീനി.വി.വി | 21-12-2022 | 04-01-2023 | 07-01-2023 | 4235 |
| 11 | 356/23,കാനം റോഡ് ബാക്കി ഭാഗം റീ ടാറിംഗ്<br>E2-22342/22,<br>₹150000<br>92/22-23<br>₹70865 | ബെന്നി എം ജോസഫ് | 21-12-2022 | 04-01-2023 | 12-01-2023 | 1000 |
| 12 | 235/23, മൂരിക്കൊവ്വൽ മുത്തപ്പൻ റോഡ് റീടാറിംഗ്,<br>₹200000,<br>161/22-23,<br>₹169254 | നാരായണൻ. എ | 13-01-2023 | 27-01-2023 | 08-02-2023 | 1693 |
| 13 | 472/23,തൈവളപ്പ് റോഡ് റീ ടാറിംഗ്,<br>E2-23633/22,<br>₹300000,<br>135/22-23,<br>₹254036 | രാമചന്ദ്രൻ. കെ | 13-01-2023 | 27-01-2023 | 30-01-2023 | 2540 |
| 14 | 237/23,കതിവന്നൂർവീരൻ അമ്പലം റോഡ് ബാക്കി ഭാഗം റീ ടാറിംഗ്<br>E2-22063/22,<br>₹120000,<br>94/22-23,<br>₹101249 | രാമചന്ദ്രൻ. കെ | 21-12-2022 | 04-01-2023 | 12-01-2023 | 1012 |
| 15 | 246/23 ,കൊഴുന്തും പടി ബസ് സ്റ്റോപ്പ് അംഗനവാടി റോഡ് റീടാറിംഗ്,<br>E2-23609/22,<br>₹400000,<br>144/22-23,<br>₹338690 | തമ്പാൻ. പി.വി | 16-01-2023 | 30-01-2023 | 24-02-2023 | 3387 |

| | | | | | | |
|---|---|---|---|---|---|---|
| 16 | 403/23,തുളുവടക്കം കോറോം എൻജിനീയറിംഗ് റോഡ് ടാറിംഗ്,<br>E2-18220/22,<br>₹450000,<br>62/22-23,<br>₹377486 | ബെന്നി എം ജോസഫ് | 03-12-2022 | 27-12-2022 | 29-12-2022 | 3775 |
| 17 | 259/23,ബ്രദേഴ്സ് ക്ലബ് റോഡ് ബാക്കി ഭാഗം റീ ടാറിംഗും ഡ്രെയിനേജ് നിർമ്മാണവും,<br>E2-23619/22,<br>₹400000,<br>149/22-23,<br>₹338723 | പി.പി.ചന്ദ്രശേഖരൻ | 13-01-2023 | 27-01-2023 | 03-02-2023 | 3387 |
| 18 | 243/23,കാറമേൽ മുച്ചിലോട്ട് റോഡ് റീ ടാറിംഗ്,<br>E2-23605/22,<br>₹350000,<br>156/22-23,<br>₹296138 | പി.വി തമ്പാൻ | 13-01-2023 | 27-01-2023 | 04-02-2023 | 2961 |
| 19 | 248/23, ബ്രദേഴ്സ് ക്ലബ് പുതിയകാവ് റോഡ് റീ ടാറിംഗ്,<br>E2-22165/22,<br>₹475000,<br>87/22-23,<br>₹402335 | പി.പി.ചന്ദ്രശേഖരൻ | 24-12-2022 | 07-01-2023 | 09-01-2023 | 4023 |
| 20 | 400/23,കണ്ടോത്ത് പോസ്റ്റാഫീസ് റോഡ് റീ ടാറിംഗ്,<br>E2-22237/23,<br>₹250000,<br>178/22-23,<br>₹211234 | ശ്രീനി.വി.വി | 13-01-2023 | 27-01-2023 | 27-02-2023 | 2112 |
| 21 | 512/23,തായിനേരി കുറിഞ്ഞി റോഡ് പാച്ച് വർക്ക്<br>E2-5095/23,<br>₹400000,<br>06/23-24,<br>₹338701 | നാരായണൻ. എ | 29-03-2023 | 12-04-2023 | 17-04-2023 | 3387 |
| 22 | 267/23 പുതിയങ്കാവ് ബ്രദേഴ്സ് റോഡ് റീ ടാറിംഗ്, | ചന്ദ്രശേ ഖരൻ.പി.പി | 16-01-2023 | 30-01-2023 | 03-02-2023 | 1476 |

| | | | | | | |
|---|---|---|---|---|---|---|
| | E2-23802/22, ₹175000, 150/22-23, ₹147583 | | | | | |
| 23 | 162/23, കോറോം എച്ച് എസ് ശ്മശാനം റോഡ് റീ ടാറിംഗ് E2-23617/22 ₹500000, 154/22-23, ₹423673 | തമ്പാൻ. പി.വി | 13-01-2023 | 27-01-2023 | 04-02-2023 | 4237 |
| 24 | 314/23,വെള്ളൂർ ഹൈസ്കൂൾ സെൻടൽ ആർട്സ് ക്ലബ് റോഡ് റീ ടാറിംഗ് E2-23799/22, ₹245000, 155/22-23, ₹207489 | തമ്പാൻ. പി.വി | 16-01-2023 | 30-01-2023 | 04-02-2023 | 2075 |
| 25 | 240/23,അന്നൂർ കള്ള് ഷാപ്പ് ചെമ്മഞ്ചേരി റോഡ് ടാറിംഗ് E2-24064/22, ₹155000, 89/22-23, ₹129014 | തമ്പാൻ. പി.വി | 21-12-2022 | 04-01-2023 | 09-01-2023 | 1290 |
| 26 | 23/23 , കാളകാട്ടില്ലം റോഡ് റീ ടാറിംഗ് E2-22346/22 ₹500000, 160/22-23, ₹423140 | നാരാ യണൻ.എ | 13-01-2023 | 27-01-2023 | 08-02-2023 | 4231 |
| 27 | 337/23,മൂരിക്കൊവ്വൽ കുടുബശ്രീ വിപണനകേന്ദ്രം തുടർ പ്രവൃത്തി. E2-18025/22, ₹1000000, 5/22-23, ₹731590 | നാരാ യണൻ.എ | 31-10-2022 | 14-11-2022 | 15-11-2022 | 7316 |
| 28 | 166/23,വില്ലേജാഫീസ് പങ്ങടം റോഡ് റീ ടാറിംഗ് E2- 23856/22, ₹1000000, 165/22-23, ₹726840 | രാജേഷ് .ടി.വി | 20-01-2023 | 03-02-2023 | 04-02-2023 | 7268 |

| | | | | | | |
|---|---|---|---|---|---|---|
| 29 | 264/23,അന്നൂർ പീപ്പിൾസ് റോഡ് റീ ടാറിംഗ് E2-22239/22, ₹285000, 99/22-23, ₹240886 | പി.വി കൃഷ്ണൻ | 21-12-2022 | 04-01-2023 | 12-01-2023 | 2409 |
| 30 | 247/23 , കാപ്പാട് തണൽ ഇക്കോപാർക്ക്-പരവന്തട്ട വരെ റോഡ് റീ ടാറിംഗ് E2-23248/22, ₹500000, 168/22-23, ₹423320 | ബെന്നി എം ജോസഫ് | 21-01-2023 | 04-02-2023 | 14-02-2023 | 4233 |
| 31 | 330/23, സെന്റ് മേരീസ് കൊട്ടയാട് റോഡ് റീ ടാറിംഗ് E2-22242/22, ₹500000, 96/22-23, ₹423357 | രാമ ചന്ദ്രൻ.കെ | 21-12-2022 | 04-01-2023 | 12-01-2023 | 4234 |
| 32 | 394/23, നഗരസഭ ഓഫീസിൽ അറ്റകുറ്റപ്പണികൾ E2-717/23, ₹120000, 190/22-23, ₹100865 | നാരാ യണൻ.എ | 07-02-2023 | 21-02-2023 | 10-03-2023 | 1009 |
| 33 | 224/23 , ടെലഫോൺ ക്വാർട്ടേഴ്സ് റാങ്ങ് ദി വ്യൂ റോഡ് റീ ടാറിംഗ് E2-22161/22, ₹200000, 78/22-23, ₹169135 | എം.സുകു മാരൻ | 21-12-2022 | 04-01-2023 | 07-01-2023 | 1691 |
| 34 | 223/23 , കണ്ടോത്ത് അറ റോഡ് റീടാറിംഗ് E2-22246/22, ₹340000, 80/22-23, ₹287932 | എം.സുകു മാരൻ | 21-12-2022 | 04-01-2023 | 07-01-2023 | 2879 |
| | ആകെ | | | | | ₹117091 |

കരാറുകാരിൽ നിന്നും മേൽസൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കാത്തതിനാലുണ്ടായ 117091/- രൂപയുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ കരാർ ഒപ്പുവെക്കുന്നതിലുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കാത്ത മുഴുവൻ കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 52 കോടി രൂപ ചെലവഴിച്ച നിർമ്മിച്ച പയ്യന്നൂർ കുടിവെള്ള പദ്ധതി നിഷ്ക്രിയമായി കിടക്കുന്നു. തുടർനടപടികളിൽ കാര്യക്ഷമതയില്ല

പയ്യന്നൂർ നഗരസഭാ UIDSSMT പദ്ധതിയിൽ (ഫയൽ നമ്പർ **:- E2 -16322/07)** ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച കുടിവെള്ളപദ്ധതിയായ പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ പണി പൂർത്തിയാക്കി നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല. ചപ്പാരപ്പടവ് പഞ്ചായത്തിലൂടെ ഒഴുകുന്ന കുപ്പം പുഴയിലെ ജലസ്രോതസ്സിൽ നിന്നുമാണ് പദ്ധതിക്കാവശ്യമായ വെള്ളം ലഭിക്കേണ്ടിയിരുന്നത്. എന്നാൽ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്നതിനാൽ തടയണ ചെയ്ത് വെള്ളം പമ്പ് ചെയ്യുന്നതിന് തടസ്സം നേരിട്ടതിനാൽ പ്രവർത്തി നിർത്തിവെക്കുകയാണുണ്ടായതെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/16-01-2024) നഗരസഭ മറുപടി നൽകി. കണ്ണൂർ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ നിയമസംരക്ഷണം ഉറപ്പാക്കി പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ നിർദ്ദേശം ലഭിച്ചിരുന്നുവെങ്കിലും തുടർപ്രവൃത്തി നടത്തുവാൻ ജനങ്ങളുടെ എതിർപ്പ് മൂലം സാധിച്ചിട്ടില്ലെന്നും പയ്യന്നൂർ നഗരസഭയിൽ നിന്ന് പൈപ്പ് ലൈനുകൾ വലിക്കുകയും വാട്ടർ ടാങ്ക് സ്ഥാപിക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂവെന്നും നഗരസഭ അറിയിച്ചു. പയ്യന്നൂർ കുടിവെള്ള പദ്ധതിക്കായി ഇതുവരെ 52 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞുവെങ്കിലും തടയണ സ്ഥാപിച്ച് കിണറുണ്ടാക്കി വെള്ളം സപ്ലൈ ചെയ്യുന്ന പ്രവൃത്തി തടസ്സം നേരിട്ടതിനാൽ ഇതുവരെ തുടങ്ങുവാൻ സാധിച്ചിട്ടില്ല.

പയ്യന്നൂർ നഗരസഭയിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ കിണറും, പമ്പ് ഹൗസും ചപ്പാരപ്പടവ് പഞ്ചായത്തിലുള്ള കൊടുങ്കയം എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിനായി 2017 ൽ ലഭ്യമായ 6.1 കോടി രൂപയുടെ ഭരണാനുമതി പുതിയ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയായ 9.7 കോടി രൂപയ്ക്ക് പുതുക്കി കിട്ടാൻ നിർവ്വാഹമില്ലാത്ത സാഹചര്യമായതിനാൽ കിണറിന്റെയും, പമ്പ് ഹൗസിന്റെയും നിർമ്മാണം അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഡി പി ആർ ഭേദഗതി വരുത്തുന്നതിന് നഗരസഭ കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. 28-03-2023 തീയതിയിലെ 33 നമ്പർ തീരുമാനം (ഫയൽ നമ്പർ **E3-19808/21).** കേരള വാട്ടർ അതോറിറ്റിക്ക് ഇതു സംബന്ധിച്ച് കത്ത് നൽകിയിരുന്നുവെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും നഗരസഭ അറിയിക്കുകയുണ്ടായി**.** നഗരസഭയും, കേരള വാട്ടർ അതോറിറ്റിയും എൽ.എസ്.ജി വാട്ടർ റിസോഴ്സ് ഗവൺമെന്റ് ഓഫ് കേരളയും ചേർന്നുള്ള സംയുക്ത മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ ഉത്തരവാദിത്വങ്ങൾ എന്നതിലെ 6.1.4 പ്രകാരം ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുടെ പരാതി പരിഹാര അധികാരം ബഹു: സർക്കാർ അയതിനാൽ ചപ്പാരപ്പടവ് പദ്ധതിയുടെ വിഷയം മുൻനിർത്തി വാട്ടർ അതോറിറ്റി അമൃത് 2.0 യുടെ ഡി പി ആർ അംഗീകരിക്കാത്തതിനാലും, കൂടാതെ നഗരസഭയുടെ വാർഷിക പദ്ധതിയിലെ കുടിവെള്ള പൈപ്പ് ലൈനുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് വാട്ടർ അതോറിറ്റി വിസമ്മതിക്കുന്നതിനാലും മേൽ വിഷയത്തിൽ അടിയന്തിര ഇടപെടലുകൾ നടത്തി പയ്യന്നൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ബഹു:സർക്കാരിലേക്ക് കത്തയക്കുന്നതിന് നഗരസഭ കൗൺസിലിന്റെ 17-02-2023 തീയതിയിലെ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നമ്പർ 55). എന്നാൽ ഇക്കാര്യത്തിൽ സ്വീകരിച്ച

തുടർനടപടികളുടെ വിശദാംശങ്ങൾ നഗരസഭ ലഭ്യമാക്കിയിട്ടില്ല. പയ്യന്നൂർ നഗരസഭ 52 കോടി രൂപ ചെലവഴിച്ച പദ്ധതി നിലവിലും പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതി ആസൂത്രണത്തിലുണ്ടായ ഗുരുതരമായ വീഴ്ച മൂലം നിർമ്മിച്ച പൈപ്പ് ലൈനുകളും ടാങ്കും ഉൾപ്പെടെയുള്ള ആസ്തികൾ നിഷ്ക്രിയമായി മാറുകയും ചെലവഴിച്ച 52 കോടി രൂപ പാഴ് ചെലവായി മാറിയിരിക്കുകയുമാണ്. നിഷ്ക്രിയമായ ആസ്തി പുനരുജ്ജീവിപ്പിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-33 കോറോം അംബേദ്കർ ജൈവഗ്രാമം കാട് മൂടി കിടക്കുന്നു. ലക്ഷക്കണക്കിന് രൂപയുടെ ആസ്തികൾ നശിച്ചുപോകുന്നു.

വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിന്റെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ നിരവധി ആസ്തികൾ പ്രോജക്ട് ലക്ഷ്യമിട്ടത് പ്രകാരമുള്ള നിർദ്ദിഷ്ട ആവശ്യത്തിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതിൽ നഗരസഭക്ക് ഗുരുതരമായ വീഴ്ചയുണ്ടായതായി പരിശോധനയിൽ കണ്ടെത്തി. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥായിയായ വരുമാനം ലഭിക്കുന്നതും കാർഷിക മൃഗസംരക്ഷണമേഖലയിൽ വലിയ പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകളുടെ ഭാഗമായി വാങ്ങിയതും നിർമ്മിച്ചതുമായ ആസ്തികൾ നശിച്ചുപോകുന്നതായി കണ്ടെത്തുകയുണ്ടായി. ആസ്തിപരിപാലനവുമായി ബന്ധപ്പെട്ട് ജൈവഗ്രാമം പ്രദേശത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ ആസ്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുതകൾ ചുവടെ കൊടുക്കുന്നു.

പട്ടികജാതിവിഭാഗത്തിന്റെ ഉന്നമനത്തിനായി പയ്യന്നൂർ നഗരസഭ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ സ്ഥലം വാങ്ങി നിർമ്മിച്ച കോറോം അംബേദ്കർ ജൈവഗ്രാമം ആസ്തി മാനേജ്മെന്റ് പരിശോധനയുടെ ഭാഗമായി സന്ദർശിക്കുകയുണ്ടായി. ജൈവഗ്രാമത്തിലെ സ്ഥലം കാട് മൂടിക്കിടക്കുന്നതായും പദ്ധതിക്ക് വേണ്ടി നിർമ്മിച്ച രണ്ട് കെട്ടിടങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായതായും കണ്ടെത്തി. നിലവിൽ ആൾ താമസമില്ലാത്ത പ്രസ്തുത സ്ഥലത്ത് 2022-23 സാമ്പത്തികവർഷത്തിൽ 5 ലക്ഷം രൂപ ചെലവഴിച്ച് (പ്രോജക്ട് നമ്പർ-345/23, കോറോം ജൈവഗ്രാമത്തിൽ ഹൈമാസ്റ്റ് ലൈറ്റ്) ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഒരു കോടിയിലധികം രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ലക്ഷ്യം കൈവരിക്കാതെ ജൈവഗ്രാമത്തിലെ ആസ്തികൾ നശിച്ചു പോകുകയാണ്.

നിഷ്ക്രിയമായ മേൽ സൂചിപ്പിച്ച ആസ്തികൾക്ക് പുറമെ ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ,മറ്റ് സാധന സാമഗ്രികൾ എന്നിവയും ലേലം ചെയ്ത് കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഉപയോഗശൂന്യമായ ആസ്തികൾ ലേലം ചെയ്യുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ആധുനിക രീതിയിലുള്ള തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി കെ.എസ്.എഫ്.ഡി.സി ക്ക് നൽകിയ സ്ഥലത്തിന്റെ പാട്ടത്തുക ലഭിച്ചില്ല.

പയ്യന്നൂർ നഗരസഭയിൽ ആധുനിക രീതിയിലുള്ള തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി നഗരസഭ ഉടമസ്ഥതയിലുള്ള പയ്യന്നൂർ വില്ലേജിലെ 50 സെന്റ് സ്ഥലം മാസം 25,000 രൂപക്ക് കെ.എസ്.എഫ്.ഡി.സി ക്ക് 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ വിട്ടു നൽകിയിട്ടുള്ളതാണ് (ഫയൽ നമ്പർ :- E2 -27666/16). 04/12/19 തീയതിയിലെ കരാർ ഉടമ്പടി പ്രകാരം കരാർ ഒപ്പിട്ട് രണ്ട് വർഷം പൂർത്തിയാകുന്നതിന്റെ അടുത്ത ദിവസം മുതൽ പ്രാബല്യത്തിൽ പാട്ടത്തുക ഒടുക്കണമെന്ന് വ്യവസ്ഥ ഉണ്ട്. പ്രസ്തുത കാലയളവിന് ശേഷവും തുക നഗരസഭയിൽ ഒടുക്കാത്തതിനാൽ കെ.എസ്.എഫ്.ഡി.സി ക്ക് അറിയിപ്പ് നൽകുകയും, എന്നാൽ കരാർ പ്രാബല്യത്തിൽ വന്ന് കഷ്ടിച്ച് മൂന്ന് മാസത്തിനുള്ളിൽ കോവിഡ് 19 മഹാമാരി വന്നതിനാൽ ഏറ്റവും കൂടുതൽ പ്രതിസന്ധിയിലായത് ചലച്ചിത്രമേഖല ആണെന്നും ചുരുക്കം ചില കാലയളവിൽ മാത്രമേ തിയേറ്റർ നിർമ്മാണം നടന്നിട്ടുള്ളൂവെന്നും, ആയതിനാൽ ഈ കാലയളവിൽ കെ.എസ്.എഫ്.ഡി.സിക്ക് വലിയ വരുമാന നഷ്ടം നേരിട്ടുവെന്നും പാട്ടത്തുക ഒടുക്കുന്നത് തിയേറ്റർ പ്രവർത്തനം തുടങ്ങുന്ന തീയ്യതി മുതലോ അല്ലെങ്കിൽ കരാർ തീയ്യതി മുതൽ രണ്ട് വർഷം പൂർത്തിയാകുന്നതിന് തൊട്ടടുത്ത തീയ്യതി മുതലോ ഇതിൽ ഏതാണോ ആദ്യം വരുന്നത് എന്നുള്ളത് തീയേറ്റർ പ്രവർത്തനം തുടങ്ങുന്ന തീയ്യതി മുതൽ എന്ന് ഭേദഗതി

ചെയ്യണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി നഗരസഭക്ക് കത്ത് നൽകുകയുണ്ടായി. തിയേറ്റർ നിർമ്മാണ പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിലും നിലവിൽ നഗരസഭയുമായി വ്യവസ്ഥകൾ പ്രകാരം കെ.എസ്.എഫ്.ഡി.സി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതിനാലും, കെ.എസ്.എഫ്.ഡി.സി ഡയറക്ടർ നൽകിയ കത്ത് പരിഗണിക്കാൻ സാധിക്കാത്ത സാഹചര്യമായതിനാൽ നിയമാനുസൃതം നഗരസഭയ്ക്ക് ഒടുക്കേണ്ട തുക ഒടുക്കുന്നതിന് കെ.എസ്.എഫ്.ഡി.സി ക്ക് നോട്ടീസ് നൽകുന്നതിന് 23/05/2022 തീയ്യതിയിലെ 66-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതു പ്രകാരം നഗരസഭ നൽകിയ നോട്ടീസിന് മറുപടിയായി കൗൺസിൽ തിരുമാനം പുന: പരിശോധിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി യിൽ നിന്നും അപേക്ഷ ലഭ്യമായതിനെ തുടർന്ന് ആയത് കൗൺസിൽ പരിശോധിക്കുകയും 25/08/22 തീയ്യതിയിലെ 42-ാം നമ്പർ തീരുമാന പ്രകാരം നിലവിൽ 30 വർഷത്തേക്കുള്ള ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക നഷ്ടമാകുന്നതിനാൽ സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനം അറിയിച്ചുകൊണ്ട് കെ.എസ്.എഫ്.ഡി.സി ക്ക് അറിയിപ്പ് നൽകിയതായും തുക ഒടുക്കുന്നതിന് 22/12/2022, 13/07/2023 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിട്ടുള്ളതായും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/16-01-2024) നഗരസഭ മറുപടി നൽകി. നഗരസഭക്ക് പാട്ടത്തുകയിനത്തിൽ 04-12-2021 തീയതി മുതൽ 04-12-2023 തീയതി വരെയുള്ള കാലയളവിൽ 6 ലക്ഷം രൂപ (24x25000) ലഭിക്കുവാനുണ്ട്. കെ.എസ്.എഫ്.ഡി.സി യിൽ നിന്നും പ്രസ്തുത തുക നഗരസഭക്ക് ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം സ്ഥലം പാട്ടത്തിന് നൽകിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ LSGD (R. E) 213/2023 /LSGD DATED 25/01/23 ലെ ഉത്തരവ് പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള പയ്യന്നൂർ വില്ലേജിലെ റിസർവേ നമ്പർ 101/3 ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം കൂടി 30 വർഷത്തേക്ക് പ്രതിമാസം 10000/-രൂപ നിരക്കിൽ പാട്ട കരാർ വ്യവസ്ഥയിൽ കേരള ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

## 1-35 മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക-അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പയ്യന്നൂർ നഗരസഭയിലെ മുനിസിപ്പൽ എൻജിനീയറുടെ പേരിൽ നിലവിലുള്ള അക്കൗണ്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് വിവരം | അക്കൗണ്ട് ആരംഭിച്ചതിന്റെ ഉദ്ദേശ്യം | അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക | |
|---|---|---|---|
| | | **(31-03-03**ലെ നീക്കിയിരിപ്പ് തുക**)** | ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഒടുവിലത്തെ നീക്കിയിരിപ്പ്. |
| 4334000100117080,പഞ്ചാബ് നാഷണൽ ബാങ്ക്,പയ്യന്നൂർ ശാഖ | നഗരസഭ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും | ₹ **44,72,235** | ₹ 17,96,448 **(14-01-2024)** |

| | | | |
|---|---|---|---|
| | റിക്വസിഷൻ പ്രകാരം അനുവദിക്കുന്ന തുകകൾ നിക്ഷേപിച്ച് ചെലവ് ചെയ്യുന്നതിന്. | | |
| 67294259937സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ,പയ്യന്നൂർ ശാഖ. | ആവശ്യം ലഭ്യമല്ല. | **₹19280** | **₹19280** |
| 67298485894,സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ,പയ്യന്നൂർ ശാഖ. | ഇ-ടെണ്ടർ ആവശ്യത്തിന് | **₹ 762838.50** | **₹ 773307.50 (02-01-2024)** |

മേൽ സൂചിപ്പിച്ച വിവിധ അക്കൗണ്ടുകളിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

**(എ)** വിനിയോഗിക്കാത്ത **₹ 1796448** മുനിസിപ്പിൽ ഫണ്ടിലേക്ക് തിരിച്ചടക്കാതെ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല**.**

വിനിയോഗിക്കാത്ത തുക പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ (4334000100117080)നിലനിർത്തിയതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.നഗരസഭ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും റിക്വസിഷൻ പ്രകാരം അനുവദിക്കുന്ന തുകകളും പലിശയിനത്തിലുള്ള വരവുകളുമാണ് പ്രസ്തുത അക്കൗണ്ടിൽ ഉൾപ്പെടുന്നതെന്നും പ്രസ്തുത അക്കൗണ്ടിലേക്ക് സെക്രട്ടറി അനുവദിച്ച തുകകൾ കണക്കാക്കി അക്കൗണ്ട് റീകൺസിലിയേഷൻ നടത്തിയാൽ മാത്രമേ അവശേഷിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂവെന്നും ആയത് ഉടൻ ചെയ്ത് വിനിയോഗിക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരം അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/-01-2024) മറുപടി നൽകി.

**(ബി).**ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നു**.**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പയ്യന്നൂർ ശാഖയിലെ 67294259937 നമ്പർ അക്കൗണ്ട് ഇടപാടുകളില്ലാതെ നിലനിർത്തിയിരിക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.ഏതെങ്കിലും ഗവൺമെന്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആരംഭിച്ചതാവാമെന്ന നിഗമനത്തിലാണ് പ്രസ്തുത അക്കൗണ്ട് അവസാനിപ്പിക്കാതെ നിലനിർത്തിയിട്ടുള്ളതെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വിഷയം കൗൺസിൽ മുമ്പാകെ സമർപ്പിച്ച് അനുമതി വാങ്ങി അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. നടപടി ത്വരിതപ്പെടുത്തി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

**(സി).**ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നത് ക്രമപ്രകാരമല്ല**.**

ഇ -ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക അടവാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പയ്യന്നൂർ ശാഖയിൽ ആരംഭിച്ച 67298485894 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക നഗരസഭ ഫണ്ടിലേക്ക് യഥാസമയം മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**(ഡി).** ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതെയുള്ള ഇടപാടുകൾ

മേൽ സൂചിപ്പിച്ച അക്കൗണ്ടുകളിലെ പിൻവലിക്കലുകളും നിക്ഷേപവും ഒന്നും തന്നെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളിലെ ഇടപാടുകളുടെ കൃത്യത ഉറപ്പുവരുത്തുവാനായിട്ടില്ല. മുനിസിപ്പൽ എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ വരവ് ചെലവ്

ഇടപാടുകൾ മുഴുവൻ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-36 പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്, ഗുണനിലവാര പരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19-04-2022 തീയതിയിലെ സ.ഉ (കൈ) നം.86/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാര പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നഗരസഭയിൽ തൻവർഷം ആകെ 439 പ്രോജക്ടുകളാണ് രൂപീകരിച്ചിട്ടുണ്ടായിരുന്നത്. ആയതിനാൽ ചുരുങ്ങിയത് നാല് പ്രോജക്ടുകളിലെങ്കിലും മേൽ പരാമർശിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കേണ്ടതായിരുന്നു. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതുപ്രകാരം നഗരസഭയിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ ഒന്നും തന്നെ ഗുണനിലവാര പരിശോധനക്കും മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

ആസൂത്രണമാർഗരേഖയിലെ ഖണ്ഡിക നമ്പർ 14(7) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും ആ ബോർഡിൽ 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(2)- ൽ പ്രതിപാദിച്ചിരിക്കുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തിയുടെ പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ടിന്റെ ഇനം,തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ളേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

ആസൂത്രണമാർഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണപ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നടപ്പിൽ വരുത്തിയിട്ടില്ല.മുനിസിപ്പൽ എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.മോണിറ്ററിംഗ് പരിശോധന നഗരസഭ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനും വാർഡ് കൗൺസിലർമാരും ചേർന്ന് പരിശോധിക്കുന്നുണ്ടെന്നും എന്നാൽ സമയപരിമിതി കാരണം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും അപാകത ചൂണ്ടിക്കാണിച്ചതിനാൽ തുടർന്ന് വരുന്ന പ്രവൃത്തികൾക്ക് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ ഉൾപ്പെടുത്തുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (60/19-01-2024) മറുപടി നൽകി. ഗുണനിലവാര പരിശോധന നടത്തുന്നതിന് സാധനങ്ങളുടെ ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനും പ്രവൃത്തികളുടെ വിശദവിവരങ്ങളടങ്ങിയ ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

പദ്ധതി പൂർത്തീകരണത്തിന്റെ അവിഭാജ്യഘടകമായ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെ തുക

ചെലവഴിക്കുന്നതും മറ്റ് അപാകങ്ങളും സത്വര നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 വാർഡുകളിലേക്ക് റിംഗ് കമ്പോസ്റ്റ് -പദ്ധതി - ₹ 198000 തടസ്സപ്പെടുത്തുന്നു

ഫയൽ നം.H2.20478/22

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 47/23,വാർഡുകളിലേക്ക് റിംഗ് കമ്പോസ്റ്റ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1980000(നഗര സഞ്ചയ) |
| ചെലവ്. | ₹ 1980000(നഗര സഞ്ചയ) |
| വൗച്ചർ നം/ തീയതി/തുക | 52201320/31.3.2023./<br>₹ 1980000. |

(എ) മേൽ പദ്ധതിയുടെ ഭാഗമായി 24.2.2023-ലെ Invoice No.12 പ്രകാരം 1980000രൂപ ചെലവഴിച്ച് SOCIO ECONOMIC UNIT FOUNDATION, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 3750 രൂപ നിരക്കിൽ 528 റിംഗ് കമ്പോസ്റ്റ് വാങ്ങിച്ച് വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ -തീയ്യതി-28.5.2022-ലെ ഖണ്ഡിക 6.8(എ) 1-ൽ ഗുണഭോക്തൃ വിഹിതമായി 10% ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കാതെ 100 ശതമാനം സബ്സിഡി നിരക്കിൽ റിംഗ് കമ്പോസ്റ്റ് അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

(ബി)സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ SOCIO ECONOMIC UNIT FOUNDATION കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ റിംഗ് കമ്പോസ്റ്റിന്റെ ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഒരെണ്ണത്തിന്റെ വില | വാങ്ങിച്ച ബോട്ടിൽ ബൂത്തിന്റെ എണ്ണം | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 12% | ജി.എസ്.ടി 12% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 3750 | 528 | 1767855 | 212143 | 1979998 |

മേൽ തുകയിൽ നിന്നും (1767855രൂപ) 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല .

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/2022-23/8.1.2024) ഗുണഭോക്തൃ വിഹിതമായി 10% ഈടാക്കത്തതിന്റെ കാരണം പ്രോജക്ട് നിർവ്വഹണം നടത്തിയ ഓഫീസറിൽ നിന്നുള്ള മറുപടി വാങ്ങി അറിയിക്കുന്നതാണെന്നും, പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകി ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി 10% ഈടാക്കാത്തതിനാൽ 198000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ സ്ഥാപനം ജി.എസ്.ടി ഫയൽ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-38 നാരങ്ങാത്തോട് മാലിന്യ സംസ്കരണ പ്ലാന്റ് -രേഖകൾ ഹാജരാക്കിയിട്ടില്ല 480000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ.H2-12617/21.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 37/23, നാരങ്ങാത്തോട് മാലിന്യ സംസ്കരണ പ്ലാന്റ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 500000(ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ്. | ₹ 480000(ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നം/ തീയ്യതി/ തുക | 149/22.11.2022./₹ 480000.<br>(എ സി ആർ പ്രകാരം) |

മേൽ പദ്ധതിയുടെ ഭാഗമായി DPR തയ്യാറാക്കുന്നതിനായി 7.11.2022-ലെ Invoice No.25 പ്രകാരം 480000 രൂപ RAS TRADING -ALAPPUZHA എന്ന സ്ഥാപനത്തിന് (കുറഞ്ഞ നിരക്കിലുള് ഓഫർ സ്വീകരിച്ച്) അനുവദിച്ചിട്ടുണ്ട്.പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ കൊടുത്തിരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(എ)പദ്ധതിയുടെ ഭാഗമായി സ്ഥാപനം തയ്യാറാക്കിയ DPR .

(ബി)പ്രസ്തുത സ്ഥാപനത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള പ്രാവീണ്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

(സി) 25.10.2022-ലെ പ്രസ്തുത സ്ഥാപനത്തിന്റെ കത്ത് പ്രകാരം DPR തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും മണ്ണ് പരിശോധനാ യന്ത്രോപകരണങ്ങൾക്ക് സ്ഥലത്തേക്ക് പ്രവേശിക്കാൻ റോഡ്/പാലം സൗകര്യം ഇല്ലെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന നടത്താതെയാണ് DPR തയ്യാറാക്കിയത് .എന്നാൽ സ്ഥാപനത്തിന് നൽകിയ തുകയിൽ കുറവ് വരുത്തിയിട്ടില്ല.

(ഡി)സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ RAS TRADING ആലപ്പുഴ എന്ന സ്ഥാപനം DPR തയ്യാറാക്കിയതിന്റെ ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നാരങ്ങാത്തോട് മാലിന്യ സംസ്കരണ പ്ലാന്റിന് DPR തയ്യാറാക്കിയ സ്ഥാപനത്തിന്റെ പേര് | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 18% | ജി.എസ്.ടി 18% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|
| RAS TRADING -ALAPPUZHA | 406779.66 | 73220.34 | 480000 |

മേൽ തുകയിൽ നിന്നും (406780രൂപ) 2% ജി.എസ്.ടി ടി.ഡി .എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം അറിയിച്ചിട്ടില്ല.

(ഇ)മേൽ തുകയിൽ നിന്ന് 10% ആദായനികുതി (ആദായ നികുതി നിയമം 194J) ഈടാക്കാത്തതിന്റെ കാരണം അറിയിച്ചിട്ടില്ല.

(എഫ്) നാരങ്ങാത്തോട് മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/2022-2/8.1.2024) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 480000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-39 ഫിഷ് മാർക്കറ്റിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹3200000 ചെലവ് തടസ്സപ്പെടുത്തുന്നു.**

ഫയൽ.നം.H2-17300/22.
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ

| പ്രോജക്ട് നമ്പർ,പേര് | 30/23, ഫിഷ് മാർക്കറ്റിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (സ്പിൽ ഓവർ) | 302/23, ഫിഷ് മാർക്കറ്റിൽ മലിന ജല സംസ്കരണ പ്ലാന്റ് |
|---|---|---|
| അടങ്കൽ | ₹1500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) | ₹1700000 ((ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ്. | ₹1500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) | ₹1700000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നം/ തീയ്യതി/തുക (എ സി ആർ പ്രകാരം) | 181/20.12.2022./ ₹1500000. | 151/20.12.2022./ ₹1700000. |

ഫിഷ് മാർക്കറ്റിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് മലിന ജലം ശുദ്ധീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്.
(എ) മേൽ പദ്ധതിയുടെ ഭാഗമായി ഫിഷ് മാർക്കറ്റിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് മലിനജലം ശുദ്ധീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് 3200000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ബി)മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 3200000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
(സി)കേരള ജലഅതോറിറ്റിയുടെ 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. എന്നാൽ പിന്നീട് പ്രോജക്ട് ഘടനയിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തിയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നത് കാരണം പ്രവൃത്തികളൊന്നും തുടങ്ങാതെ തന്നെ നിക്ഷേപിച്ച തുക വാട്ടർ അതോറിറ്റിയിൽ മുടങ്ങിക്കിടക്കുകയാണ്.

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/2022-23/8.1.2024)നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും DPR തയ്യാറാക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും, ഓഡിറ്റ് തീയ്യതിവരെ 66.5 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും. പെരുമ്പ ഫിഷ് മാർക്കറ്റിൽ STP സ്ഥാപിക്കുന്നതിന് നഗരസഭ വാട്ടർ അതോറിറ്റിക്ക് 32ലക്ഷം രൂപ അടവാക്കിയിരുന്നുവെന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ആകെ 56 ലക്ഷം രൂപ ആവശ്യപ്പെട്ടത് പ്രകാരം പ്രോജക്ട് നം.399/24പ്രകാരം 24ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ27/9/23-ലെ KWA.W.S ഡിവിഷൻ തളിപ്പറമ്പയുടെ കത്ത് പ്രകാരം ടി പദ്ധതി SBR പ്രോസസ് വഴി ഫലപ്രദമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ M.B.B.R ടെക്നോളജി

ഉപയോഗിച്ച് പ്ലാന്റ് നിർമ്മിക്കാൻ ആകെ 90.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സംഗ്രഹം വീണ്ടും സമർപ്പിച്ചത് പ്രകാരം പ്രോജക്ട് നം.445/24 പ്രകാരം 34.5ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും, ടി തുക KWA.W.S ഡിവിഷൻ തളിപ്പറമ്പയുടെ 67338447404 എന്ന അക്കൗണ്ട് നമ്പറിൽ അനുവദിച്ചിട്ടുണ്ട്. 24 ലക്ഷം രൂപ സ്പിൽ ഓവർ. സി.എഫ്.സി ഫണ്ടായതിനാൽ ട്രഷറിയിൽ നാളിതുവരെ ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. മുഴുവൻ തുകയും അനുവദിച്ചാൽ മാത്രമേ പ്രവൃത്തി തുടങ്ങുകയുള്ളൂ എന്നാണ് അറിയാൻ സാധിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ചെലവഴിച്ച 3200000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു.

## 1-40 പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത്-മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല-₹ 495000 ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ-H2 5737/23

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 35/23,പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത്(സ്പിൽ ഓവർ) |
| അടങ്കൽ | ₹ 500000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ്. | ₹ 495000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നം/ തീയ്യതി/തുക | 528/29.3.2023./ ₹ 495000. (എ സി ആർ പ്രകാരം) |

പയ്യന്നൂർ നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക് ബോട്ടിലുകൾ വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്. ആയതിന്റെ ഫയൽ പരിശോധനയ്ക്ക് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) മേൽ പ്രോജക്ടിന്റെ ഭാഗമായി 27.3.2023-ലെ Invoice No.SEUF/KNR/2023/26 പ്രകാരം 495000രൂപ ചെലവഴിച്ച് SOCIO ECONOMIC UNIT FOUNDATION കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 15000 രൂപ നിരക്കിൽ വാങ്ങിച്ച 33 ബോട്ടിൽ ബൂത്ത് ഏതൊക്കെ വാർഡിലാണ് സ്ഥാപിച്ചത് എന്നതിന് വാർഡ് കൗൺസിലറുടെ/മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല..

(ബി)സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ SOCIO ECONOMIC UNIT FOUNDATION കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ബോട്ടിൽ ബൂത്ത് ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഒരെണ്ണത്തിന്റെ വില | വാങ്ങിച്ച ബോട്ടിൽ | ജി.എസ്.ടി ഉൾപ്പെടാതെയുള്ള | ജി.എസ്.ടി 12% | ജി.എസ്.ടി 12% |
|---|---|---|---|---|

| | ബൂത്തിന്റെ എണ്ണം | തുക ₹ | | ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 15000 | 33 | 441964.05 | 53036 | 495000 |

മേൽ തുകയിൽ നിന്നും (441964രൂപ) 2% ജി.എസ്.ടി ടി.ഡി .എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല .

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2022-23/8.1.2024) സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും, പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകി ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബോട്ടിൽ ബൂത്ത് ഏതൊക്കെ വാർഡിലാണ് സ്ഥാപിച്ചത് എന്നതിന് വാർഡ് കൗൺസിലറുടെ/മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രവും, 8839 രൂപ ജി.എസ്.ടി ടി.ഡി .എസ് ഈടാക്കിയതിന്റെയും വിവരം രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 ഫയലുകൾ ഹാജരാക്കിയിട്ടില്ല-₹ 660045 ചെലവ് തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് ഓഫീസർ പയ്യന്നൂർ നഗരസഭ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(എ)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 44/23,നഗരസഭയിലെ ഹെൽത്ത് സ്ക്വാഡിന് വാഹനം വാങ്ങൽ (സ്പിൽഓവർ) |
| അടങ്കൽ | ₹ 139935(മറ്റുള്ളവ) |
| ചെലവ്. | ₹ 36045(മറ്റുള്ളവ) |

(ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 41/23, മാലിന്യം നീക്കം ചെയ്യുന്നതിന് കവേർഡ ടിപ്പർ (സ്പിൽഓവർ) |
| അടങ്കൽ | ₹ 755186(മറ്റുള്ളവ) |
| ചെലവ്. | ₹ 624000(മറ്റുള്ളവ) |

മുകളിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2022-23/18.1.2024, റിക്വിസിഷൻ നം. 10/04.01.2024) പ്രോജക്ട് നമ്പർ44/23-ന്റെ ഫയൽ Mis Place ആയിട്ടുണ്ട്. ആയത് കണ്ടെത്തി ഹാജരാക്കുന്നതാണെന്നും,പ്രോജക്ട് നമ്പർ41/23-ന്റെ ഫയൽ ഹാജരാക്കുന്നതിനെക്കുറിച്ച് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികളുടെ ഭാഗമായി ചെലവഴിച്ച 660045രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 സ്കൂളുകളിൽ ദോരംഗ് ബിന്നുകൾ സ്ഥാപിക്കൽ-വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 33864 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 454/23,സ്കൂളുകളിൽ ദോരംഗ് ബിന്നുകൾ |

| | |
|---|---|
| | സ്ഥാപിക്കൽ |
| അടങ്കൽ | ₹ 34000(വികസന ഫണ്ട്) |
| ചെലവ്. | ₹ 33864(വികസന ഫണ്ട്) |
| ബിൽ നം/തീയ്യതി/തുക | 207/11-01-2023 /₹ 33864<br>(എ.സി.ആർ പ്രകാരം) |

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ ദോരംഗ് ബിന്നുകൾ സ്ഥാപിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. മേൽ പദ്ധതിയുടെ ഭാഗമായി 2.12.2022-ലെ Invoice No.P.204333 പ്രകാരം 33864രൂപ ചെലവഴിച്ച് SHOPPRIX INDIA PVT LTD, പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് 498 രൂപ നിരക്കിൽ വാങ്ങിച്ച 68 ദോരംഗ് ബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകളും, കൈപ്പറ്റ് രസീതും ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/2022-23/11.1.2024)വിതരണ രേഖകളും കൈപ്പറ്റ് രസീതും പിന്നീട് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിതരണ രേഖകളുടെ അഭാവത്തിൽ 33864 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ്-രേഖകളുടെ അഭാവത്തിൽ ₹ 1200000 ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നം-H2.17308/22

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നം. | 305/23 |
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ് |
| അടങ്കൽ ₹ 1200000 | ₹ 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹420000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹280000(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ്.₹ 1200000. | ₹ 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹420000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹280000(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ബിൽ നം/തീയ്യതി/ തുക | 146/22.11.2022/₹ 500000<br>(എ.സി.ആർ പ്രകാരം)<br>₹700000(420000+280000)PFMS-Payment Advice No.C122201855793/5.12.2022) |

പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) മേൽ പദ്ധതിയുടെ ഭാഗമായി 2021-മാർച്ച് മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ് ഇനത്തിൽ 1200000രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഹരിത കർമ്മസേന സ്ഥാപനങ്ങളിൽ നിന്നും, വീടുകളിൽ നിന്നും യൂസർഫീ ഈടാക്കിയ രസീതിന്റെ പകർപ്പ്, സ്റ്റോക്ക് രജിസ്റ്റർ, ഹരിത കർമ്മസേനയുടെ വരവ് ചെലവുകൾ രേഖപ്പെടുത്തിയ കാഷ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി 2021-22 സാമ്പത്തിക വർഷം നിർവഹണം നടത്താതെ 2022-23 സാമ്പത്തിക വർഷം പുതിയ പ്രോജക്ടായി നടത്തിയതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

(സി)മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/2022-23/17.1.2024) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 1200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-44 ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ നിന്ന് - ജി.എസ്.ടി ടി.ഡി .എസ് ഈടാക്കേണ്ടതാണ്.

(എ)

ഫയൽ നം.H2 1885/23

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 377/23, ബൊക്കാഷി ബക്കറ്റ് കമ്പോസ്റ്റ് ഇൻഡോർ കമ്പോസ്റ്റ്. |
| അടങ്കൽ ₹ 2543400 | ₹ 2289100(ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്)<br>₹ 254300 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് ₹ 2541800 | ₹ 2287620 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്)<br>₹ 254180 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/വൗച്ചർ നം/ തീയ്യതി/തുക | 466/23.3.2023. /₹ 2287620.<br>52201285/28.3.2023/₹ 254180. |

മാലിന്യ സംസ്കരണത്തിന് ബോക്കാഷി ബക്കറ്റ് കമ്പോസ്റ്റ് ഇൻഡോർ കമ്പോസ്റ്റ് യൂണിറ്റുകൾ നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ നിന്ന് സി.ജി.എസ്.ടി ആക്ട് **2017**, എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ബൊക്കാഷി ബക്കറ്റ് ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഒരെണ്ണത്തിന്റെ വില | വാങ്ങിച്ച ബൊക്കാഷി ബക്കറ്റിന്റെ എണ്ണം | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 12% | ജി.എസ്.ടി 12% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 2840 | 895 | 2269464 | 272336 | 2541800 |

മേൽ തുകയിൽ നിന്നും (2269464രൂപ) 2% ജി.എസ്.ടി ടി.ഡി .എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/2022-2/8.1.2024)പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനം ജി.എസ്.ടി ഫയൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

(ബി)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |

| | |
|---|---|
| | |
| പ്രോജക്ട് നമ്പർ, പേര് | 381/23, ബൊക്കാഷി ബക്കറ്റ് കസ്സീറ്റ് ഇൻഡോർ കമ്പോസ്റ്റ് അധിക വിഹിതം. |
| അടങ്കൽ ₹ 4661900. | ₹ 4195706 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്)<br>₹ 466194 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് ₹ 1360360. | ₹ 1224324 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്)<br>₹ 136036(ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/വൗച്ചർ നം/ തീയ്യതി/തുക | 530/29.3.2023. /₹ 1224324.<br>(എ സി ആർ പ്രകാരം)<br>52201315/29.3.2023/₹ 136036. |

സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1% SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ബൊക്കാഷി ബക്കറ്റ് ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഒരെണ്ണത്തിന്റെ വില | വാങ്ങിച്ച ബൊക്കാഷി ബക്കറ്റിന്റെ എണ്ണം | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 12% | ജി.എസ്.ടി 12% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 2840 | 479 | 1214607.14 | 145752.86 | 1360360 |

മേൽ തുകയിൽ നിന്നും (1214607.14രൂപ) 2% ജി.എസ്.ടി ടി.ഡി .എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/2022-23/8.1.2024)പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.24292 രൂപ ജി.എസ്.ടി ടി.ഡി .എസ് ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

(സി)

ഫയൽ നം-H2 2007/23.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 456/23,സ്കൂളുകൾ,അങ്കണവാടികൾ, പൊതുസ്ഥാപനങ്ങൾ എന്നിവയ്ക്ക് റിംഗ് കമ്പോസ്റ്റ്. |
| അടങ്കൽ | ₹ 431250<br>(വികസന ഫണ്ട്,പൊതുവിഭാഗം) |
| ചെലവ്. | ₹ 431250<br>((വികസന ഫണ്ട്,പൊതുവിഭാഗം) |

| | |
|---|---|
| ബിൽ നം/ തീയ്യതി/തുക | 458/23.3.2023./<br>₹ 431250.<br>(എസിആർ പ്രകാരം) |

സ്കൂൾ, അങ്കണവാടി, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യങ്ങൾ അനാരോഗ്യകരമായി വലിച്ചെറിയുന്നത് ഒഴിവാക്കി ശാസ്ത്രീയമായി സംസ്കരിച്ച് ജൈവവളം ആക്കി മാറ്റുന്നതിന് ബിന്നുകൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ നിന്ന് സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ SOCIO ECONOMIC UNIT FOUNDATION കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ റിംഗ് കമ്പോസ്റ്റിന്റെ ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഒരെണ്ണത്തിന്റെ വില | വാങ്ങിച്ച റിംഗ് കമ്പോസ്റ്റിന്റെ എണ്ണം | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 12% | ജി.എസ്.ടി 12% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 3750 | 115 | 385044.15 | 46205.3 | 431249.45 |

മേൽ തുകയിൽ നിന്നും (385044രൂപ) 2% ജി.എസ്.ടി ടി.ഡി .എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/2022-23/8.1.2024)പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 7701 രൂപ ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

(ഡി)

ഫയൽ നം.H2-10957/22.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ,പേര് | 15/23, ശുചീകരണ സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | ₹ 1035000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ് | ₹ 1034593 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ബിൽ നം/ തീയ്യതി/ തുക | 53/12.8.2022. /₹ 1034593.<br>(എസിആർ പ്രകാരം) |

സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ

അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ KERALA ARTISANS DEVELOPMENT CORPORATION LTD,കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ശുചീകരണ സാമഗ്രികളുടെ ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | തീയ്യതി. | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 18% | ജി.എസ്.ടി 18% ഉൾപ്പെടെയുള്ള ആകെ തുക ₹ |
|---|---|---|---|---|
| DDO/22-23/6 | 10.8.2022 | 153300 | 27594 | 180894 |
| DDO/22-23/5 | 3.8.2022. | 723474 | 130225 | 853699 |

മേൽ തുകയിൽ നിന്നും (876774രൂപ) 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കി ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2022-2/8.1.2024)പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 17535 രൂപ ജി.എസ്.ടി ടി.ഡി .എസ് ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-45 വനിതാ വ്യായാമ കേന്ദ്രത്തിന് വ്യായാമ ഉപകരണങ്ങൾ-₹226778 ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നമ്പർ.M.S-13044/2021.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ. |
| പ്രോജക്ട് നം,പേര് | 22/23, വനിതാ വ്യായാമ കേന്ദ്രത്തിന് വ്യായാമ ഉപകരണങ്ങൾ (സ്പിൽ ഓവർ) |
| അടങ്കൽ | ₹453556(വികസന ഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | ₹453556(വികസന ഫണ്ട് -പൊതുവിഭാഗം) |
| ബിൽ നം/തീയ്യതി/ തുക | 15/04-06-2022/₹453556 (എ.സി.ആർ പ്രകാരം) |

പദ്ധതിയുടെ ഭാഗമായി വെള്ളൂർ, കോറോം എന്നീ വാർഡുകളിൽ 226778/- രൂപ വീതം വിലയുള്ള വ്യായാമ ഉപകരണങ്ങൾ രണ്ട് വ്യായാമ കേന്ദ്രങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) പ്രസ്തുത വ്യായാമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയതിന് ശേഷമാണോ വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(ബി) പദ്ധതിയുടെ ഭാഗമായി 23.3.2022-ലെ Invoice No.369 പ്രകാരം 453561 രൂപ ചെലവഴിച്ച് ASSIM DESIGNING & INTERIORS, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിച്ച വ്യായാമ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ കൈപ്പറ്റ് രസീത് സഹിതം ഹാജരാക്കിയിട്ടില്ല.

(സി) സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ASSIM DESIGNING & INTERIORS, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ വ്യായാമ ഉപകരണങ്ങളുടെ ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിച്ച വ്യായാമ ഉപകരണങ്ങളുടെ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 18% | ജി.എസ്.ടി 18% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|
| 384374 | 69187 | 453561 |

മേൽ തുകയിൽ നിന്നും (384374) 2% ജി.എസ്.ടി, ടി.ഡി .എസ് ഈടാക്കാത്തതിന്റെ കാരണം അറിയിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/2022-23/11.1.2024) വെള്ളൂർ(വാർഡ്-2)-ൽ പ്രവർത്തിക്കുന്ന വ്യായാമ കേന്ദ്രത്തിന് വൈദ്യുതി ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യം ഒരുക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും, വ്യായാമ ഉപകരണങ്ങൾ കൈപ്പറ്റിയതിന് വാർഡ് കൗൺസിലറുടെ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടുണ്ടെന്നും, കോറോത്ത് (വാർഡ്-6)-ലെ പ്രവർത്തിക്കുന്ന വ്യായാമ കേന്ദ്രത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായും. കൂടാതെ7687രൂപ ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പയ്യന്നൂർ നഗരസഭയുടെ കോറോത്തെ (വാർഡ്-6) വ്യായാമ കേന്ദ്രം 16.01.2024 ന് പരിശോധിച്ചപ്പോൾ പ്രസ്തുത വ്യായാമ കേന്ദ്രത്തിന് അനുവദിച്ചിട്ടുള്ള 226778 രൂപയുടെ ഉപകരണങ്ങൾ ഉപയോഗിക്കാതെ കോറോം സാംസ്കാരിക കേന്ദ്രത്തിൽ കൂട്ടിയിട്ടിരിക്കുന്നതായാണ് കാണാൻ സാധിച്ചത്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പദ്ധതി നിർവ്വഹിച്ചതിന്റെ ഭാഗമായി നാളിതുവരെയായും പദ്ധതിക്ക് ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാലും, ട്രെഡ്മിൽ, സ്പിൻ ബൈക്ക്, ട്വിസ്റ്റർ മുതലായ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് സ്ഥാപനം ഹാജരാക്കാത്തതിനാലും 226778 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനം ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും, വ്യായാമ കേന്ദ്രം പ്രവർത്തന സജ്ജമാക്കിയതിന്റെയും സ്ഥാപനം ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-46 വിധവകൾക്ക് ഭവന റിപ്പയർ മൂല്യനിർണ്ണയം നടത്തിയ രേഖകളുടെ

**അഭാവത്തിൽ -₹50000 ചെലവ് തടസ്സപ്പെടുത്തുന്നു.**

ഫയൽ നം-M.S.5915/2021.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ. |
| പ്രോജക്ട് നം,പേര് | 525/23, വിധവകൾക്ക് ഭവന റിപ്പയർ. |
| അടങ്കൽ | ₹50000 (തനത് ഫണ്ട് ) |
| ചെലവ് | ₹50000 (തനത് ഫണ്ട് ) |
| ബിൽ നം/തീയ്യതി/ തുക | 540/31.3.2023/₹50000.<br>(എ.സി.ആർ.പ്രകാരം) |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള ലക്ഷ്മി.എൻ.എം (വാർഡ് നം.33.കെട്ടിട നമ്പർ 75) എന്ന ഗുണഭോക്താവിന് ആദ്യഗഡുവായ 50000 രൂപ 10.1.2022-ൽ അനുവദിച്ചിട്ടുണ്ട്. മുകളിൽ പരാമർശിച്ച ബിൽ പ്രകാരം രണ്ടാം ഗഡുവായ 50000 രൂപ അനുവദിച്ചപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമായ മൂല്യ നിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.34/2022-23/11.1.2024) രേഖകൾ ലഭ്യമാക്കുന്നതിന് നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിശദമായ മൂല്യ നിർണ്ണയം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് -രേഖകൾ ഹാജരാക്കിയിട്ടില്ല- ₹203920ചെലവ് തടസ്സപ്പെടുത്തുന്നു.

കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് എന്ന പ്രോജക്ടിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ. |
| പ്രോജക്ട് നം,പേര് | 21/23, കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് (സ്പിൽ ഓവർ) |
| അടങ്കൽ | ₹300000 (വികസനഫണ്ട്-ജനറൽ ) |
| ചെലവ് | ₹203920(വികസന ഫണ്ട്-ജനറൽ ) |
| ബിൽ നം/തീയ്യതി/ തുക | 44/ 20-07-2022/₹203920.<br>(എ.സി.ആർ പ്രകാരം) |

മേൽ പദ്ധതിയുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/11.01.2024, ഓഡിറ്റ് റിക്വിസിഷൻ നം. 09/04.01.2024) മറുപടി ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 203920 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-48 ബാലസഭാ ശാക്തീകരണം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ₹ 77660

**യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഫയൽ നമ്പർ-M.S.32/2022.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ. |
| പ്രോജക്ട് നം, പേര് | 282/23, ബാലസഭാ ശാക്തീകരണം. |
| അടങ്കൽ | ₹210000(വികസന ഫണ്ട് ) |
| ചെലവ് | ₹143660(വികസന ഫണ്ട് ) |
| ബിൽ നം/തീയ്യതി/ തുക | 499/28.3.2023/₹143660.<br>(എ.സി.ആർ പ്രകാരം) |

മേൽ പ്രോജക്ടിന്റെ ഭാഗമായി പയ്യന്നൂർ നഗരസഭ 2022-23 സാമ്പത്തിക വർഷത്തെ ബാലസഭാ ശാക്തീകരണത്തിനായി എ.ഡി.എസ്, സി.ഡി.എസ് തലത്തിൽ നടത്തിയ സംഗമ പരിപാടികൾക്ക് 87025 രൂപ, ഫുട്ബോൾ പരിശീലനത്തിനായി ഉപകരണങ്ങളും,ജഴ്സിയും വാങ്ങിച്ചതിന് 22235 രൂപ, ഫുട്ബോൾ പരിശീലകനുള്ള വേതനയിനത്തിൽ 20000 രൂപ,പരിശീലന വേളയിൽ കുട്ടികൾക്ക് ഭക്ഷണം നൽകിയ വകയിൽ 14400 രൂപ എന്നിങ്ങനെ ആകെ 143660 രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ)സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ-തീയ്യതി.28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ (ഖണ്ഡിക 7.7.10(1)-ൽ ബാലസഭാ പ്രവർത്തനങ്ങൾക്ക് നഗരസഭകൾക്ക് വാർഡ് ഒന്നിന് 1500 രൂപയാണ് നൽകേണ്ടത്. ഇതുപ്രകാരം 44 വാർഡുകൾ ഉള്ള പയ്യന്നൂർ നഗരസഭയ്ക്ക് ബാലസഭാ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിക്കാവുന്ന തുക 66000 രൂപയാണ്. എന്നാൽ ബാലസഭാ ശാക്തീകരണ പരിപാടിയുടെ ഭാഗമായി 143660 രൂപ ചെലവഴിച്ചിട്ടുണ്ട്. 77660രൂപ അധികമായി ചെലവഴിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/11.01.2024) DPC-യുടെ അംഗീകാരം ലഭിച്ചതു പ്രകാരമാണ് മേൽ തുക ചെലവഴിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 77660രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 പി എം എ വൈ ലൈഫ് പദ്ധതി വിഹിതം വിതരണം ചെയ്തതിലെ അപാകങ്ങൾ.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ. |
| പ്രോജക്ട് നമ്പർ, പേര് | 252/23, സമ്പൂർണ്ണഭവനപദ്ധതി പി എം എ വൈ ലൈഫ് പദ്ധതി വിഹിതം |
| അടങ്കൽ | ₹14470000വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവ് | ₹14470000 |
| ബിൽ നം/തീയ്യതി/ തുക. | 93/15.9.2022/₹7500000<br>165/6.12.2022/₹6970000<br>(എ.സി.ആർ.പ്രകാരം) |

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 380/23, സമ്പൂർണ്ണഭവനപദ്ധതി പി എം എ വൈ ലൈഫ് എസ് സി വിഹിതം |
| അടങ്കൽ | ₹6498115<br>വികസനഫണ്ട്- SCP |
| ചെലവ് | ₹5948115 |
| ബിൽ നം/തീയ്യതി/ തുക | 103/3.10.2022/₹5100000<br>121/25.10.2022/₹848115.<br>(എ.സി.ആർ.പ്രകാരം) |

പി എം.എ വൈ യുമായി ബന്ധപ്പെട്ട നഗരസഭാ വിഹിതത്തിന്റെ വരവ് ചെലവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് താഴെപറയും വിധത്തിലുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

| വർഷം | പ്രോജക്ട് നം. | നഗരസഭാവിഹിതം വരവ് ₹ | നഗരസഭാവിഹിതം ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| 2022-23 | 380/23 | 5948115 | 4855000. | 1093115 |
| 2022-23 | 252/23 | 14470000 | 8775000. | 5695000 |
| ആകെ | | 20418115 | 13630000 | 6788115 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
മേൽ പദ്ധതിയുടെ ഭാഗമായുള്ള തുക ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്യാതെ സെക്രട്ടറിയുടെ 07450100123 എന്ന ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന് ശേഷം വിതരണം ചെയ്തതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/15.1.2024). ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടം പൂർത്തീകരിക്കുന്ന മുറയ്ക്ക്, ആയത് ജിയോടാഗ് ചെയ്യുകയും, എഞ്ചിനിയറിംഗ് വിഭാഗം അംഗീകരിക്കുകയും ചെയ്തതിനുശേഷം മേൽ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുകയാണെന്നും മേൽ പദ്ധതിയിൽ പറയുന്ന ഭവന നിർമ്മാണം അതാത് സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കി ധനസഹായം അനുവദിക്കാൻ സാധിക്കാത്തതിനാലും ഓരോ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുക മുഴുവനായും ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ കഴിയുന്നതിനാലുമാണ് ഇപ്രകാരം ചെയ്യുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. സർക്കാരിന്റെ 12.04.2006 ലെ ജി.ഒ(പി) 177/2006/ഫിൻ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തുക പിൻവലിച്ച് ഒരു മാസത്തിനുള്ളിൽ വിനിയോഗിക്കാത്ത തുക തിരിച്ചടക്കണമെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാതെ പദ്ധതിപ്പണം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള രണ്ട് പദ്ധതികളിലും കൂടി 6788115 രൂപ ചെലവഴിക്കാതെ ബാക്കിയുണ്ട്. കൂടാതെ ട്രഷറിയിൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കുന്ന രീതിയിൽ ഭാവിയിൽ പദ്ധതിപ്പണം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-50 എ.ബി.സി.പ്രോഗ്രാം നഗരസഭാ വിഹിതം-വിനിയോഗസാക്ഷ്യപത്രം _ ഹാജരാക്കേണ്ടതാണ് - 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ,പേര് | 141/23,എ.ബി.സി.പ്രോഗ്രാം നഗരസഭാ വിഹിതം<br>(സ്പിൽ ഓവർ) |
| അടങ്കൽ | ₹ 200000(തനത് ഫണ്ട്) |
| ചെലവ്. | ₹ 200000(തനത് ഫണ്ട്) |

| | |
|---|---|
| ബിൽ നം/തീയ്യതി/തുക | 291/20.2.2023/₹ 200000 (എ.സി.ആർ പ്രകാരം) |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) മേൽ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ 7990114000000958 എന്ന അക്കൗണ്ട് നമ്പറിൽ 200000രൂപ അനുവദിച്ചിട്ടുണ്ട് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(ബി) നഗരസഭ നൽകിയ ₹2,00,000 വിനിയോഗിച്ച് ജില്ലാ പഞ്ചായത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കി എന്ന് വിശദമായി രേഖപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.49/17.1.2024) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നഗരസഭ നൽകിയ ₹2,00,000 വിനിയോഗിച്ച് ജില്ലാ പഞ്ചായത്ത് എന്തൊക്കെ പദ്ധതികൾ നടപ്പാക്കി എന്ന് വിശദമായി രേഖപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടും, വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-51 കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്കുള്ള സഹായം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം പയ്യന്നൂർ നഗരസഭയുടെ പരിധിയിലുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്കുള്ള സഹായം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ (സാമൂഹ്യനീതി) |
| പ്രൊജക്ട് നമ്പർ / പേര് | 193/23 , കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്കുള്ള സഹായം |
| അടങ്കൽ | ₹250000 (വികസനഫണ്ട് ) |
| ബിൽ നം./തീയ്യതി/ തുക (ACR പ്രകാരം) | 144/18.11.22/₹250000 |

കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം കൈമാറുന്നതാണ് പദ്ധതി. ഉപകരണങ്ങളുടെ മെയിന്റനൻസിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് (A/C No. 701011400000134) അഞ്ച് കുട്ടികൾക്ക് 50000 രൂപ വീതം ₹250000 നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കോക്ലിയാർ ഇംപ്ലാന്റ് ഉപകരണങ്ങൾക്ക് സമയബന്ധിതമായ പരിപാലനം ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് 9.1.24 ന് നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ ഇത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ 250000 രൂപ വിനിയോഗിക്കാൻ ബാക്കിയുണ്ടെന്നാണ് അറിയിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും പ്രോജക്ടിലുൾപ്പെടുത്തിയ കുട്ടികൾക്ക് മേൽ ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പു വരുത്തിയിട്ടില്ലാത്തതിനാലും 250000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പ്രയോജനം ലഭ്യമാകേണ്ട കുട്ടികൾക്ക് ആയത് ലഭിച്ചു എന്നുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-52 അങ്കണവാടി പോഷകാഹാര വിതരണം,വയോജനങ്ങൾക്ക ് പ്രോട്ടീൻ മിക്സ് -ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1). അങ്കണവാടി പോഷകാഹാരം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 16/23 |
| അടങ്കൽ<br>₹10000000 | ₹7500000 വികസന ഫണ്ട്<br>₹2500000 കേന്ദ്രാവിഷ്കൃതഫണ്ട് |
| ചെലവ്<br>₹10000000 | ₹7500000 വികസന ഫണ്ട്<br>₹2500000 കേന്ദ്രാവിഷ്കൃതഫണ്ട് |
| ബിൽ നം./തീയ്യതി/ തുക (ACR പ്രകാരം) | 17/7.6.22/1383602<br>27/22.6.22/686809<br>28/22.6.22/1482420<br>59/23.8.221378067<br>141/17.11.22/872435<br>142/17.11.22/1082078<br>143/17.11.22/158565<br>227/25.1.23/452019<br>448/21.3.23/4005<br>(റിക്വസിഷൻ നമ്പർ)<br>3022016201220004/11.7.22/238284<br>3022016201220005/19.8.22/24806<br>3022016201220009/25.10.22/98221<br>3022016201220018/25.1.23/449366<br>3022016201220021/21.3.23/126094<br>3022016201220022/22.3.23/681219<br>3022016201220023/22.3.23/567894<br>3022016201220024/22.3.23/314116 |

(എ)സി.ജി.എസ്.ടി ആക്ട് **2017,** എസ്.ജി.എസ്.ടി ആക്ട് **2017** എന്നിവയിലെ വകുപ്പ് **51(1)** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1% SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പയ്യന്നൂർ നഗരസഭയിലെ 68 അങ്കണവാടികൾക്കായി ഭാഗ്യശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ₹93130 ജി എസ് ടി ടി.ഡി.എസ് (GST – ₹46565 + SGST- ₹46565) നടത്തിയിട്ടില്ല.

| ഇൻവോയ്സ് നമ്പർ/തീയതി | അളവ് (കി.ഗ്രാം) | തുക(രൂപ) (70/കി ഗ്രാം + 5% ജി എസ് ടി) | ജി.എസ്.ടി ഒഴികെയുള്ള തുക |
|---|---|---|---|
| 129/9.12.21 | 5116.500 | 376062 | 358155 |
| 130/5.1.22 | 5028.750 | 369613 | 352013 |
| 134/10.2.23 | 5035.500 | 370109 | 352485 |
| 139/17.3.22 | 4988.250 | 366636 | 349178 |
| 143/7.4.22 | 4525.875 | 332651 | 316811 |
| 147/10.5.22 | 4151.250 | 305116 | 290588 |
| 152/21.6.22 | 4164.750 | 306109 | 291533 |
| 154/20.7.22 | 3952.125 | 290481 | 276649 |
| 158/16.8.22 | 3692.250 | 271380 | 258458 |
| 162/12.9.22 | 3648.375 | 268155 | 255386 |
| 164/1.10.22 | 3641.625 | 267659 | 254914 |
| 168/1.11.22 | 3564 | 261954 | 249480 |
| 177/1.12.22 | 3634.875 | 267163 | 254441 |
| 179/11.1.23 | 3793.500 | 278822 | 265545 |
| 182/1.2.23 | 3823.875 | 281054 | 267671 |
| 186/14.3.23 | 3759.750 | 276382 | 263183 |
| ആകെ | 66521.25 | 4889346 | 4656490 |

2).വയോജനങ്ങൾക്ക് പ്രോട്ടീൻ മിക്സ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 195/23 |
| അടങ്കൽ | ₹800000<br>(വികസനഫണ്ട് ) |
| ചെലവ് | ₹772134<br>(വികസനഫണ്ട് ) |
| ബിൽ നം./തീയ്യതി/തുക (ACR പ്രകാരം) | 325/27.2.23/₹239280<br>326/27.2.23/₹262877<br>327/27.2.23/₹269977<br>ആകെ – 772134 |

ഭാഗ്യശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ പ്രോട്ടീൻ മിക്സിന്റെ ബില്ലിൽ നിന്നും ₹10811 (CGST – ₹5405.5 + SGST – ₹5405.5) ജി എസ് ടി ടി.ഡി.എസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/ തീയതി | അളവ് (കി.ഗ്രാം) | തുക(രൂപ) (95/കി ഗ്രാം + 5% ജി എസ് ടി) | ജി.എസ്.ടി ഒഴികെയുള്ള തുക |
|---|---|---|---|
| 179/29.12.22 | 2393 | 239280 | 167510 |
| 180/തീയതി രേഖപ്പെടുത്തിയിട്ടില്ല | 2629 | 262877 | 184030 |
| 181/തീയതി രേഖപ്പെടുത്തിയിട്ടില്ല | 2700 | 269977 | 189000 |
| ആകെ | 7722 | 772134 | 540540 |

ജി എസ് ടി-ടി ഡി എസ് കുറവു ചെയ്യാതെ തുക നല്കിയത് സംബന്ധിച്ച് 9.1.24 ന് നൽകിയ 24 & 25 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടിയായി കുടുംബശ്രീ ഗവൺമെന്റ് സ്ഥാപനമായതിനാൽ ഒഴിവാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ഒഴിവാക്കിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല. അമൃതം ന്യൂട്രിമിക്സിന്റെ ബില്ലിൽ നിന്നും ടി.ഡി.എസ് ഈടാക്കേണ്ടതാണ്.

## 1-53 സ്ത്രീ പദവി പഠനം ശാക്തീകരണം ബോധവൽക്കരണം - തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹14757 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ്ത്രീ പദവി പഠനം ശാക്തീകരണം ബോധവൽക്കരണം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ (വനിതശിശുവികസനം) |
| പ്രോജക്ട് നമ്പർ / പേര് | 336/23 സ്ത്രീ പദവി പഠനം ശാക്തീകരണം ബോധവൽക്കരണം |
| അടങ്കൽ | ₹100000 വികസന ഫണ്ട് |

| | |
|---|---|
| ചെലവ് | ₹14757 വികസന ഫണ്ട് |
| ബിൽ നം/തീയതി/ തുക ( A.C.R പ്രകാരം) | 481/27.3.23/₹14757 |

പയ്യന്നൂർ നഗരസഭയിലെ സ്ത്രീകളുടെ പദവി പഠനം നടത്തി നഗരസഭ സ്ത്രീ സൗഹൃദമാക്കുന്നതിന് നടത്തേണ്ടുന്ന പ്രവർത്തനം തിരിച്ചറിയുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിച്ച് സ്ത്രീകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി പരിഹാരമാർഗങ്ങൾ നടപ്പിലാക്കാനുമാണ് പ്രൊജക്ട് തയ്യാറാക്കിയത്. ബാനറിന് ₹500 യും ക്ലാസ് എടുത്തവർക്കുള്ള പ്രതിഫലമായി ₹4500 യും ഭക്ഷണച്ചെലവ്, സ്റ്റേഷനറി എന്നിവയ്ക്ക് ₹9757 യും ഉൾപ്പെടെ ആകെ ₹14757 യാണ് ചെലവഴിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തല പഠന സംഘങ്ങളുടെയും തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെയും വിവര ശേഖരണം, വിശകലനം തുടങ്ങിയ സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റെയും റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് 9.1.24ന് നൽകിയ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 44 വാർഡുകളിലേയും വിവരശേഖരണം പൂർത്തിയായി ക്രോഡീകരണവും വിശകലനവും നടന്നുകൊണ്ടിരിക്കുന്നുണ്ടെന്നും അന്തിമ റിപ്പോർട്ട് മാർച്ച് മാസത്തോടെ പ്രസിദ്ധീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ചെലവു തുകയായ 14757 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-54 മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ-158542രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ , പേര് | 196/23, മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| അടങ്കൽ | ₹168000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹158542 |
| ബിൽ നം/തീയ്യതി/തുക (എ.സി.ആർ പ്രകാരം) | 495/28.3.23/₹60397<br>511/28.3.23/₹98145 |

മത്സ്യത്തൊഴിലാളികളുടെ സ്കൂൾ വിദ്യാർത്ഥികളായ മക്കൾക്ക് നൽകുവാനായി 21 മേശകളും കസേരകളും 158542 ചെലവഴിച്ച് ആർട്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. (വില @4937+18%ജി എസ് ടി - മേശയ്ക്കും , @1461+18% ജി എസ് ടി കസേരയ്ക്കും). പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ ഉ (എം എസ്) 115/22 /എൽ എസ് ജി ഡി തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി , ധനസഹായം , അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.3.2 ൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്(വിദ്യാർത്ഥികൾക്ക്) തടികൊണ്ട് നിർമ്മിച്ച മേശയും കസേരയും വാങ്ങി നല്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിനായി എത്ര തുക ചെലവഴിക്കാം

എന്ന് വ്യക്തമാക്കിയിട്ടില്ല. പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ഇതേ ഫർണ്ണിച്ചർ വാങ്ങി നല്കുന്നതിനായി 5000 രൂപയും പട്ടിക വർഗ്ഗത്തിൽ പെട്ടവർക്ക് വാങ്ങി നല്കാൻ 6000 രൂപയും പരിധി നിശ്ചയിച്ചിരുന്നു (ഖണ്ഡിക 7.2.6) എന്നിരിക്കെ കൃത്യമായ നിരക്ക് സംബന്ധിച്ച വ്യക്തത വരുന്നതിന് മുമ്പ് പദ്ധതി നടപ്പിലാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2.താഴെ പറയുന്ന വിദ്യാർത്ഥികളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡുകളിൽ പ്രസ്തുത വിദ്യാർത്ഥികൾ ഉൾപ്പെടുന്നില്ല.

1) മാളവിക ആർ.ടി – റേഷൻ കാർഡ് അപേക്ഷയുടെയൊപ്പം ഹാജരാക്കിയിട്ടില്ല.
2) വൈഷ്ണവി – 2383035524 (റേഷൻ കാർഡ് നമ്പർ)
3)സായി രണദീപ് രവി – 2383030658(റേഷൻ കാർഡ് നമ്പർ)
4) നിരഞ്ജന കെ.സി – 2383044952(റേഷൻ കാർഡ് നമ്പർ)
5) അക്ഷര എ.കെ – 2365003653(റേഷൻ കാർഡ് നമ്പർ)

മേൽ അപാകങ്ങൾ സംബന്ധിച്ച് 19.1.24 ന് നൽകിയ 57ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 158542 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മറുപടി /രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-55 മുറ്റത്തൊരു മീൻതോട്ടം -പദ്ധതി അപാകങ്ങൾ -

പദ്ധതിയുടെ ഭാഗമായി 12 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ആകെ 96000 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രൊജക്ട് നമ്പർ / പേര് | 197/23 മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ 400000 | ₹160000 (വികസന ഫണ്ട് )<br>₹240000 (മറ്റുള്ളവ) |
| ചെലവ് | ₹96000 (വികസന ഫണ്ട് ) |
| ബിൽ നം/തീയ്യതി/തുക (എ.സി.ആർ പ്രകാരം) | 289/20.2.23/24000<br>311/22.2.23/32000<br>351/6.3.23/32000<br>386/9.3.23/8000 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി.28.05.22 ഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത നഗരസഭ പ്രയോജനപ്പെടുത്തിയിട്ടില്ല.

2. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി. 28.05.22 ഖണ്ഡിക 13 A(7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി പൂർത്തീകരണ ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ സ്ഥലം നേരിട്ട് പരിശോധന നടത്തി പദ്ധതി പൂർത്തീകരണ റിപ്പോർട്ട് / പദ്ധതി നിർവ്വഹണം സാധൂകരിക്കുന്ന രേഖ,

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

4. ഗുണഭോക്താക്കൾ മേൽ പ്രോജക്ടിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും മത്സ്യകുഞ്ഞുങ്ങളെ ലഭ്യമായിട്ടുള്ളത് സംബന്ധിച്ച വിവരങ്ങളോ/രേഖകളോ ഫയലിൽ ലഭ്യമല്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് 19.1.24 ന് നൽകിയ 62ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-56 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യഭ്യാസ ജില്ല -പദ്ധതി പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷം ഹെഡ് മാസ്റ്റർ, ജി.എൽ.പി സ്കൂൾ വെള്ളൂർ നടപ്പിലാക്കിയ പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യഭ്യാസ ജില്ല എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി സ്കൂൾ വെള്ളൂർ |
| പ്രോജക്ട് നം,പേര് | 374/23 പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യഭ്യാസ ജില്ല |
| അടങ്കൽ | ₹300000 |
| ചെലവ് | ₹91400 |
| ബിൽ നം/തീയ്യതി/തുക (എ.സി.ആർ പ്രകാരം) | 516/28.3.23/₹91400 |

മേൽ പദ്ധതി പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷന് തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| റഫറൻസ് നമ്പർ/ തീയ്യതി (കണ്ണൂർ ജില്ലാ സാക്ഷരതാ മിഷൻ) | തുക നൽകിയ വിവരം (A/C NO) | ഇനം | ബാച്ച് നമ്പർ | കുട്ടികളുടെ എണ്ണം | പരീക്ഷാഫീസ് | ആകെ തുക |
|---|---|---|---|---|---|---|
| E3-1910/23/ KSLMA 8.6.23 | 02880100113107 | പത്താം ക്ലാസ്സ് തുല്യത | 16 | 12 | 1750 | 1750x12=21000 |
| E4-1909/23/ KSLMA 19.6.23 | 57026996123 | ഹയർ സെക്കണ്ടറി | 6 | 26 | 2200 | 2200x26=57200 |

| | | | | | | |
|---|---|---|---|---|---|---|
| | | തുല്യത | 7 | 6 | 2200 | 2200x6=13200 |

പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹാജരാക്കേണ്ടത് സംബന്ധിച്ച് 12.1.24 ന് നൽകിയ 39ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പത്താംതരം തുല്യതയുടെ കാലാവധി മൂന്ന് വർഷവും ഹയർ സെക്കണ്ടറിക്ക് രണ്ട് വർഷവും ആയതിനാൽ മേൽ പറഞ്ഞിരിക്കുന്നവരുടെ കോഴ്സുകൾ പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-57 ഗവ.ബോയ്സ് സ്കൂളിലെ മാത്തമാറ്റിക്സ് ലാബിലേക്ക് കമ്പ്യൂട്ടർ - പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

2022-23 വർഷം ഹെഡ് മാസ്റ്റർ, ഹൈസ്കൂൾ .നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം,പേര് | 275/23 ഗവ.ബോയ്സ് സ്കൂളിലെ മാത്തമാറ്റിക്സ് ലാബിലേക്ക് കമ്പ്യൂട്ടർ |
| അടങ്കൽ | ₹1200000 |
| ചെലവ് | ₹1118220 |
| ബിൽ നം/തീയ്യതി/ തുക (എ.സി.ആർ പ്രകാരം) | 309/21.2.23/1118220 |

മേൽ പ്രോജക്ട് പ്രകാരം ഗവ.ബോയ്സ് സ്കൂളിലെ മാത്തമാറ്റിക്സ് ലാബിലേക്ക് 30 കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിന് 1118220/- നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയായും 30 ലാപ് ടോപ്പുകളും പൂർണ്ണതോതിൽ ഉപയോഗിച്ച് ലാബ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. 25 എണ്ണത്തിന് മാത്രമാണ് ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടുള്ളതെന്നും 5എണ്ണം കവർ പൊളിക്കാതെ ലാബിൽ സൂക്ഷിച്ചതായും 16-01-2024 ന് നടത്തിയ പ്രാദേശികപരിശോധനയിൽ കാണുകയുണ്ടായി.നിലവിൽ ഡെസ്ക്ടോപ്പ് ഉള്ള ലാബിൽ 30 ലാപ് ടോപ്പുകളുടെ ആവശ്യകത നിർണ്ണയം നടത്തിയിരുന്നോയെന്നും നിശ്ചയിക്കപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് തന്നെയാണ് ലഭ്യമായതെന്ന് ഉറപ്പുവരുത്തിയിരുന്നോയെന്നും അറിയിക്കേണ്ടത് സംബന്ധിച്ച് 17.1.24 ന് നൽകിയ 48ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലാബിലെ ഡെസ്ക്ടോപ്പുകൾ പലതും പ്രവർത്തന രഹിതവും വാറണ്ടി പിരീഡ് കഴിഞ്ഞതുമായതുകൊണ്ട് ആവശ്യകത നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പർച്ചേസ് നടത്തിയതെന്നും പ്രൊജക്ടിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷൻ പ്രാകാരമുള്ള ലാപ്ടോപ്പുകൾ തന്നെയാണ് വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. കൊമേഴ്സിന്റെ കമ്പ്യൂട്ടർ ലാബിലാണ് ഗണിതലാബ് പ്രവർത്തിക്കുന്നതെന്നും സ്ഥല സൗകര്യം ലഭ്യമായാൽ അടുത്ത അധ്യായന വർഷം പ്രത്യേകം മാത്തമാറ്റിക്സ് ലാബ് പ്രവർത്തിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗണിതലാബിൽ ലാപ്ടോപ്പ് പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-58 പ്രൈമറി വിദ്യാലയങ്ങൾക്ക് പ്രഭാതഭക്ഷണം- കരാറുകാരന് തുക നൽകുന്നതിന് പകരം ഹെഡ് മാസ്റ്ററുടെ അക്കൗണ്ടിൽ തുക നൽകിയതിലെ അപാകം

ഹെഡ് മാസ്റ്റർ, ഹൈസ്കൂൾ .നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൈമറി വിദ്യാലയങ്ങൾക്ക് പ്രഭാതഭക്ഷണം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിക്കുകയുണ്ടായി.

| | | |
|---|---|---|
| പ്രോജക്ട് | 284/23 പ്രൈമറി | 155/23 പ്രൈമറി |

| നം,പേര് | വിദ്യാലയങ്ങൾക്ക് പ്രഭാതഭക്ഷണം | വിദ്യാലയങ്ങൾക്ക് പ്രഭാതഭക്ഷണം (സ്പിൽ ഓവർ) |
|---|---|---|
| അടങ്കൽ | ₹1750000 | ₹224260 |
| ചെലവ് | ₹1744300 | ₹224260 |
| ബിൽ നം/ തീയ്യതി/തുക (എ.സി.ആർ പ്രകാരം) | 122/18.10.22/387540<br>113/20.10.22/382280<br>157/26.11.22/179560<br>328/28.2.23/550620<br>413/16.3.23/244300 | 1/25.4.22/224260 |

മേൽ പ്രകാരം 5 വിദ്യാലയങ്ങളിലെ (ജി.എൽ.പി.എസ് പയ്യന്നൂർ, ജി.എഫ്.എൽ.പി.എസ് കവ്വായി, ജി.എൽ.പി.എസ് മണിയറ, ജി.എം.എൽ.പി.എസ് പെരുമ്പ, ജി.എം.എൽ.പി.എസ്,വെള്ളൂർ) കുട്ടികൾക്കായി പ്രഭാതഭക്ഷണം നൽകുന്നതിനായി അതാത് സ്കൂൾ ഹെഡ് മാസ്റ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് തുക ക്രെഡിറ്റ് ചെയ്യുന്നത്. ഇപ്രകാരം ക്രെഡിറ്റ് ചെയ്യുന്ന തുക അതാത് സ്കൂൾ ഹെഡ് മാസ്റ്റർമാർ പിൻവലിച്ച് (Self Cheque) കാഷ് ബുക്കിൽ രേഖപ്പെടുത്താതെ പണമായി കരാറുകാരന് നൽകുകയാണ് ചെയ്യുന്നത്. നിർവഹണഉദ്യോഗസ്ഥൻ കരാറുകാരന് നേരിട്ട് തുക അനുവദിക്കാതിരിക്കുവാനുള്ള കാരണം സംബന്ധിച്ച് 17.1.24 ന് നൽകിയ 47ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർന്നുള്ള വർഷങ്ങളിൽ കരാറുകാരന് നേരിട്ട് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമെന്നും അതാത് ഹെഡ് മാസ്റ്റർമാരുടെ അക്കൗണ്ടിലൂടെ സെൽഫ് ചെക്ക് വഴി പിൻവലിച്ച തുക കാഷ് ബുക്കിൽ വരവ് വെക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-59 ഗ്രന്ഥാലയങ്ങൾക്ക് ആനുകാലികങ്ങൾ – തുക അനുവദിച്ചതിലെ അപാകം

ഗ്രന്ഥാലയങ്ങൾക്ക് ആനുകാലികങ്ങൾ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി സ്കൂൾ വെള്ളൂർ |
| പ്രോജക്ട് നം,പേര് | 278/23 ഗ്രന്ഥാലയങ്ങൾക്ക് ആനുകാലികങ്ങൾ |
| അടങ്കൽ | ₹200000 |
| ചെലവ് | ₹184000 |
| ബിൽ നം/തീയ്യതി/തുക (എ.സി.ആർ പ്രകാരം) | 446/21.3.23/₹184000 |

മേൽ പദ്ധതി പ്രകാരം 46 ഗ്രന്ഥാലയങ്ങൾക്ക് ആനുകാലികങ്ങൾ വാങ്ങുന്നതിനായി 184000 രൂപ ചെലവഴിച്ചിട്ടുണ്ട് (46x4000). ആനുകാലികങ്ങൾ ഗ്രന്ഥാലയങ്ങളിൽ സപ്ലൈ ചെയ്യുന്ന വ്യക്തിക്ക് തുക അനുവദിക്കുന്നതിന് പകരം 46 ഗ്രന്ഥാലയങ്ങളുടെ അക്കൗണ്ടുകളിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടത് സംബന്ധിച്ച് 12.1.24 ന് നൽകിയ 38ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വരും വർഷങ്ങളിൽ ആനുകാലികങ്ങൾ വിതരണം ചെയ്യുന്ന വ്യക്തിക്ക് തന്നെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ആനുകാലികങ്ങൾ വിതരണം ചെയ്യുന്ന വ്യക്തിക്ക് തന്നെ തുക അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-60 ഗവ.താലൂക്ക് ആശുപത്രി പയ്യന്നൂർ -ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്.

2013 ലെ മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ മുനിസിപ്പാലിറ്റിയുടെ ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെയും സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്നും ഓഡിറ്റ് റിപ്പോർട്ട് മെമ്പർ സെക്രട്ടറിക്കും കൗൺസിലിനും നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം).ലഭ്യമായ രേഖകൾ പ്രകാരം ആശുപത്രി, പയ്യന്നൂർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2014-15 വർഷം വരെയുള്ള വാർഷികകണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഗവ.താലൂക്ക് ആശുപത്രി, പയ്യന്നൂർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2015-16 വർഷം മുതലുള്ള വാർഷിക വരവു ചെലവ് കണക്കുകൾ സംബന്ധിച്ച വരവ്-ചെലവ് പത്രിക സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വേണ്ടി അയച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് 12.1.24 ന് നൽകിയ 37ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ ആശുപത്രി കെട്ടിടം പൊളിച്ച് മാറ്റിയതിനാലും ആ കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ സ്ഥലം മാറി പോയതിനാലുമാണ് 2015-16 വർഷം മുതലുള്ള വാർഷിക വരവു ചെലവ് കണക്കുകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് നൽകാതിരുന്നതെന്നും ആയത് എത്രയും പെട്ടന്ന് തയ്യാറാക്കി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-61 ലെറ്റർ ഓഫ് ആക്സ്പറ്റൻസ് (LOA) പ്രകാരമുള്ള ഇൻഷ്വറൻസ് കവറേജ് എടുത്തിട്ടില്ലാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.8415/- രൂപയുടെ നഷ്ടം.

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിനുള്ള പ്രൈസ് -3 സോഫ്റ്റവെയർ പ്രകാരമുള്ള ലെറ്റർ ഓഫ് ആക്സ്പറ്റൻസിലെ വ്യവസ്ഥകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിലെ ഓരോ പ്രവൃത്തിക്കുമുള്ള ഇൻഷ്വറൻസ് കവറേജ് (കരാർ തുകയുടെ 0.5%,മിനിമം 2,00,000/- മാക്സിമം 5,00,000/-) പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.ഇതു സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | കരാർ തുക | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ |
|---|---|---|---|
| കോറോം വില്ലേജിലെ വിവിധ അംഗനവാടികളുടെ അറ്റകുറ്റപ്പണികൾ<br>ഫയൽ നമ്പർ-E3-10133/22<br>(പ്രോജക്ട് നമ്പർ-4/23,മെയിന്റനൻസ് ഫണ്ട്-റോഡ് ,അടങ്കൽ-400000/-<br>1)വൗച്ചർ നമ്പർ-82/13-01-2023-384229 | 355333 | രാമചന്ദ്രൻ.കെ | 711 |
| ബൈപ്പാസ് റോഡ് റീ ടാറിംഗ് | 1613613 | റനീഷ് റെർമൽ | 3227 |

| | | | |
|---|---|---|---|
| ഫയൽ നമ്പർ-E2-16089/22<br>പ്രോജക്ട് നമ്പർ-395/23, ധനകാര്യകമ്മീഷൻ അവാർഡ് ,അടങ്കൽ-2000000/-<br>1)വൗച്ചർ നമ്പർ-87-PFMS-1871802 | | | |
